2024
ജനുവരി
10
ബുധൻ

# അന്വേഷി

INDEPENDENT NEWS DAILY

Email: anveshinews11@gmail.com ■ തിരുവനന്തപുരം ■ കൊല്ലം ■ കോഴിക്കോട് ■ RNI NO. 5184, Vol - 4, Issue - 87 ■ വില: 8.50 ■ പേജ് : 08

2 സ്ത്രീധന പീഡന പരാതിയിൽ അടയിരിക്കരുത്: നിയമസഭാസമിതി

8 ഗ്ലോബൽ സയൻസ് ഫെസ്റ്റിവലിൽ ചൊവ്വയേയും ചന്ദ്രനെയും കാണാം

# ലക്ഷദ്വീപിൽ പുതിയ വിമാനത്താവളം

## ● സൈനിക വിമാനങ്ങൾക്കും സൗകര്യമൊരുക്കും



ന്യൂഡൽഹി: ലക്ഷദ്വീപിൽ പുതിയ വിമാനത്താവളം നിർമിക്കാനുള്ള പദ്ധതിയുമായി കേന്ദ്ര സർക്കാർ. മിനിക്കോയ് ദ്വീപാണ് ഇതിനുവേണ്ടി പരിഗണിക്കുന്നത്. ലക്ഷദ്വീപിന്റെ വിനോദ സഞ്ചാര മേഖലയെ അഭിവൃദ്ധിപ്പെടുത്തുകയാണ് പ്രധാനമായി സർക്കാർ ലക്ഷ്യമിടുന്നതെങ്കിലും യുദ്ധവിമാനങ്ങൾ ഉൾപ്പെടെയുള്ള സൈനിക വിമാനങ്ങൾക്കും യാത്രാവിമാനങ്ങൾക്കും പറന്നിറങ്ങാനും പറന്നുയരാനുമുള്ള സൗകര്യം വിമാനത്താവളത്തിലുണ്ടാകും. സൈനികവാണിജ്യ വ്യോമഗതാഗതം സാധ്യമാകുന്ന വിമാനത്താവളമായിരിക്കും മിനിക്കോയിൽ നിർമിക്കുന്നതെന്ന് സർക്കാർ വൃത്തങ്ങളെ ഉദ്ധരിച്ച് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

മിനിക്കോയ് ദ്വീപിൽ വിമാനത്താവളം നിർമിക്കാനുള്ള നിർദേശങ്ങൾ നേരത്തെ തന്നെ കേന്ദ്രസർക്കാരിന് മുന്നിലുണ്ടെങ്കിലും സൈനിക ആവശ്യങ്ങൾക്കു കൂടി ഉപയോഗപ്പെടുന്ന വിധത്തിൽ വ്യോമത്താവളം നിർമിക്കാനുള്ള തീരുമാനം സർക്കാർ അടുത്തിടെയാണ് കൈക്കൊണ്ടത്. പദ്ധതി സർക്കാരിന്റെ പ്രാഥമിക പരിഗണനകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും നിർമാണം സംബന്ധിച്ചുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്നുമാണ് ഔദ്യോഗിക വിവരം.

ലക്ഷദ്വീപിൽ വ്യോമത്താവളം വരുന്നതിലൂടെ അറബിക്കടൽ, ഇന്ത്യൻ മഹാസമുദ്രം തുടങ്ങിയ സമുദ്ര മേഖലകളിലെ സൈനിക നിരീക്ഷണം കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമെന്നാണ് വിലയിരുത്തൽ. പ്രതിരോധ മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന കോസ്റ്റ് ഗാർഡിന്റെ ഭാഗത്തുനിന്നാണ് മിനിക്കോയിൽ വ്യോമത്താവളം നിർമിക്കാനുള്ള നിർദേശം ആദ്യമുയർന്നത്. മിനിക്കോയിലേക്കു കൂടി പ്രവർത്തനം വ്യാപിപ്പിക്കാനുള്ള നടപടികൾ ഇന്ത്യൻ വ്യോമസേന ആരംഭിച്ചുകഴിഞ്ഞു.നിലവിൽ അഗത്തിയിലാണ് ദ്വീപിൽ വിമാനത്താവളമുള്ളത്. എന്നാൽ സൗകര്യങ്ങൾ പരിമിതമായതിനാൽ എല്ലാതരത്തിലുള്ള വിമാനങ്ങൾക്കും അഗത്തിയിൽ ഇറങ്ങാനാകില്ല.

പുതിയ വിമാനത്താവളത്തിന്റെ നിർമാണം പൂർത്തിയാകുന്നതിനോടൊപ്പം നിലവിലുള്ള വിമാനത്താവളത്തിന്റെ വികസനപ്രവർത്തനങ്ങളും നടത്തും. ഇതിലൂടെ ദ്വീപിന്റെ വിനോദസഞ്ചാര മേഖലയുടെ വികസനവും സാധ്യമാകും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തിനുശേഷമാണ് മിനിക്കോയ് ദ്വീപ് കൂടുതലായി ശ്രദ്ധ നേടിയത്. അതിനിടെ, മാലദ്വീപിലെ മന്ത്രിമാരടക്കം സന്ദർശനത്തെ വിമർശിച്ചത് കടുത്ത പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു.



ജേണലിസം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായുള്ള ദ്വിദിന പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിയമസഭ സ്പീക്കർ എ എൻ ഷംസീർ നിർവഹിക്കുന്നു

## നിക്ഷേപ സമാഹരണം സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം : നിക്ഷേപസമാഹരണ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം സഹകരണവകുപ്പ് മന്ത്രി വി. എൻ വാസവൻ ഇന്ന് നിർവ്വഹിക്കും. രാവിലെ 11 ന് ജവഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ആന്റണി രാജു എം എൽ എ അദ്ധ്യക്ഷനായിരിക്കും.

പി എ സി എസ് അസോസിയേഷൻ പ്രസിഡന്റ് വി. ജോയി എം.എൽ.എ, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായർ, കേരളബാങ്ക് പ്രസിഡന്റ് ഗോപീകോട്ടമുറിക്കൽ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി ഐ എ എസ്, സഹകരണ സംഘം രജിസ്ട്രാർ ടി വി സുഭാഷ് ഐ എ എസ്, ആഡിറ്റ് ഡയറക്ടർ ഷെറിൻ എം. എസ്, തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ രാഖി രവികുമാർ തുടങ്ങിയവർ സംസാരിക്കും. സഹകരണനിക്ഷേപം നവകേരള നിർമ്മിതിക്കായി എന്ന മുദ്രാവാക്യവുമായി നടത്തുന്ന 44ാമത് നിക്ഷേപ സമാഹരണത്തിൽ ലക്ഷ്യമിടുന്നത് 9,000 കോടി രൂപയാണ്. സഹകരണവായ്പ മേഖലയിലെ നിക്ഷേപം വർധിപ്പിക്കുക യുവജനങ്ങളെ സഹകരണ ബാങ്കുകളിൽ അംഗങ്ങളാക്കുക, ഒരു വീട്ടിൽ നിന്ന് ഒരു പുതിയ അക്കൗണ്ട് എന്നിവ ഈ കാമ്പയിനിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്. ഫെബ്രുവരി 10 വരെയാണ് നിക്ഷേപ സമാഹരണം നിശ്ചയിച്ചിരിക്കുന്നത്. പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ 7250 കോടി, കേരള ബാങ്ക് വഴി 1,750 കോടി, സംസ്ഥാന സഹകരണ കാർഷികവികസന ബാങ്കിലൂടെ 150 കോടിയാണ് എന്നിങ്ങനെയാണ് ലക്ഷ്യമിടുന്നത്.

## ഇന്ത്യയുടെ ബഹിഷ്കരണം; കൂടുതൽ സന്ദർശകരെ അയക്കണമെന്ന് ചൈനയോട് അഭ്യർഥിച്ച് മാലദ്വീപ് പ്രസിഡന്റ്

ബെയ്ജിങ്: മാലദ്വീപിലേക്ക് കൂടുതൽ സഞ്ചാരികളെ അയക്കാനുള്ള ശ്രമം ശക്തമാക്കണെന്ന് ചൈനയോട് അഭ്യർഥിച്ച് മാലദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ മാലദ്വീപ് മന്ത്രിമാർ ആക്ഷേപകരമായ പരാമർശങ്ങൾ നടത്തിയതിന് പിന്നാലെ മാലദ്വീപിന്റെ ടൂറിസം രംഗത്തിന് തിരിച്ചടി നേരിട്ടിരുന്നു. നിരവധി ഇന്ത്യൻ സഞ്ചാരികൾ മാലദ്വീപിലേക്കുള്ള യാത്ര റദ്ദാക്കിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് മാലദ്വീപ് പ്രസിഡന്റ് ചൈനയുടെ സഹായം തേടിയത്.

അഞ്ചു ദിവസം നീണ്ട ചൈന സന്ദർശനത്തിനിടെ ഫുജിയാൻ പ്രവശ്യയിൽ മാലദ്വീപ് ബിസിനസ് ഫോറം അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മുയിസു. ചൈന മാലദ്വീപിന്റെ ഏറ്റവും അടുത്ത സഖ്യകക്ഷിയാണെന്നും അദ്ദേഹം പറഞ്ഞു.

'ചൈന ഞങ്ങളുടെ ഏറ്റവും അടുത്ത സഖ്യകക്ഷികളിലും വികസന പങ്കാളികളിലും ഒന്നാണ്. കോവിഡിനു മുൻപ് മാലദ്വീപിന്റെ ഏറ്റവും വലിയ മാർക്കറ്റുകളിലൊന്നായിരുന്നു ചൈന. ഈ സ്ഥാനം വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ ചൈന ശക്തമാക്കണമെന്നാണ് എന്റെ അഭ്യർഥന'. അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യക്കും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കുമെതിരെ ചില മാലദ്വീപ് മന്ത്രിമാരുടെ ആക്ഷേപകരമായ പരാമർശങ്ങൾ ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്രത്തിൽ വിള്ളലുകൾ വീഴ്ത്തിയിരുന്നു. ബോളിവുഡ് സെലിബ്രിറ്റികൾ ഉൾപ്പെടെ മാലദ്വീപിനെതിരെ രംഗത്തെത്തി. മാലദ്വീപിന് പകരം മനോഹരമായ ലക്ഷദ്വീപിനെ യാത്രക്കായി തിരഞ്ഞെടുക്കണമെന്നും സോഷ്യൽ മീഡിയയിൽ ബോളിവുഡ് താരങ്ങൾ പോസ്റ്റുകൾ പങ്കുവെച്ചു. പിന്നാലെ നിരവധി ഇന്ത്യൻ യാത്രികർ ഹോട്ടലുകളുടേയും വിമാന ടിക്കറ്റുകളുടേയും ബുക്കിങ് റദ്ദാക്കി.

## ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക് വിറ്റാൽ കർശന നടപടി: മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം : ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ വിൽക്കുന്ന ഫാർമസികൾക്കും മെഡിക്കൽ സ്റ്റോറുകൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ സംസ്ഥാനത്ത് ഓപ്പറേഷൻ അമൃത് എന്ന പേരിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം പരിശോധനകൾ ശക്തമായി ആരംഭിക്കുന്നു. കുറിപ്പടിയില്ലാതെ ഏതെങ്കിലും ഫാർമസികൾ ആന്റിബയോട്ടിക്കുകൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 18004253182 എന്ന ടോൾ ഫ്രീ നമ്പർ മുഖേന പൊതുജനങ്ങൾക്കും വിവരം നൽകാവുന്നതാണ്. പൊതുജനങ്ങളും മരുന്ന് വ്യാപാരികളും എ.എം.ആറിനെപ്പറ്റി അവബോധമുള്ളവരാകണമെന്നും മന്ത്രി വ്യക്തമാക്കി. മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

ആഗോള വ്യാപകമായി ആരോഗ്യ രംഗം അഭിമുഖീകരിക്കുന്ന വലിയൊരു ആരോഗ്യ പ്രതിസന്ധിയാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് അഥവാ എ.എം.ആർ. ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം രോഗാണുക്കൾ ആന്റിബയോട്ടിക്കുകൾക്കെതിരെ പ്രതിരോധ ശേഷി കൈവരിക്കുന്നതിനെയാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് എന്ന് പറയുന്നത്. അശാസ്ത്രീയമായി ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നത് മൂലം ആരോഗ്യ ദുരന്തം ഉണ്ടാകും. ലോകാരോഗ്യ സംഘടന എ.എം.ആറിനെ വിശേഷിപ്പിച്ചത് നിശബ്ദ മഹാമാരി എന്നാണ്. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

ആരോഗ്യ വകുപ്പ് എ.എം.ആറിനെതിരെ നേരത്തെ തന്നെ സംസ്ഥാനത്ത് പ്രവർത്തനം ശക്തമാക്കിയിരുന്നു. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി എല്ലാ ജില്ലകളിലും ബ്ലോക്കുകളിലും എഎംആർ കമ്മിറ്റികൾ സംസ്ഥാനം രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്ത് ഇതുവരെ 40 ആശുപത്രികളാണ് കാർസ്നെറ്റ് ശൃംഖലയിൽ വന്നിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളേയും ഈ ശൃംഖലയുടെ ഭാഗമാക്കി മാറ്റുക എന്നുള്ളതാണ് ആരോഗ്യ വകുപ്പ് ലക്ഷ്യം വെച്ചിരിക്കുന്നത്. എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാൻ ലക്ഷ്യം വയ്ക്കുന്നു. ഈ കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ കക്കോടി, ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രങ്ങൾ രാജ്യത്തെ ആദ്യത്തെ രണ്ട് ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളായി മാറിയതായും മന്ത്രി വ്യക്തമാക്കി. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ്, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജീവൻ ബാബു, ആയുഷ് മിഷൻ ഡയറക്ടർ ഡോ. സജിത് ബാബു, എന്നിവർ പങ്കെടുത്തു.

## രാഹുൽ മാങ്കൂട്ടത്തിലിന് ജാമ്യമില്ല; 22 വരെ റിമാൻഡിൽ

തിരുവനനന്തപുരം: സെക്രട്ടറിയേറ്റ് മാർച്ചിനിടെയുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിലിന് ജാമ്യം നിഷേധിച്ച് കോടതി. ജനുവരി 22 വരെ രാഹുലിനെ റിമാൻഡ് ചെയ്തു. തിരുവനന്തപുരം വഞ്ചിയൂർ കോടതിയാണ് ജാമ്യം നിഷേധിച്ചത്. ചൊവ്വാഴ്ച രാവിലെയായിരുന്നു രാഹുലിന്റെ അറസ്റ്റ്.

രാഹുലിന് കാര്യമായ ആരോഗ്യപ്രശ്നങ്ങളില്ലെന്ന മെഡിക്കൽ റിപ്പോർട്ടിന് പിന്നാലെയാണ് റിമാൻഡ് ചെയ്യാനുള്ള കോടതി തീരുമാനം. കോടതി നിർദേശപ്രകാരം രാഹുൽ മാങ്കൂട്ടത്തിലിന്റെ മെഡിക്കൽ പരിശോധന വീണ്ടും നടത്തിയിരുന്നു. ആരോഗ്യ പ്രശ്നങ്ങളുണ്ടെന്നും ചികിത്സയിലായിരുന്നുവെന്നും രാഹുൽ കോടതിയെ അറിയിച്ചതിനെ തുടർന്നായിരുന്നു നിർദേശം. കസ്റ്റഡിയിലെടുക്കുന്നതിന് മുമ്പുള്ള ആരോഗ്യ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തണമെന്ന് കോടതി നിർദേശിച്ചിരുന്നു. കേസിനാസ്പദമായ സംഭവത്തിൽ പരിക്കേറ്റ് രാഹുൽ ചികിത്സയിൽ കഴിഞ്ഞിരുന്നു. ഇക്കാര്യത്തിൽ മെഡിക്കൽ വിവരങ്ങൾ പരിശോധിക്കാനായിരുന്നു കോടതി നിർദേശം.




തന്റെയിടം പദ്ധതിയിലൂടെ നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെയും ഫ്ലാറ്റുകളുടെയും താക്കോൽ മന്ത്രി കെ. രാജനിൽ നിന്നും മന്ത്രി വീണാ ജോർജ് ഏറ്റുവാങ്ങുന്നു

## കെറെറ ത്രൈമാസ പുരോഗതി സമർപ്പിക്കാത്ത 101 പദ്ധതികൾക്ക് നോട്ടീസ്

തിരുവനന്തപുരം : മൂന്നാം ത്രൈമാസ പുരോഗതി റിപ്പോർട്ട് (ക്വാർട്ടർലി പ്രോഗ്രസ് റിപ്പോർട്ട്) ഓൺലൈനായി സമർപ്പിക്കാത്ത 101 റിയൽ എസ്റ്റേറ്റ് പദ്ധതികൾക്ക് കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (കെറെറ) കാരണം കാണിക്കൽ നോട്ടീസ് അയച്ചു. മൂന്നാം ത്രൈമാസ പുരോഗതി സമർപ്പിക്കാനുള്ള അവസാനതീയതി 2024 ജനുവരി ഏഴ് ആയിരുന്നു. അതിനു ശേഷവും പുരോഗതി സമർപ്പിക്കാത്ത 101 പദ്ധതികളാണ് ഉള്ളത്. ആകെ 547 പദ്ധതികളാണ് ത്രൈമാസ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടിയിരുന്നത്. അവയിൽ 446 പദ്ധതികളുടെ ത്രൈമാസ പുരോഗതി കെറെറ പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്. വീഴ്ച വരുത്തിയിട്ടുള്ള 101 പദ്ധതികൾക്കാണ് കെറെറ നോട്ടീസ് അയച്ചിട്ടുള്ളത്. കഴിഞ്ഞ ത്രൈമാസത്തിൽ 64 ശതമാനം പദ്ധതികൾ കൃത്യസമയത്ത് റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ഇത്തവണ 82 ശതമാനം പദ്ധതികളും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കെറെറ നിയമപ്രകാരം ത്രൈമാസ പുരോഗതി റിപ്പോർട്ട് ഉപഭോക്താക്കൾക്കും പ്രൊമോട്ടർമാർക്കുമിടയിലെ സുതാര്യത ഉറപ്പു വരുത്തുന്ന പ്രധാന ഘടകമാണ്. കെറെറ വെബ്സൈറ്റ് വഴി ത്രൈമാസ പുരോഗതി റിപ്പോർട്ട് ലഭിക്കുക എന്നത് റിയൽ എസ്റ്റേറ്റ് പദ്ധതികളിൽ നിന്ന് യൂണിറ്റുകൾ വാങ്ങാനുദ്ദേശിക്കുന്നവരുടെ അവകാശവും കൂടിയാണ്.



*ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരളയുടെ ഭാഗമായി കനകക്കുന്നിൽ സംഘടിപ്പിച്ച മ്യൂസിയം ഓഫ് ദ മൂൺ കാണാനെത്തിയവരുടെ തിരക്ക്.*

# ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരള; ജിഎസ്എഫ്കെയിലെത്തിയാൽ ചൊവ്വയേയും ചന്ദ്രനെയും കാണാം

തിരുവനന്തപുരം:2023 ഡിസംബർ അഞ്ചിനു വൈകിട്ട് ഏഴു മണിക്കാണ് കനകക്കുന്നിൽ കൈയ്യെത്തും ദൂരത്ത് പൂർണ ചന്ദ്രനുദിച്ചത്. ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരളയുടെ പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മ്യൂസിയം ഓഫ് ദ മൂൺ കാണാൻ ഒരു ലക്ഷത്തിലധികം പേരാണ് അന്ന് കനകക്കുന്നിൽ എത്തിയത്. നേരിട്ടും അല്ലാതെയും ആ ചന്ദ്രനെക്കണ്ട ഭൂരിപക്ഷം പേർക്കും അതൊരു കൗതുകക്കാഴ്ചയായിരുന്നു. അതേ കൗതുകക്കാഴ്ച വീണ്ടും കാണാനുള്ള അവസരമാണ് ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരളയിൽ ഒരുങ്ങുന്നത്. ഫെസ്റ്റിവലിനെത്തുന്നവർക്ക് ചന്ദ്രനോടൊപ്പം ചൊവ്വയേയും കൈയ്യെത്തും ദൂരത്ത് വിശദമായി കാണാം.

ബ്രിട്ടിഷുകാരനായ ലൂക്ക് ജെറമിന്റെ മ്യൂസിയം ഓഫ് ദ മൂൺ, ദ മാർസ് എന്നീ ഇൻസ്റ്റലേഷനുകളാണ് ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരളയിലെ പ്രധാന ആകർഷണങ്ങളിലൊന്ന്. നാസയുടെ ലൂണാർ റെക്കനൈസൻസ് ഓർബിറ്റർ ക്യാമറ എന്ന ഉപഗ്രഹ ക്യാമറ പകർത്തിയ ചന്ദ്രന്റെ ചിത്രങ്ങൾ കൂട്ടിച്ചേർത്ത് 120 ഡിപിഐ റെസല്യൂഷനിൽ പ്രിന്റ് ചെയ്താണ് ലൂക് ജെറം മ്യൂസിയം ഓഫ് ദ മൂൺ തയാറാക്കിയത്. ഭൂമിയിൽ നിന്നു നോക്കുമ്പോൾ യഥാർഥ ചന്ദ്രന്റെ ഒരു വശം മാത്രമാണ് കാണാൻ സാധിക്കുക.

എന്നാൽ ഏഴു മീറ്റർ വ്യാസമുള്ള മ്യൂസിയം ഓഫ് ദ മൂൺ ചന്ദ്രന്റെ എല്ലാ വശത്തുനിന്നുള്ള കാഴ്ചകളും കാണിച്ചുതരുന്നു എന്നതും പ്രത്യേകതയാണ്. ബാഫ്റ്റ പുരസ്കാരം നേടിയ സംഗീതജ്ഞൻ ഡാൻ ജോൺസ് ചിട്ടപ്പെടുത്തിയ പശ്ചാത്തല സംഗീതത്തോടെയാണ് ജിഎസ്എഫ്കെയിൽ മ്യൂസിയം ഓഫ് ദ മൂൺ പ്രദർശിപ്പിക്കുക. നാസയുടെ ഉപ്രഹ ക്യാമറകൾ ചിത്രീകരിച്ച ചിത്രങ്ങൾ ഉപയോഗിച്ച് ഏഴു മീറ്റർ വ്യാസത്തിൽ തന്നെയാണ് ദ മാർസ് എന്ന ഇൻസ്റ്റലേഷനും തയാറാക്കിയിട്ടുള്ളത്.

മ്യൂസിയം ഓഫ് ദ മൂണിന്റെ ഓരോ സെന്റീമീറ്റർ ഭാഗവും യഥാർഥ ചന്ദ്രോപരിതലത്തിന്റെ അഞ്ചു കിലോമീറ്റർ ഭാഗത്തെയാണ് ഉൾക്കൊള്ളുന്നത്. യഥാർഥ ചൊവ്വയുടെ ഒരു മില്യൺ മടങ്ങ് ചെറുതാണ് ദ മാർസ് ഇൻസ്റ്റലേഷൻ. ദ മാർസ് ഇൻസ്റ്റലേഷനിൽ ചൊവ്വയുടെ ഉപരിതലത്തിലെ 10 കിലോമീറ്റർ ഭാഗമാണ് ഒരു സെന്റീമീറ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെയുള്ള ഒരു മാസക്കാലം ചൂർണ ചന്ദ്രനേയും ചൊവ്വയേയും അടുത്തു കാണാനും അവയെക്കുറിച്ചു പഠിക്കാനും മനസിലാക്കാനുമുള്ള അവസരമാണ് ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരളയിൽ ഒരുങ്ങുന്നത്.

## ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ കൂറ്റൻ ചില്ലുപാലത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു

തിരുവനന്തപുരം: ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ കൂറ്റൻ ചില്ലുപാലത്തിന്റെ നിർമ്മാണം പുരോഗതിയിൽ. അഡ്വഞ്ചർ പാർക്കിൽ 75 അടി ഉയരത്തിൽ നിർമിക്കുന്ന ഈ ചില്ലുപാലം ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യും. ചില്ലുപാലത്തിലൂടെ നടക്കുമ്പോൾ വിള്ളൽ വീഴുന്ന തരത്തിലാണ് നിർമ്മാണം.

പാലത്തിലെ ചില്ലിൽ സ്ഥാപിച്ചിട്ടുള്ള എൽഇഡി സ്ക്രീനിന്റെ സഹായത്തോടെയാണ് വിള്ളൽ വീഴുന്ന കാഴ്ച സൃഷ്ടിക്കുന്നത്. ചില്ല് പാളി തകരുന്നതുപോലുള്ള ശബ്ദവുമുണ്ടാകും. പാലത്തിൽ കൃത്രിമ മഞ്ഞും ചാറ്റൽ മഴയും സൃഷ്ടിക്കാനും സംവിധാനമുണ്ട്. മൂന്ന് ഇരുമ്പ് തൂണുകളുടെയും നിർമാണം പൂർത്തിയായി. അടുത്തയാഴ്ചയോടെ ഗ്ലാസ് പിടിപ്പിക്കുന്ന ജോലികൾ ആരംഭിക്കും. ഫെബ്രുവരിയിൽ ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് ചില്ലുപാലം നാടിന് സമർപ്പിക്കും.

ഫെബ്രുവരി 14ന് ഉദ്ഘാടനം നടത്താനാണ് ആലോചിക്കുന്നത്. 75 മീറ്ററാണ് നീളം. ടൂറിസ്റ്റ് വില്ലേജിലെ വെള്ളച്ചാട്ടം മുതൽ എയർഫോഴ്സ് മ്യൂസിയം വരെയാണ് പാലം നിർമ്മിക്കുന്നത്. 2022 നവംബറിലാണ് ആക്കുളം സാഹസിക വിനോദ സഞ്ചാര പദ്ധതിയുടെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്തത്. രണ്ടാംഘട്ട പദ്ധതികളുടെ ഭാഗമായാണ് പാലം വരുന്നത്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും യുവജന സഹകരണ സ്ഥാപനമായ വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രണേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും ചേർന്നാണ് നടത്തിപ്പും പരിപാലനവും.

## ലോ അക്കാദമിയിൽ സംഘർഷം

തിരുവനന്തപുരം: ലോ അക്കാദമിയിൽ എസ്എഫ്ഐ എബിവിപി സംഘർഷം. സംഭവത്തിൽ നാല് വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. എസ്എഫ്ഐ പ്രവർത്തക അമേയ, എബിവിപി പ്രവർത്തകരായ അദ്വൈത്, ശ്രീതു, രേഷ്മ എന്നിവർക്കാണ് പരിക്കേറ്റത്. ഇവർ വിവിധ ആശുപത്രികളിൽ ചികിത്സതേടി.

കോളജിൽ വച്ച് റാഗ് ചെയ്തുവെന്ന് പരാതി നൽകിയതിന്റെ വിരോധത്തിൽ അർജുൻ എന്ന വിദ്യാർത്ഥിയുടെ മാതാവിനെ എസ്എഫ്ഐ പ്രവർത്തകർ മർദിച്ചതാണ് സംഘർഷത്തിന് തുടക്കമെന്ന് എബിവിപി ആരോപിച്ചു.

ഹൈക്കോടതി അഭിഭാഷകയും മഹിളാ മോർച്ച ആലപ്പുഴ ജില്ലാ ജനറൽ സെക്രട്ടറിയുമായ നിഷ പ്രവിനെ(40) മർദിച്ചുവെന്നാണ് ആരോപണം. തുടർന്ന്, ഇരു സംഘടനകളുടെയും പ്രവർത്തകർ ഏറ്റുമുട്ടുകയായിരുന്നു. അതേസമയം, നിഷ തന്നെ ഭീഷണിപ്പെടുത്തുകയും പിടിച്ചുതള്ളുകയും മുഖത്തടിക്കുകയും ചെയ്തുവെന്നും തുടർന്നാണ് സംഘർഷമുണ്ടായതെന്നും എസ്എഫ്ഐ യൂണിറ്റ് ജോയിന്റ് സെക്രട്ടറിയായ അമേയ പറഞ്ഞു.

## ജീവൻരക്ഷാ ഉപകരണങ്ങൾക്ക് വൈദ്യുതി സൗജന്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു

തിരുവനന്തപുരം: ജീവൻ രക്ഷാ ഉപകരണങ്ങൾക്ക് വൈദ്യുതി സൗജന്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന എയർ ബെഡ്, സക്ഷൻ ഉപകരണം, ഓക്സിജൻ കോൺസൺ!!!!ട്രേറ്റർ തുടങ്ങിയ ജീവൻ രക്ഷാ ഉപകരണങ്ങൾക്കുള്ള വൈദ്യുതി കെഎസ്ഇബി സൗജന്യമായി നൽകുന്നുണ്ട്. ജീവൻ രക്ഷാ ഉപകരണങ്ങൾക്ക് വേണ്ട മുഴുവൻ വൈദ്യുതിയും സൗജന്യമായാണ് നൽകുക. ഈ ആനുകൂല്യം ലഭിക്കാൻ നേരത്തെ 200 രൂപയുടെ മുദ്രപ്പത്രത്തിലുള്ള സത്യവാങ്മൂലം സമർ!!പ്പിക്കേണ്ടിയിരുന്നു. ഇതിന് പകരം ഇനി മുതൽ വെള്ളകടലാസിൽ സത്യവാങ്മൂലം നൽകിയാൽ മതി.

പ്രതിമാസം വേണ്ട വൈദ്യുതി എത്രയാണെന്ന് പ്രസ്തുത ഉപകരണങ്ങളുടെ വോൾട്ടേജ്, ഉപയോഗിക്കുന്ന മണിക്കൂറുകൾ എന്നിവ അടിസ്ഥാനമാക്കി അസിസ്റ്റന്റ് എൻജിനീയർ കണക്കാക്കും. ആറ് മാസത്തേക്കായിരിക്കും ഇളവ് അനുവദിക്കുന്നത്. അതിനു ശേഷം, ജീവൻ രക്ഷാ സംവിധാനം തുടർന്നും ആവശ്യമാണെന്ന സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റിൻ!!!മേൽ ഇളവ് വീണ്ടും അനുവദിക്കും.

## പ്രേംനസീർ ചിത്രഗീത പ്രശ്നോത്തരി 16ന്

തിരുവനന്തപുരം: പ്രേംനസീർ അഭിനയിച്ച ചിത്രങ്ങളിലെ ഗാനങ്ങൾ ഉൾപ്പെടുത്തി സിനിമാ പിആർഒ റഹിം പനവൂർ നയിക്കുന്ന പ്രേംനസീർ ചിത്രഗീത പ്രശ്നോത്തരി 16ന് നടക്കും. 16ന് വൈകിട്ട് നാല് മണിക്ക് തിരുവനന്തപുരം തൈക്കാട് ഭാരത് ഭവൻ തിരുമുറ്റത്ത് വച്ചാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് പ്രേംനസീർ സുഹൃത് സമിതി സെക്രട്ടറി തെക്കൻ സ്റ്റാർ ബാദുഷ അറിയിച്ചു. പ്രേംനസീറിന്റെ 35ാം ചരമ വാർഷികത്തോടനുബന്ധിച്ചാണ് പ്രശ്നോത്തരി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9633452120.

# നിർമ്മൽ ചിട്ടി തട്ടിപ്പ്; സ്വത്തുകളുടെ കൈമാറ്റം അസാധുവാകും: സമരസമിതി

പാറശാല: നിർമ്മൽ ചിട്ടി തട്ടിപ്പ് കേസിൽ കോടതിയെ മറച്ചുവച്ചുള്ള സ്വത്തുക്കളുടെ കൈമാറ്റം അസാധുവാകുമെന്ന് സമരസമിതി. നിക്ഷേപക തട്ടിപ്പിലൂടെ ആയിരക്കണക്കിന് നിക്ഷേപകരുടെ കോടികളുമായി മുങ്ങിയ പലുകൽ നിർമ്മൽ ചിട്ടി ഫണ്ട് ഉടമ നിർമ്മലന്റെയും കൂട്ടുപ്രതികളുടെയും പേരിലുള്ള കേരളത്തിലെ ഭൂമി ഉൾപ്പെടെയുള്ള സ്വത്തുക്കൾ അനധികൃതമായി കൈമാറ്റം ചെയ്ത നടപടികൾക്ക് നിയമസാധുത ഇല്ലെന്ന കാരണത്താൽ തന്നെ അസാധുവാകുമെന്നതാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. തട്ടിപ്പിനെതിരെ നിക്ഷേപകരുടെ സമരസമിതി സർക്കാരിന് സമർപ്പിച്ച പരാതികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ 2023 നവംബർ 25ന് തന്നെ ധനകാര്യ സെക്രട്ടറിയുടെ ഓർഡറുകളനുസരിച്ച് കേസിൽ ബഡ്സ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരുന്നു.ബഡ്സ് നിയമ പ്രകാരം സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ നിർമ്മലന്റെയും ബിനാമികളുടെയും ഉടമസ്ഥതയിലുള്ള വസ്തു വകകൾ ഏറ്റെടുക്കുന്നതിനായി കോടതി മുഖേന നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ അവ കൈമാറ്റം ചെയ്യുന്നത് തടഞ്ഞുകൊണ്ട് കേരളത്തിലെ എല്ലാ ഉന്നത പൊലീസ് ഓഫിസർമാർ, രജിസ്ട്രേഷൻ ഇൻപെക്ടർമാർ, സഹകരണ രജിസ്ട്രാർമാർ, ആർടിഒ, റവന്യു വകുപ്പുകളിലെ ഉന്നത അധികാരികൾ എന്നിവർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. അതുകൊണ്ട് തന്നെ ബഡ്സ് നടപടികളെ മറച്ചുവച്ചുകൊണ്ട് നടന്നിട്ടുള്ള വസ്തുക്കളുടെ കൈമാറ്റ നടപടികൾക്കും സാധുത ഉണ്ടായിരിക്കുന്നതല്ലെന്നാണ് നിയമജ്ഞർ പറയുന്നത്. ഒരു കല്യാണ മണ്ഡപം, തിരുവനന്തപുരത്ത് കരമനയിലും ശാസ്തമംഗലത്തുമായുള്ള 121 സെന്റ് വസ്തു, കഴക്കൂട്ടത്തെ എക്സ്പോർട്ട് കമ്പനി എന്നിവ കൈമാറ്റം ചെയ്തവയിൽ ഉൾപ്പെടുന്നു.

തട്ടിപ്പ് കേസ് ബഡ്സ് നിയമങ്ങളുടെ പരിധിയിലായത് അറിഞ്ഞതിനെ തുടർന്നാണ് കോടതി ഉത്തരവുകളെ പോലും മറച്ച് വച്ച് ധൃതിപിടിച്ച് നൂറ് കോടിയിലേറെ വിലവരുന്ന വസ്തുവകൾ നിസാര വിലക്ക് മറിച്ച് വിൽക്കാൻ പ്രതികൾ തയ്യാറായത്. നിർമ്മൽ ചിട്ടിഫണ്ടിലെ നിക്ഷേപകരായ സമരസമിതിയിലെ അംഗങ്ങൾ ചേർന്ന് നേരത്തെ തന്നെ സംസ്ഥാന സർക്കാരിന് സമർപ്പിച്ച പരാതികളെ തുടർന്നാണ് നിക്ഷേപക തട്ടിപ്പിനെ കേന്ദ്ര സർക്കാരിന്റെ 2019 ലെ ബഡ്സ് നിയമങ്ങൾക്ക് വിധേയമാക്കിയത്. സർക്കാർ ഏജൻസികൾ നടത്തിയ അന്വേഷണങ്ങളിൽ ചിട്ടി ഉടമ നിർമ്മലനും ബിനാമികളും ഉൾപ്പെടുന്ന 18 പേരുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചിരുന്ന മാരായമുട്ടം, പെരുങ്കടവിള എന്നിവിടങ്ങളിലെ ധനകാര്യ സ്ഥാപനങ്ങളിലൂടെ നിക്ഷേപകർക്ക് പണവും മറ്റും നഷ്ടപ്പെട്ടതായും കബളിക്കപ്പെട്ടതായും തെളിഞ്ഞിട്ടുണ്ട്. ബഡ്സ് നിയമ നടപടികൾ പ്രകാരം തന്നെ നിർമ്മലന്റെയും ബിനാമികളുടെയും ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ കൈമാറ്റം സർക്കാർ തടഞ്ഞിട്ടുള്ളതുമാണ്. അതുകൊണ്ട് തന്നെ സർക്കാർ ഉത്തരവുകളെ മറച്ച് വച്ചുകൊണ്ട് നടന്നിട്ടുള്ള വസ്തുക്കളുടെ കൈമാറ്റ നടപടികൾക്കും സാധുത ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല നിർമ്മലൻ നേരത്തെ തന്നെ കോടതിയിൽ സമർപ്പിച്ചിട്ടുള്ള പരാതികൾ പ്രകാരം വസ്തുവകകൾ സംരക്ഷിക്കുന്നതിനും മറ്റു നടപടികൾക്കുമായി കോടതി റിസീവറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. റിസീവറുടെ കൈവശവും അധികാര പരിധിയിലുമുള്ള വസ്തുവകകൾ പിന്നീട് കോടതിയെ പോലും അറിയിക്കാതെ കൈമാറ്റം ചെയ്തതായി സമരസമിതി പറയുന്നു.

# വയോജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാൻ കുടുംബാംഗങ്ങൾ തയാറാവണം: അഡ്വ. പി. സതീദേവി

### പകൽവീടുകൾ സജ്ജമാക്കി വൃദ്ധരായ സ്ത്രീകളുടെ പരിചരണവും മാനസിക ഉല്ലാസത്തിനുള്ള സംവിധാനവും ഒരുക്കണം

വീടുകൾക്കകത്ത് വയോജനങ്ങളോട് സംസാരിക്കാനും അവരുടെ പ്രശ്നങ്ങൾ കേൾക്കാനുമുള്ള മാനസികാവസ്ഥ കുടുംബാംഗങ്ങൾക്ക് ഇല്ലെന്നത് ഗൗരവമേറിയ പ്രശ്നമായി മാറുകയാണെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. തിരുവനന്തപുരം ജവഹർ ബാലഭവനിൽ നടത്തിയ രണ്ടു ദിവസത്തെ തിരുവനന്തപുരം ജില്ലാതല അദാലത്തിൽ പരാതികൾ തീർപ്പാക്കിയ ശേഷം സംസാരിക്കുകയായിരുന്നു വനിതാ കമ്മിഷൻ അധ്യക്ഷ.

വയോജനങ്ങളെ എങ്ങനെയാണ് വീട്ടിൽ പരിചരിക്കേണ്ടതെന്ന് ധാരണയില്ലാത്ത സമൂഹമായി മാറുകയാണ്. കുടുംബാംഗങ്ങളിൽ നിന്നുള്ള പരിഗണന പ്രായമുള്ളവർ ആഗ്രഹിക്കുന്നുണ്ട്. മക്കൾ സംരക്ഷിക്കാമെന്ന് പറയുന്നുണ്ടെങ്കിലും തങ്ങളെ സ്നേഹിക്കാനും സംസാരിക്കാനും തയാറാകാത്തവരോടൊപ്പം ജീവിക്കാനുള്ള മാനസികാവസ്ഥയല്ല പ്രായമുള്ള അമ്മമാർക്കുള്ളത്. വയോജനങ്ങളുടെ ഈ പ്രശ്നം കേരളീയ സമൂഹം ഗൗരവത്തോടെ ചർച്ച ചെയ്യേണ്ടതാണ്. പകൽ വീടുകൾ എന്ന ആശയം കേരളത്തിൽ മുന്നോട്ടു വച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അമ്മമാരെ പകൽസമയത്ത് പരിചരിക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പകൽ വീട് സംവിധാനം ഉണ്ടാകണം. ഇവിടെ പ്രായമുള്ള അമ്മമാർക്ക് മാനസിക ഉല്ലാസത്തിന് ഉതകുന്ന സാഹചര്യമുണ്ടാകും. പകൽവീടുകളിൽ വൃദ്ധരായ സ്ത്രീകളുടെ പരിചരണവും മാനസിക ഉല്ലാസത്തിനുള്ള സംവിധാനവും ഒരുക്കുന്നത് ഉചിതമായിരിക്കും.

വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുള്ള നിയമം നിലവിലുണ്ട്. ഈ നിയമപ്രകാരം ആർഡിഒ കോടതിയിലെത്തിയ പരാതിയിൽ മക്കളോട് സംരക്ഷണം നൽകാൻ നിർദേശിച്ചിട്ടുള്ള കേസുകളിൽ പോലും അമ്മമാരെ പരിരക്ഷിക്കാനുള്ള മാനസികാവസ്ഥ ഉണ്ടാകുന്നില്ല. ആർഡിഒ കോടതിയിൽ തീർപ്പായതിനു ശേഷം വീണ്ടും അമ്മമാർക്ക് വനിതാ കമ്മിഷനിൽ അഭയം തേടേണ്ടി വരുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള നിരവധി കേസുകൾ രണ്ടു ദിവസത്തെ സിറ്റിംഗിൽ വനിതാ കമ്മിഷന്റെ പരിഗണനയ്ക്ക് എത്തി. ഒരു കേസിൽ മക്കളെ എല്ലാവരേയും വിളിച്ചു ചേർത്ത് അവരുടെ തീരുമാന പ്രകാരം അമ്മയുടെ സംരക്ഷണം ഒരു മകന് നൽകിയിരുന്നു. എന്നാൽ, തനിക്ക് മക്കളുടെ സംരക്ഷണം വേണ്ടെന്നും ഏതെങ്കിലും വൃദ്ധ സദനത്തിലേക്ക് തന്നെ അയയ്ക്കണമെന്നും വനിതാ കമ്മിഷനു മുൻപാകെ അമ്മ ആവശ്യപ്പെട്ടു. തന്നോടു സംസാരിക്കാൻ ആരും തയാറാകുന്നില്ലെന്നും വീടിനകത്ത് ഒരു സന്തോഷവും തനിക്കില്ലെന്നുമാണ് വേദനയോടെ ഈ അമ്മ പറയുന്നത്.

തൊഴിലിടങ്ങളിലുള്ള പീഡനങ്ങൾ തടയുന്നതിനുള്ള പരാതി പരിഹാര സംവിധാനം പല ഇടങ്ങളിലും ഇല്ല. തൊഴിലിടങ്ങളിലെ ഇത്തരത്തിലുള്ള പരാതികളും അദാലത്തിൽ പരിഗണനയ്ക്ക് എത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അകത്ത് അധ്യാപികമാർക്ക് പരാതിപ്പെടാനുള്ള സംവിധാനമില്ല. വനിതാ കമ്മിഷനു മുൻപാകെ പരാതി എത്തിക്കഴിയുമ്പോൾ മാത്രമാണ് പരാതി പരിഹാര സംവിധാനമില്ല എന്ന് സ്കൂൾ അധികൃതർ സമ്മതിക്കുന്നത്. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ വർഷങ്ങളോളം ജോലി ചെയ്ത ശേഷം യാതൊരു കാരണവുമില്ലാതെ, ആനുകൂല്യങ്ങൾ നൽകാതെ പിരിച്ചു വിടുന്നത് കമ്മിഷന്റെ ശ്രദ്ധയിൽപ്പെട്ടു. ചെയ്ത ജോലിക്കുള്ള കൂലി പോലും നൽകാനുള്ള മനോഭാവം പോലും സ്കൂൾ അധികൃതർക്കില്ല. അതിനാൽ ഇത്തരം പ്രശ്നങ്ങളെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. തൊഴിലിടങ്ങളിലുള്ള ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അകത്ത് സംവിധാനമുണ്ടാകണമെന്നും വനിതാ കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

തിരുവനന്തപുരം ജില്ലയിൽ നിന്നാണ് വനിതാ കമ്മിഷനു മുൻപാകെ ഏറ്റവും കൂടുതൽ പരാതികൾ വന്നുകൊണ്ടിരിക്കുന്നത്. രണ്ടു ദിവസമായി നടന്ന തിരുവനന്തപുരം ജില്ലാതല അദാലത്തിൽ ഗാർഹിക പീഡനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഏറ്റവും കൂടുതൽ പരാതികളായി ലഭിച്ചത്. ഇതിനു പുറമേ വിവാഹേതര ബന്ധങ്ങൾ സംബന്ധിച്ചത് ഉൾപ്പെടെയുള്ള പരാതികളും ലഭിച്ചു. വയോജനങ്ങളെ മക്കൾ സംരക്ഷിക്കുന്നില്ലെന്ന പരാതിയും വളരെ കൂടുതലായുണ്ട്.

നിഷ്ഠൂരമായ ഗാർഹിക പീഡനങ്ങൾക്ക് സ്ത്രീകൾ ഇരയാകുന്നുണ്ട്. ശാരീരിക പീഡനം ഏൽക്കേണ്ടിവരുന്ന അവസ്ഥ പല കേസുകളിലും ഉണ്ടായിട്ടുണ്ട്. ഇത്തരം പരാതികൾ പോലീസ് സ്റ്റേഷനുകളിൽ ചെന്നാലും കുടുംബ ബന്ധങ്ങൾ എന്ന നിലയിൽ ഒത്തു തീർപ്പായി പോകുന്നുവെന്ന അവസ്ഥയാണ് കാണുന്നത്. ഭാര്യയെ തല്ലുന്നതിനുള്ള അവകാശമുണ്ടെന്നു ധരിക്കുന്ന അവസ്ഥ ഇപ്പോഴും പുരുഷന്മാർ പുലർത്തുന്നുവെന്നത് വളരെ വിചിത്രമാണ്.

വനിതാ കമ്മിഷൻ അധ്യക്ഷയ്ക്കൊപ്പം വനിതാ കമ്മിഷൻ അംഗങ്ങളായ അഡ്വ. ഇന്ദിരാ രവീന്ദ്രൻ, വി.ആർ. മഹിളാമണി, അഡ്വ. പി. കുഞ്ഞായിഷ, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി എന്നിവർ കേസുകൾ തീർപ്പാക്കി. ഡയറക്ടർ ഷാജി സുഗുണൻ, സിഐ ജോസ് കുര്യൻ, എസ്ഐ അനിത റാണി, അഭിഭാഷകരായ സോണിയ സ്റ്റീഫൻ, രജിത റാണി, എസ്. സിന്ധു, സൂര്യ, സരിത, കൗൺസിലർ ശോഭ എന്നിവർ പങ്കെടുത്തു.

രണ്ടു ദിവസമായി നടത്തിയ തിരുവനന്തപുരം ജില്ലാതല അദാലത്തിൽ ആകെ 400 കേസുകൾ പരിഗണിച്ചു. ഇതിൽ 80 കേസുകൾ തീർപ്പാക്കി. ഒൻപതു കേസുകൾ റിപ്പോർട്ടിനായി അയച്ചു. മൂന്നു കേസുകൾ കൗൺസിലിംഗിനായി അയച്ചു. 308 കേസുകൾ അടുത്ത അദാലത്തിലേക്ക് മാറ്റി.




*തിരുവനന്തപുരം ജവഹർ ബാലഭവനിൽ നടത്തിയ രണ്ടു ദിവസത്തെ തിരുവനന്തപുരം ജില്ലാതല അദാലത്തിൽ(വലത്തുനിന്ന് ഇടത്തേക്ക്) വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി, വനിതാ കമ്മിഷൻ അംഗങ്ങളായ വി.ആർ. മഹിളാമണി, അഡ്വ. ഇന്ദിരാ രവീന്ദ്രൻ, അഡ്വ. പി. കുഞ്ഞായിഷ, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി എന്നിവർ പരാതികൾ കേൾക്കുന്നു.*

# തരൂരിനെ കുറിച്ച് ഒ. രാജഗോപാൽ പറഞ്ഞത് സത്യം; ബി. ജെ. പിയുടെ രാഷ്ട്രീയം കേരളത്തിൽ വിലപ്പോകില്ല

ചാലക്കുടി: പൊലീസിനെ ഉപയോഗിച്ച് ഭരണകൂട ഭീകരത നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഒളിവിൽ പോയ ആളോ കൊക്കേസിലെ പ്രതിയോ അല്ല യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ. ഡി. ജി. പി ഓഫീസ് മാർച്ചിൽ പങ്കെടുക്കുകയും ജയിലിലായ സഹപ്രവർത്തകരെ സന്ദർശിക്കുകയും ജയിൽ മോചിതരായവർക്ക് സ്വീകരണം നൽകുകയും ജനകീയ വിചാരണ സദസുകളിൽ പങ്കെടുക്കുകയും ചെയ്ത വ്യക്തിയാണ് രാഹുൽ. എന്നിട്ടാണ് വീട്ടിലെത്തി വാതിലിൽ മുട്ടിവിളിച്ച് ബലപ്രയോഗത്തിലൂടെ ഷോ കാണിച്ച് അറസ്റ്റു ചെയ്തത്. അറസ്റ്റിലൂടെ യൂത്ത് കോൺഗ്രസിനെയും യു. ഡി. എഫിനെയും ഭയപ്പെടുത്താമെന്ന് പിണറായി വിജയൻ കരുതേണ്ട. ജാമ്യം എടുക്കില്ലെന്നും സഹപ്രവർത്തകരെ പോലെ ജയിലിൽ പോകാൻ തയാറാണെന്ന് പറഞ്ഞ ആളാണ് രാഹുൽ മാങ്കൂട്ടത്തിൽ. തലയിൽ അടിയേറ്റതിനെ തുടർന്ന് തിരുവനന്തപുരത്തെ ആശുപത്രിയിൽ നാലഞ്ച് ദിവസം ചികിത്സയിലായിരുന്നു. ചികിത്സയെ തുടർന്ന് വീട്ടിൽ വിശ്രമത്തിൽ കഴിഞ്ഞിരുന്ന ആളെയാണ് പൊലീസ് അറസ്റ്റു ചെയ്തത് ഭീഷണിപ്പെടുത്താൻ ശ്രമിക്കുന്നത്. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ചാലക്കുടിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

മുഖ്യമന്ത്രി ആരെയാണ് ഭീഷണിപ്പെടുത്താൻ ശ്രമിക്കുന്നത്. കോടതി നിർദ്ദേശിച്ചതിനെ തുടർന്ന് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്ത ഗൺമാൻമാർ ഇപ്പോഴും മുഖ്യമന്ത്രിയുടെ ഇടതും വലതും നടക്കുകയാണ്. മൊഴി നൽകാൻ ആവശ്യപ്പെട്ടിട്ടും ഹാജരാകാത്ത അവരെ അറസ്റ്റു ചെയ്യില്ല. ചാലക്കുടിയിൽ പൊലീസ് ജീപ്പ് തകർത്ത ആളെ രക്ഷിച്ച് കൂട്ടിക്കൊണ്ടു പോയ സി. പി. എം ഏര്യാ സെക്രട്ടറിയെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ചാലക്കുടി എസ്. ഐയെ പേപ്പട്ടിയെ പോലെ റോഡിലിട്ട് തല്ലിക്കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയ എസ്. എഫ്. ഐ നേതാവിനെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ഇതൊക്കെ ഇരട്ട നീതിയാണ്. തോന്ന്യാസം കാട്ടിയ എസ്. എഫ്. ഐ ഡി. വൈ. എഫ്. ഐ നേതാക്കളെ പാൽക്കുപ്പിയുമായാണ് കൂട്ടിക്കൊണ്ടു പോയത്. യൂത്ത് കോൺഗ്രസ് സംസഥാന അധ്യക്ഷനെ വീട്ടിൽക്കയറി അറസ്റ്റു ചെയ്തതിന് തക്കതായി തിരിച്ചടി സർക്കരിന് ഉണ്ടാകുമെന്ന മുന്നറിയിപ്പ് നൽകുന്നു. കേസിലെ ഒന്നാം പ്രതിയായ എന്നയെും അറസ്റ്റ് ചെയ്യാൻ വീട്ടിലേക്ക് വരട്ടേ. ആരെയാണ് മുഖ്യമന്ത്രി പേടിപ്പിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ മുഖ്യമന്ത്രിയെ പോലും നോക്കുകുത്തിയാക്കിയുള്ള ഉപജാപക സംഘമാണ് ഇതിനൊക്കെ പിന്നിൽ.

അവർ കാൽ നൂറ്റാണ്ട് മുൻപ് ജീവിക്കേണ്ട ആളുകളാണ്. ഇതിനെതിരെ ജനാധിപത്യ കേരളം ശക്തമായി പ്രതകരിക്കും. യൂത്ത് കോൺഗ്രസ് അധ്യക്ഷനെ വീട്ടിൽ കയറി അറസ്റ്റു ചെയ്താൽ കേരളത്തിലെ യൂത്ത് കോൺഗ്രസുകാരെല്ലാം ഭയപ്പെടുമെന്നാണ് കരുതുന്നത്. ഒരു കാലത്തും ഇല്ലാത്ത തരത്തിൽ അധികാരത്തിന്റെ അഹങ്കാരവും ധാർഷ്ട്യവുമാണ് കാണിക്കുന്നത്. *തരൂരിനെ കുറിച്ച് ഒ. രാജഗോപാൽ പറഞ്ഞത് സത്യം; ബി. ജെ. പിയുടെ രാഷ്ട്രീയം കേരളത്തിൽ വിലപ്പോകില്ല* ശശി തരൂരിനെ കുറിച്ച് ബി. ജെ. പി നേതാവ് ഒ. രാജഗോപാൽ പറഞ്ഞത് സത്യമാണ്. ശശി തരൂർ തിരുവനന്തപുരത്തെ ജനങ്ങൾ ഹൃദയത്തിലേറ്റിയ ജനപ്രതിനിധിയാണ്. കഴിഞ്ഞ തവണ വിജയിച്ചതിനേക്കാൾ വലിയ ഭൂരിപക്ഷത്തിന് അദ്ദേഹം വിജയിക്കും. ആ യാഥാർത്ഥ്യം ബി. ജെ. പിയുടെ സമുന്നത നേതാക്കൾക്ക് പോലും മനസിലായെന്നതിൽ സന്തോഷമുണ്ട്. കേരളത്തിൽ ബി. ജെ. പി ഒരിക്കലും വിജയിക്കില്ല.

ഭിന്നിപ്പുണ്ടാക്കാനാണ് ബി. ജെ. പി ശ്രമിക്കുന്നത്. അതിന് ഞങ്ങൾ അനുവദിക്കില്ല. തൃശൂരിൽ കഴിഞ്ഞ തവണ ടി. എൻ പ്രതാപൻ വിജയിച്ചതിനേക്കാൾ വലിയ ഭൂരിപക്ഷത്തിന് യു. ഡി. എഫ് സ്ഥാനാർത്ഥി വിജയിക്കും. വനിതാ ഗുസ്തി താരങ്ങളുടെ കണ്ണീരിൽ ചവിട്ടിയാണ് പ്രധാനമന്ത്രി കേരളത്തിൽ വന്ന് നാരീശക്തിയെ കുറിച്ച് പറഞ്ഞത്. നാട് മുഴുവൻ സ്ത്രീകൾ വേട്ടയാടപ്പെടുകയാണ്. ഇതെല്ലാം ബി. ജെ. പിയുടെ നാടകമാണ്. ഇതൊന്നും മതേതര കേരളത്തിൽ വിലപ്പോകില്ല.

# അന്താരാഷ്ട്ര കായിക ഉച്ചകോടി മുന്നൊരുക്ക പരിപാടികൾ 12ന് തുടങ്ങും

തിരുവനന്തപുരം: ഈ മാസം 23 മുതൽ 26 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്പോർട്സ് ഹബിൽ നടക്കുന്ന പ്രഥമ അന്താരാഷ്ട്ര കായിക ഉച്ചകോടിയുടെ മുന്നൊരുക്ക പരിപാടികൾ 12ന് ആരംഭിക്കുമെന്ന് കായിക മന്ത്രി വി അബ്ദുറഹിമാൻ പറഞ്ഞു. കാസർകോട് മുതൽ തിരുവനന്തപുരം വരെ ടൂർ ഡി കേരള സൈക്ലത്തോണും റോഡ് ഷോയുമാണ് പ്രധാന പരിപാടി. ഇത് 12ന് കാസർകോട് നിന്നാരംഭിച്ച് 23ന് തിരുവനന്തപുരത്ത് എത്തിച്ചേരും. ഒരൊറ്റ ലക്ഷ്യത്തിലേക്ക് കേരളം ഒരുമിച്ച് എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന കെവാക്ക് എന്ന മെഗാ വാക്കത്തോൺ 22നാണ്. കേരളത്തിന്റെ തനത് കായിക രൂപങ്ങളെ ആസ്പദമാക്കി ഹൈബ്രിഡ് ക്യാമ്പയിനും സംഘടിപ്പിക്കുന്നുണ്ട്. ജനുവരി 23ന് മുഖ്യമന്ത്രി പിണറായി വിജയൻ കായിക ഉച്ചകോടി ഉദ്ഘാടനം ചെയ്യും. കായിക കലാ രൂപങ്ങൾ സമന്വയിക്കുന്ന സാംസ്ക്കാരിക പ്രകടനവും ഉദ്ഘാടന ദിവസം അരങ്ങേറും. സ്പോർട്സ് പ്രധാന പ്രമേയമായ മ്യൂസിക് ബാൻഡിന്റെ പ്രകടനവും ഉണ്ടാകും. കായിക ഉച്ചകോടിയോട് അനുബന്ധിച്ച് ആസൂത്രണം ചെയ്ത് വെബിനാർ പരമ്പരയ്ക്കും തുടക്കമായി. 15 ദിവസം നീളുന്ന ഓൺലൈൻ സെമിനാറുകൾ എല്ലാ ദിവസവും വൈകീട്ട് 7നാണ് നടന്നു വരുന്നത്. 1000ൽ അധികം പദ്ധതി നിർദേശങ്ങൾ സമ്മിറ്റിൽ അവതരിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ കായിക രംഗത്ത് സമാനതകളില്ലാത്ത ആഗോള പങ്കാളിത്തവും നിക്ഷേപവും അന്താരാഷ്ട്ര കായിക സമ്മേളനം ലക്ഷ്യം വയ്ക്കുന്നു. കേരളത്തിന്റെ കായിക മേഖലയിൽ നിക്ഷേപം, പങ്കാളിത്തം, സഹകരണം, പിന്തുണ എന്നിവയ്ക്ക് താല്പര്യമുള്ള മുഴുവൻ സ്ഥാപനങ്ങളെയും, വ്യക്തികളെയും സംസ്ഥാന സർക്കാർ സ്വാഗതം ചെയ്യുന്നതായി മന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ പുതിയ കായിക നയം കാതലായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ്. കായിക മികവിന്റെ പാരമ്യത്തിലേക്ക് കേരളത്തെ എത്തിക്കുക, കായിക സമ്പദ്ഘടന വികസിപ്പിക്കുക എന്നതാണ് പുതിയ കായിക നയത്തിന്റെ പ്രധാന ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം സ്പോർട്സ് ഇക്കോണമി വികസിപ്പിക്കുന്നത്. എല്ലാ മേഖലകളുടെയും, വിഭാഗങ്ങളുടെയും പങ്കാളിത്തം സ്പോർട്സിലേക്ക് കൊണ്ടുവരുന്നതാണ് മറ്റൊരു ശ്രദ്ധേയമായ കാര്യം. വികേന്ദ്രീകൃത സ്വഭാവത്തിൽ പദ്ധതി ആസൂത്രണവും, നിർവഹണവും കായിക നയം നിർദ്ദേശിക്കുന്നു. പഞ്ചായത്ത്/ മുൻസിപ്പൽ സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം ഈ ലക്ഷ്യത്തോടെയാണ്. 13 വിഷയങ്ങളിലായി 105 ദേശീയ, അന്തർദേശീയ വിദഗ്ധർ പങ്കെടുക്കുന്ന കോൺഫറൻസുകളും ഉച്ചകോടിയുടെ ഭാഗമായി നടക്കും. സ്പോർട്സ് ഇക്കോണമി, സ്പോർട്സ് ഇൻഡസ്ട്രി, വെൽനെസ്, ലീഗുകളും വലിയ ചാമ്പ്യൻഷിപ്പുകളും, ഗ്രാസ്റൂട്ട്സ് ഡെവലപ്മെന്റ്, അക്കാദമികളും ഹൈ പെർഫോർമൻസ് സെന്ററുകളും, ഇ സ്പോർട്സ്, സ്പോർട്സ് സയൻസ്, ടെക്നോളജി & എൻജിനീയറിങ്, തദ്ദേശീയ കായിക രൂപങ്ങൾ തുടങ്ങിയവയാണ് പ്രധാന കോൺഫറൻസ് തീമുകൾ. റിസർച്ച് പേപ്പറുകളുടെ അവതരണം, സ്റ്റാർട്ടപ്പ് പിച്ച്, ഇൻവെസ്റ്റർ കോൺക്ലേവ്, എക്സിബിഷൻ, ബയർ സെല്ലർ മീറ്റ്, ഇ സ്പോർട്സ് ഷോക്കേസ്, സ്പോർട്സ് കമ്മ്യൂണിറ്റി നെറ്റ്വർക്കിങ്, സ്പോർട്സ് പ്രമേയമായ സിനിമകളുടെ പ്രദർശനം, ഹെൽത്തി ഫുഡ് ഫെസ്റ്റിവൽ, മോട്ടോർ ഷോ തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. ജില്ലാ സ്പോർട്സ് കൗൺസിലുകൾ, കായിക അസോസിയേഷനുകൾ എന്നിവ മാസ്റ്റർ പ്ലാനുകൾ അവതരിപ്പിക്കും. ഉച്ചകോടിക്ക് മുന്നോടിയായിട്ടുള്ള ജില്ലാ സമ്മിറ്റുകൾ പൂർത്തിയായി. പഞ്ചായത്ത്, മുനിസിപ്പൽ തല മൈക്രോ സമ്മിറ്റുകൾ നടന്നു വരികയാണ്. കായിക വിഭവശേഷി മാപ്പിങ് പ്രക്രിയക്കും തുടക്കമായി.

# ഒന്നര കോടിയിൽപരം രൂപ തട്ടിയ ബാങ്ക് മാനേജർ അറസ്റ്റിൽ

കോട്ടയം: കളത്തിപ്പടിയിലെ സ്വകാര്യ ബാങ്കിൽ അക്കൗണ്ടുള്ള വൃദ്ധദമ്പതികളിൽനിന്ന് ഒന്നര കോടിയിൽപ്പരം രൂപ തട്ടിപ്പ് നടത്തിയ കേസിൽ ബാങ്ക് മാനേജരെ പോലീസ് അറസ്റ്റ് ചെയ്തു. പുതുപ്പള്ളി എറികാട് ഭാഗത്ത് മന്നാപറമ്പിൽ റെജി ജേക്കബി (41) നെയാണ് കോട്ടയം ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്.

കളത്തിപ്പടിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ബാങ്കിൽ മാനേജരായി ജോലി ചെയ്യുന്ന ഇയാൾ കളത്തിപ്പടിയിൽ താമസിക്കുന്ന ഈ ബാങ്കിൽ അക്കൗണ്ടുള്ള വൃദ്ധദമ്പതികളിൽനിന്നു 1,62,25,000 രൂപ കബളിപ്പിച്ച് തട്ടിയെടുക്കുകയായിരുന്നു. മുൻപ് ഇതേ ബാങ്കിൻറെ ഏറ്റുമാനൂർ ശാഖയിലെ മാനേജർ ആയിരുന്ന ഇയാൾ ഈ ബാങ്കിൽ അക്കൗണ്ട് തുടങ്ങിയ വിദേശത്തായിരുന്ന ദമ്പതികളുമായി അടുത്ത സൗഹൃദബന്ധം സ്ഥാപിച്ചിരുന്നു.

തുടർന്ന് കളത്തിപ്പടി ബ്രാഞ്ചിലേക്ക് സ്ഥലംമാറ്റം കിട്ടിയ ഇയാൾ ഇവിടെയിരുന്ന കാലയളവിലാണ് തട്ടിപ്പ് നടത്തിയത്. വിദേശത്തുനിന്നു നാട്ടിലെത്തിയ ദന്പതികൾ വിദേശത്തുള്ള മക്കൾക്ക് പണം അയയ്ക്കുന്നതിനു വേണ്ടി ഇയാളെ സമീപിച്ചപ്പോൾ ഇവരിൽനിന്നും ചെക്കുകളും ഡെബിറ്റ് ഓതറൈസേഷൻ ലെറ്ററുകളും മറ്റും കൈക്കലാക്കുകയായിരുന്നു. ഇത് ദുരുപയോഗപ്പെടുത്തി ഏറ്റുമാനൂർ, കളത്തിപ്പടി ബ്രാഞ്ചുകളിലെ ഇവരുടെ അക്കൗണ്ടുകളിൽ നിന്ന്, 2021 മുതൽ 2023 കാലയളവിൽ പലതവണകളായി 1,62,25,000 രൂപ റെജി ജേക്കബിൻറെ സുഹൃത്തുക്കളുടെയും മറ്റും അക്കൗണ്ടുകളിലേക്ക് അയച്ച് ദമ്പതികളെ കബളിപ്പിക്കുകയായിരുന്നു.

തുടർന്ന് ദമ്പതികൾ ബാങ്കിനെ സമീപിച്ചു. ബാങ്ക് ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഇയാൾ 22 ലക്ഷം രൂപ ദമ്പതികൾക്ക് തിരികെ നൽകിയിരുന്നു.

ബാക്കി തുക ഇയാൾ നല്കിയില്ല. പരാതിയെ തുടർന്ന് കോട്ടയം ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഇയാളെ പിടികൂടുകയുമായിരുന്നു.

എസ്എച്ച്ഒ യു. ശ്രീജിത്ത്, എസ്ഐമാരായ ദിലീപ് കുമാർ, സിപിഒമാരായ പ്രതീഷ് രാജ്, അജിത്, വിബിൻ, അജേഷ്, എന്നിവരും അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# സൈനികനെ പൊലീസ് മർദിച്ചതായി പാരാതി

കോഴിക്കോട്: സൈനികനെ പൊലീസ് മർദിച്ചതായി പരാതി. പരിക്കേറ്റ വയനാട് പുൽപ്പള്ളി വാടാനക്കവല സ്വദേശി പഴയമ്പലത്ത് വീട്ടിൽ കെ എസ് അജിത്ത് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇക്കഴിഞ്ഞ വെള്ളിയാഴ്ചയായിരുന്നു സംഭവം. പുൽപ്പള്ളിയിൽ ക്ഷേത്രോത്സവത്തിനിടെ ടൂ വീലർ പാർക്കിങ്ങുമായി ബന്ധപ്പെട്ടുണ്ടായ തകർക്കത്തെ തുടർന്നാണ് പൊലീസ് മർദ്ദിച്ചതെന്നാണ് അജിത്ത് പറയുന്നത്. തുടർന്ന് സ്റ്റേഷനിൽ എത്തിച്ചും മർദ്ദിച്ചെന്നും വലതുകാലിന്റെ എല്ലിന് പൊള്ളലേറ്റെന്നും അജിത്ത് വ്യക്തമാക്കി. കമാന്റിങ് ഓഫിസർ കേണൽ ഡി നവീൻ ബ!ഞ്ചിത്ത് മെഡിക്കൽ കോളെജിലെത്തി അജിത്തിനെ കണ്ട് വിവരങ്ങൾ ശേഖരിച്ചു.

ഇതേസമയം ഉത്സവവുമായി ബന്ധപ്പെട്ട ഗതാഗത ക്രമീകരണത്തിന് ചുമതലപ്പെടുത്തിയിരുന്ന പൊലീസുകാരുമായി സൈനികൻ അജിത്ത് വാക്കുതർക്കത്തിൽ ഏർപ്പെടുകയായിരുന്നുവെന്നാണ് പുൽപ്പള്ളി പൊലീസ് വിശദീകരിക്കുന്നത്. ഇതിനിടെ അജിത്ത് കയ്യിലുണ്ടായിരുന്ന ഹെൽമറ്റ് ഉപയോഗിച്ച് പൊലീസുകാരനെ ആക്രമിച്ചു. തുടർന്ന് നാട്ടുകാർ ഉൾപ്പെടെ ഇടപെട്ട് അജിത്തിനെ സ്ഥലത്ത് പിടിച്ചുവച്ചു. ഇതിനിടെ ഉണ്ടായ ഉന്തിലും തള്ളിലും സൈനികന്റെ കാലിന് പരിക്കേറ്റതാകാം എന്നും പൊലീസ് പറയുന്നു. സ്റ്റേഷനിൽ വച്ച് സൈനികനെ മർദിച്ചിട്ടില്ലെന്നാണ് പൊലീസ് വ്യക്തമാക്കുന്നത്. താൻ സൈനികനാണെന്ന് അജിത്ത് പറഞ്ഞിരുന്നില്ലെന്നും ആശുപത്രിയിലേക്ക് മാറ്റുന്നതിന് മുമ്പ് സൈനികൻ സ്റ്റേഷനിൽ ഉണ്ടായിരുന്നത് ഇരുപത് മിനിറ്റ് മാത്രമെന്നും പൊലീസ് വിശദീകരിക്കുന്നു. ഇതേ സമയം അജിത്തിന് സൈനിക ആശുപത്രിയിലേക്ക് ഡിസ്ചാർജ് നൽകുന്നില്ലെന്ന് സഹോദരൻ ആരോപിച്ചു. ഡിസ്ചാർജ് വൈകിപ്പിച്ചുകൊണ്ട് പൊലീസിന് അധികൃതർ സൗകര്യമൊരുക്കിക്കൊടുക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഭീകരവാദിയെ പിടിക്കുന്നത് പോലെ അറസ്റ്റ് ചെയ്യാൻ രാഹുൽ ചെയ്ത കുറ്റമെന്ത്? കെ. സി. വേണുഗോപാൽ എംപി

തിരുവനന്തപുരം: കേരളത്തിൽ നടക്കുന്ന പോലീസ് രാജിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിനെ പുലർച്ചെ വീടുവളഞ്ഞ് അറസ്റ്റു ചെയ്ത നടപടിയെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ എംപി അധികാര മുഷ്ക്കിലും ധാർഷ്ട്യത്തിലും അഭിരമിച്ച് ജീവിക്കുന്ന ഒരു മുഖ്യമന്ത്രിയുടെയും അയാളുടെ ഓഫീസിലെ കാക്കിയിടാത്ത അഭിനവ ഡി. ജി. പിയുടെയും പകൽസ്വപ്നത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷന്റെ അറസ്റ്റ്. ഭീകരവാദിയെ പിടിച്ച് കൊണ്ടുപോകുന്ന വിധം അറസ്റ്റ് ചെയ്യാൻ രാഹുൽ എന്ത് കുറ്റമാണ് ചെയ്തത്. ഒരുപാട് പോലീസ് നരയാട്ട് കണ്ട പ്രസ്ഥാനമാണ് കോൺഗ്രസെന്ന് മുഖ്യമന്ത്രിയുടെ ഇത്തരം ഉത്തരവുകൾ അതേപടി നടപ്പിലാക്കാൻ പുറപ്പെടുന്ന പോലീസ് ഏമാൻമാർ വിസ്മരിക്കരുത്. ജനകീയ സമരങ്ങളിൽ പങ്കെടുക്കുന്ന പൊതുപ്രവർത്തകരെ പോലീസിനെ ഉപയോഗിച്ച് നേരിടുന്നത് ഫാസിസ്റ്റ് നടപടിയാണ്. അതിന്റെ എല്ലാ സീമകളും ലംഘിക്കുന്ന മുഖ്യമന്ത്രിയുടെ നടപടി ഒരു കമ്യൂണിസ്റ്റ് നേതാവിന് ചേർന്നതാണോയെന്ന് സിപിഎം വിലയിരുത്തിയാൽ നന്നെന്നും വേണുഗോപാൽ പറഞ്ഞു. പ്രതിഷേധ മാർച്ചുകളുടെ പേരിൽ കേസെടുക്കുന്നത് പൊലീസിന്റെ സ്വാഭാവിക നടപടിയാണ്. എന്നാൽ ഇത്തരത്തിൽ പുലർച്ചെ വീടുവളഞ്ഞ് ഒരു പൊതുപ്രവർത്തകനെ അറസ്റ്റ് ചെയ്യുന്ന രീതി കേരളത്തിൽ കേട്ടുകേൾവി ഇല്ലാത്തതാണ്. കോടതിയിൽ ചെന്നാൽ ജാമ്യം ലഭിക്കുന്ന പതിവ് വകുപ്പുകൾക്ക് അപ്പുറത്തേക്ക് ഒന്നുമില്ലാത്ത ഈ കേസിൽ എന്താടിസ്ഥാനത്തിലാണ് പുലർച്ചെ രാഹുൽ മാങ്കൂട്ടത്തിലിന്റെ വീട്ടിലേക്ക് അതിക്രമിച്ച് കയറി പൊലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തതെന്നും കെ. സി. വേണുഗോപാൽ ചോദിച്ചു. യൂത്ത് കോൺഗ്രസ് അധ്യക്ഷനെ അറസ്റ്റ് ചെയ്തത് കൊണ്ടൊന്നും കോൺഗ്രസിനെയും യൂത്ത് കോൺഗ്രസിനെയുമൊക്കെ പ്രതിസന്ധിയിലേക്ക് തള്ളിവിടാമെന്നാണ് കരുതുന്നതെങ്കിൽ അത് വെറും തെറ്റിദ്ധാരണ മാത്രമാണ്. രാഷ്ട്രീയമായും നിയമപരമായും രാഹുലിനോടൊപ്പം ശക്തമായി കോൺഗ്രസ് അണിനിരക്കുമെന്നും കെ. സി. വേണുഗോപാൽ പറഞ്ഞു.

# മത്സ്യത്തൊഴിലാളി മത്സ്യകർഷക ദേശിയ സംഗമം ശനിയാഴ്ച കുഫോസിൽ

കൊച്ചി മത്സ്യബന്ധന തൊഴിലാളി പ്രതിനിധികളുടെയും മത്സ്യകർഷകരുടെയും ദേശിയ സംഗമം ശനിയാഴ്ച കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) നടക്കും. കുഫോസിൽ വെള്ളിയാഴ്ച തുടങ്ങുന്ന മൂന്ന് ദിവസത്തെ അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസ്സിന്റെ ഭാഗമായാണ് സംഗമം സംഘടിപ്പിക്കുന്നത്. മത്സ്യബന്ധന മേഖലയിൽ തൊഴിലാളികളും മത്സ്യകൃഷിയിൽ കർഷകരും നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനുമാണ് സംഗമം സംഘടിപ്പിക്കുന്നതെന്ന് കുഫോസ് വൈസ് ചാൻസലറും ഫിഷറീസ് കോൺഗ്രസിന്റെ പാട്രണുമായ ഡോ. ടി. പ്രദീപ് കുമാർ പറഞ്ഞു. കേരള, കർണ്ണാടക, തമിഴ് നാട്, പോണ്ടിച്ചേരി, ഗോവ എന്നീ സംസ്ഥാനങ്ങളിൽ നിന്നായി ഇരുന്നൂറോളം മത്സ്യബന്ധന തൊഴിലാളി പ്രതിനിധികളും മൂന്നോറോളം മത്സ്യകർഷകരും സംഗമത്തിൽ പങ്കെടുക്കും.

വലിയ വിരോധഭാസത്തിലൂടെ കടന്നുപോകുന്ന കേരളത്തിലെ മത്സ്യകൃഷി രംഗത്തെ പ്രശ്നങ്ങൾ സൂഷ്മമായി സംഗമം ചർച്ച ചെയ്യുമെന്ന് ഡോ. ടി. പ്രദീപ് കുമാർ പറഞ്ഞു. മത്സ്യങ്ങൾക്ക് ആവശ്യക്കാർ ഇല്ലാത്തതിനാൽ മതിയായ വില ലഭിക്കാതെ കർഷകർ മത്സ്യകൃഷിയും കുളങ്ങളും ഉപേക്ഷിക്കുന്ന നിലയാണ് കേരളത്തിലിപ്പോൾ. അതേ സമയം നിത്യ ഉപയോഗത്തിനായി പ്രതിവർഷം നാല് ലക്ഷത്തോളം ടൺ മത്സ്യം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളം ഇറക്കുമതി ചെയ്യുന്നത് തുടരുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്ന് മാത്രമല്ല, ഒമാനിൽ നിന്ന് വരെ കേരള വിപണിയിൽ മത്സ്യം എത്തുന്നു. കേരളത്തിൽ നിന്ന് സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന വ്യവസായികളാകട്ടെ, സംസ്ഥാനത്ത് വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ തിലാപ്പിയ പോലുള്ള മത്സ്യങ്ങൾ ആന്ധ്രയിൽ നിന്നാണ് സംഭരിക്കുന്നത്. ദുർഘടമായ ഈ പ്രതിസന്ധിക്ക് പരിഹാരം കാണുകയാണ് സംഗമത്തിന്റെ പ്രധാന ലക്ഷ്യമെന്ന് ഡോ. ടി. പ്രദീപ് കുമാർ പറഞ്ഞു.

കടലിലെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിലും ഇന്ത്യയുടെ കടലോര സംസ്ഥാനങ്ങളിലെ തീരപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന സംരക്ഷണ പദ്ധതികളിലും മത്സ്യബന്ധന തൊഴിലാളികൾ വഹിക്കേണ്ട പങ്കിനെ കുറിച്ചും സംഗമം ചർച്ച ചെയ്യും. ശനിയാഴ്ച രാവിലെ 9.30 ആണ് സംഗമം തുടങ്ങുന്നത്. രാത്രി സാംസ്കാരിക പരിപാടികളോടെ സംഗമം സമാപിക്കും.

# നഗരസഭാ പദ്ധതികൾ ചുവപ്പുനാടയിൽ; ദീർഘവീക്ഷണമില്ലാത്ത ഉദ്യോഗസ്ഥ സമീപനം വിനയായി: ചെയർമാൻ

തൊടുപുഴ: നഗരസഭയുടെ പല പദ്ധതികളും ചുവപ്പുനാടയിൽ കുരുങ്ങാൻ കാരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിജ്ഞാനക്കുറവാണെന്ന് നഗരസഭാ ചെയർമാൻ സനീഷ് ജോർജ്. മങ്ങാട്ടുകവല ഷോപ്പിംഗ് കോംപ്ലക്സ്, മുനിസിപ്പൽ ബസ് സ്റ്റാൻഡിലെ ശൗചാലയം എന്നിവ ഇനിയും പ്രവർത്തന ക്ഷമമാകാത്തത് ഇതിന് ഉദാഹരമാണ്.

പത്തരക്കോടി രൂപ വായ്പയെടുത്ത് നിർമിച്ച മങ്ങാട്ടുകവല സമുച്ചയത്തിന് ഫയർ എൻഒസി ലഭിച്ചിട്ടില്ല. വിവിധ സർക്കാർ ഏജൻസികളുടെയും അനുമതിയോടെ നിർമിച്ച വ്യാപാര സമുച്ചയത്തിന് നിയമപ്രകാരമുളള സൗകര്യങ്ങൾ ഇല്ലായിരുന്നുവെന്ന് തിരിച്ചറിഞ്ഞത് നിർമാണം പൂർത്തിയായ ശേഷമാണ്.

ഇതിനുള്ള അധിക നിർമാണങ്ങൾ നടന്നുവരികയാണ്. 40ലേറെ മുറികളിൽ താഴത്തെ നിലയിലെ ഏഴ് മുറികൾ മാത്രമാണ് വാടകയ്ക്ക് പോയത്. നിക്ഷേപ തുക 15 ലക്ഷത്തിൽ നിന്നും 10 ലക്ഷമാക്കി കുറച്ചിട്ടുണ്ട്.

സമുച്ചയം നിർമിക്കുന്നതിനായി വായ്പയെടുത്ത മുഴുവൻ തുകയും അടച്ചുതീർത്തു. വെങ്ങല്ലൂർ സ്മിത ആശുപത്രിക്ക് സമീപത്ത് ഉൾപ്പെടെ പുതിയ വ്യാപാര സമുച്ചയങ്ങൾ നിർമിക്കും. 70 ശതമാനം ശുചിത്വ മിഷന്റെ ഫണ്ടോടെ നിർമിച്ച സ്വകാര്യ ബസ് സ്റ്റാൻഡിലെ ശൗചാലയം തുറന്നുകൊടുക്കുന്നതിനു തടസമയത് സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് ഇല്ലാത്തതിനാലാണ്. ഇവിടെ അടിഭാഗം പാറയായതിനാൽ വെള്ളം വലിഞ്ഞുപോകാത്ത സാഹചര്യമാണ്. ഇതു പ്ലാൻ തയാറാക്കിയ ഉദ്യോഗസ്ഥർ മനസിലാക്കാതിരുന്നത് വിനയായി. 8,500 വഴിവിളക്കുകളുള്ള നഗരസഭയിൽ മൂന്നു വർഷത്തേക്കാണ് അറ്റകുറ്റപ്പണി കരാർ.

കാലാവധി കഴിഞ്ഞ ശേഷം കേടായവയാണ് ഇനി മാറ്റി സ്ഥാപിക്കാനുള്ളത്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗമാണ് മെയിൻറനൻസ് എസ്റ്റിമേറ്റ് തയാറാക്കുന്നത്. ഇവർ നിശ്ചയിക്കുന്ന തുക വഹിക്കാൻ നഗരസഭയ്ക്ക് കഴിയാത്ത സാഹചര്യമാണ്. ഇലക്ട്രിക്കൽ വിഭാഗത്തിൻറെ ചുമതലകൾ നിർവഹിക്കുന്നതിനു ഇലക്ട്രീഷ്യനെ നിയമിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. നഗരത്തിലെ മാലിന്യ നീക്കം സ്തംഭിച്ചെന്ന പ്രചാരണം അടിസ്ഥാന രഹിതമാണ്. പാറക്കടവിൽ 35 വർഷമായി കൂടിക്കിടക്കുന്ന മാലിന്യം നീക്കാൻ സ്വകാര്യഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വെൽനെസ് സെൻറർ ആരംഭിക്കുന്നത് അറിയിക്കാൻ നടത്തിയ പത്രസമ്മേളനത്തിലാണ് ചെയർമാൻ ഇക്കാര്യം വിശദീകരിച്ചത്.

# ശബരിമല തീർഥാടകവാഹനം മറിഞ്ഞ് ഡ്രൈവർ മരിച്ചു; 13 പേർക്കു പരിക്ക്

മുണ്ടക്കയം: മുണ്ടക്കയം കോരുത്തോട് ശബരിമല പാതയിൽ കോസടി വലിയ വളവിൽ ഇന്നലെ പുലർച്ചെ 12.30 ഓടെ ശബരിമല തീർഥാടക വാഹനം മറിഞ്ഞുണ്ടായ അപകടത്തിൽ ഡ്രൈവർ മരിക്കുകയും 13 തീർഥാടകർക്ക് പരിക്കേൽക്കുകയും ചെയ്തു.

ബസ് ഡ്രൈവർ തമിഴ്നാട് മധുരൈ നോർത്ത്, കൊണാർ ന്യൂലൈനിൽ സെല്ലൂർ ഗ്രാമത്തിൽ സെൽവരാജിൻറെ മകൻ രാമകൃഷ്ണൻ (40) ആണ് മരിച്ചത്. അറുമുഖൻ (47), ഗോപി (24), സന്താനം (43), പാണ്ഡ്യൻ (43), കാർത്തികേയൻ (17), ശരവണൻ (16), വസന്തകുമാർ (22), രാജകുമാർ (42), മണികണ്ഠൻ (45), വിക്രം (13), അരുൺകുമാർ (29), അനിരുദ്ധ (15), രാജ (50) എന്നിവർക്കാണ് അപകടത്തിൽ പരിക്കേറ്റത്. ഇവരെ പാലായിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

25 തീർഥാടകരാണ് വാഹനത്തിൽ ഉണ്ടായിരുന്നത്. ശബരിമലയിലേക്ക് പോകുംവഴി കോസടി കുത്തിറക്കത്തിലെ വളവിൽ നിയന്ത്രണംവിട്ടു താഴ്ചയിലേക്ക് മറിയുകയായിരുന്നു. ഡ്രൈവർ ഉറങ്ങിയതാവാം അപകടത്തിന് കാരണമെന്നു കരുതുന്നു. കാഞ്ഞിരപ്പള്ളി ഫയർഫോഴ്സും മുണ്ടക്കയം പോലീസും ജന പ്രതിനിധികളും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി.

സുരക്ഷാ ക്രമീകരണങ്ങളില്ല; അപകടങ്ങൾ ആവർത്തിക്കുന്നു

ശബരിമല തീർഥാടന കാലത്ത് നിരവധി അപകടങ്ങൾ ഉണ്ടാകുന്ന മുണ്ടക്കയം കോരുത്തോട് കുഴിമാവ് പാതയിൽ ഇക്കുറി സുരക്ഷാ ക്രമീകരണങ്ങളുടെ പാളിച്ചകൾ മൂലം രണ്ടു പേരാണ് മരിച്ചത്.

ഇന്നലെ രാവിലെയുണ്ടായ അപകടത്തിൽ വാഹന ഡ്രൈവർ മരിച്ചു. മുന്പ് പനക്കച്ചിറയിൽ അമിതവേഗത്തിൽ എത്തിയ തീർഥാടക വാഹനം കാൽനടയാത്രക്കാരിയെ ഇടിച്ചുതെറിപ്പിച്ച സംഭവവും ഉണ്ടായിട്ടുണ്ട്. അപകടങ്ങൾ പതിവായ കണ്ണിമല വളവിൽ സുരക്ഷയ്ക്കായി പോലീസിനെ നിയോഗിച്ചതുപോലെ ഇവിടെയും പോലീസിൻറെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കണമെന്നായിരുന്നു നാട്ടുകാരുടെ ആവശ്യം. രാത്രികാലങ്ങളിൽ വരുന്ന തീർഥാടന വാഹനങ്ങൾ തടഞ്ഞുനിർത്തി അപകടസാധ്യതകൾ ധരിപ്പിച്ചശേഷം മാത്രം യാത്ര ചെയ്യാൻ അനുവദിക്കാവൂ എന്നായിരുന്നു ആവശ്യം.

# കറിക്കാട്ടൂർ സിസിഎം സ്കൂൾ വജ്രജൂബിലി ആഘോഷ സമാപനം

കാഞ്ഞിരപ്പള്ളി: ഏഴര പതിറ്റാണ്ടായി കറിക്കാട്ടൂർ ഗ്രാമത്തിൻറെ വിജ്ഞാന ദീപമായ സിറിയക് ചാവറ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൻറെ (സിസിഎം) വജ്രജൂബിലി ആഘോഷസമാപനവും സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും 10, 11 തീയതികളിൽ നടക്കുമെന്ന് അധികൃതർ പത്രസമ്മേളനത്തിൽ അറിയിച്ചു. 10ന് രാവിലെ 10ന് മാർ ജേക്കബ് മുരിക്കൻ കൃതജ്ഞതാ സമൂഹബലി അർപ്പിക്കും. പൂർവ അധ്യാപകരും വിദ്യാർഥികളുമായ വൈദികർ സഹകാർമികരായിരിക്കും. ഉച്ചയ്ക്ക് ഒന്നിന് ജൂബിലി റാലി നടക്കും. തുടർന്ന് രണ്ടിന് നടക്കുന്ന വജ്രജൂബിലി സമാപന സമ്മേളനം മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. സിഎംഐ കോട്ടയം സെൻറ് ജോസഫ്സ് പ്രോവിൻസ് പ്രൊവിൻഷ്യാൾ റവ. ഡോ. ഏബ്രഹാം വെട്ടിയാങ്കൽ സിഎംഐ അധ്യക്ഷത വഹിക്കും. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് മുഖ്യപ്രഭാഷണം നടത്തും. ജൂബിലിയുടെ ഭാഗമായി നിർമിച്ച സ്നേഹ ഭവനത്തിൻറെ താക്കോൽദാനം ആൻറോ ആൻറണി എംപി നിർവഹിക്കും.

ജൂബിലി സ്മാരക കവാടം കോട്ടയം സിഎംഐ പ്രോവിൻസ് പ്രൊവിൻഷ്യൽ റവ. ഡോ. ഏബ്രഹാം വെട്ടിയാങ്കൽ സിഎംഐ ഉദ്ഘാടനം ചെയ്യും. കോട്ടയം സിഎംഐ സെൻറ് ജോസഫ് എഡ്യൂക്കേഷൻ കോർപറേറ്റ് മാനേജർ ഫാ. ബാസ്റ്റിൻ മംഗലത്തിൽ സിഎംഐ അനുഗ്രഹ പ്രഭാഷണം നടത്തും. സിസിഎം സ്കൂൾ മാനേജർ ഫാ. സണ്ണി പൊരിയത്ത് സിഎംഐ, പ്രിൻസിപ്പൽ ഫാ. ജോബി മംഗലത്തുകരോട്ട് സിഎംഐ, മണിമല പഞ്ചായത്ത് പ്രസിഡൻറ് ജയിംസ് പി. സൈമൺ, ജില്ലാ പഞ്ചായത്തംഗം ജെസി ഷാജൻ, ബ്ലോക്ക് പഞ്ചായത്തംഗം കെ. എസ്. എമേഴ്സൺ, പഞ്ചായത്തംഗം സിറിൽ തോമസ്, കോട്ടയം ഹയർ സെക്കൻഡറി എഡ്യുക്കേഷൻ റീജണൽ ഡെപ്യൂട്ടി ഡ!യറക്ടർ കെ. ആർ. ഗിരിജ, കോട്ടയം എഡ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, കാഞ്ഞിരപ്പള്ളി എഡ്യുക്കേഷണൽ ഓഫീസർ ഇ. ഡി. രാകേഷ്, കറുകച്ചാൽ അസിസ്റ്റൻറ് എഡ്യുക്കേഷണൽ ഓഫീസർ കെ. കെ. ഓമന, സിസിഎം സ്കൂൾ വൈസ് പ്രിൻസിപ്പൽ ടോം ജോൺ, പിടിഎ പ്രസിഡൻറ് ഫ്രാൻസിസ് വർഗീസ്, ജൂബിലി കൺവീനർ ജേക്കബ് തോമസ്, ഫാ. ജോർജ് വയലിൽ കളപ്പുര സിഎംഐ, കെ. പി. സജി എന്നിവർ പ്രസംഗിക്കും.

11ന് രാവിലെ 10ന് നടക്കുന്ന സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ഉദ്ഘാടനം ചെയ്യും. സിസിഎം സ്കൂൾ മാനേജർ ഫാ. സണ്ണി പൊരിയത്ത് സിഎംഐ അധ്യക്ഷത വഹിക്കും. സിഎംഐ ജനറൽ എഡ്യുക്കേഷണൽ കൗൺസിലർ ഫാ. മാർട്ടിൻ മള്ളാത്ത് സിഎംഐ അനുഗ്രഹ പ്രഭാഷണം നടത്തും. സീനിയർ അസിസ്റ്റൻറ് ഷൈനി ജോസഫ് റിപ്പോർട്ട് അവതരിപ്പിക്കും. വൈസ് പ്രിൻസിപ്പൽ ടോം ജോൺ, മണിമല പഞ്ചായത്ത് പ്രസിഡൻറ് ജയിംസ് പി. സൈമൺ, ജില്ലാ പഞ്ചായത്തംഗം ജെസി ഷാജൻ, ബ്ലോക്ക് പഞ്ചായത്തംഗം കെ. എസ്. എമേഴ്സൺ, പഞ്ചായത്തംഗം സിറിൽ തോമസ്, പിടിഎ പ്രസിഡൻറ് ഫ്രാൻസിസ് വർഗീസ്, ഗ്രേസിക്കുട്ടി ജോൺ തുടങ്ങിയവർ പ്രസംഗിക്കും. സർവീസിൽ നിന്ന് വിരമിക്കുന്ന പ്രിൻസിപ്പൽ ഫാ. മാത്യു ജോർജ് മംഗലത്തുകരോട്ട് സിഎംഐ, അധ്യാപകരായ വർഗീസ് മാത്യു, ടി. ഡി. ജോസഫ് എന്നിവർക്ക് യാത്രയയപ്പ് നൽകും. തുടർന്ന് 1.30ന് വിദ്യാർഥികളുടെ കലാപരിപാടികൾ നടക്കും.

പ്രിൻസിപ്പൽ ഫാ. മാത്യു ജോർജ് മംഗലത്തുകരോട്ട് സിഎംഐ, വൈസ് പ്രിൻസിപ്പൽ ടോം ജോൺ, ജൂബിലി കൺവീനർ ജേക്കബ് തോമസ്, പ്രോഗ്രാം കമ്മിറ്റി കൺവീനർ സോജി പി. മാത്യു, ജോയിൻറ് കൺവീനർ കെ. പി. സജി എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# അപകടത്തിൽ പരിക്കേറ്റ യുവാവിൻെറ വള നീക്കം ചെയ്ത് അഗ്നിശമന സേന

കോട്ടയം: ബൈക്ക് അപകടത്തിൽ കൈക്കു ഗുരുതരമായി പരിക്കേറ്റ യുവാവിൻറെ വള സാഹസികമായി നീക്കം ചെയ്ത് അഗ്നിശമന സേന. കോഴഞ്ചേരി കുരങ്ങ്മല കാവിന്കിഴക്കേതിൽ കെ. എസ്. അഖിലിൻറെ (24) കൈയിലെ വളയാണ് നീക്കം ചെയ്തത്.

കൈയ്ക്കു ഗുരുതരമായി പരിക്കേറ്റ അഖിലിൻറെ കൈത്തണ്ട നീര് വച്ചതിനാലാണ് വള ഊരാൻ സാധിക്കാതെ വന്നത്. വള ഊരാതെ പ്ലാസ്റ്റർ ഇടാനും സാധിക്കില്ലായിരുന്നു. ഇതോടെ ഡോക്ടർമാർ അഗ്നിശമന സേനയുടെ സഹായം തേടുകയായിരുന്നു. ഇന്ന് പുലർച്ചെ 1.40 നാണ് അഗ്നിശമന സേന ആശുപത്രിയിലെത്തി അഖിലിൻറെ വള നീക്കം ചെയ്തത്.

കൈക്ക് പൊട്ടലുള്ളതിനാൽ കത്രിക ഉപയോഗിച്ച് വള മുറിക്കാൻ സാധിക്കില്ലായിരുന്നു. അതിനാൽ കട്ടർ ഉപയോഗിച്ചാണ് വള മുറിച്ചത്. കട്ടർ തെന്നിയാൽ ഞരമ്പ് മുറിഞ്ഞ് രോഗി ഗുരുതരാവാസ്ഥയിലാകാൻ സാധ്യതയുണ്ടായിരുന്നതിനാൽ അരമണിക്കൂറിലേറെ സമയമെടുത്ത് സാഹസികമായാണ് വള മുറിച്ചത്.

ഫയർഫോഴ്സ് കോട്ട!യം യൂണിറ്റിലെ അസി. സ്റ്റേഷൻ ഓഫീസർ പി. ഇ. സന്തോഷിൻറെ നേതൃത്വത്തിലായിരുന്നു വള മുറിച്ചു നീക്കിയത്. ഗ്രേഡ് എസ്എഫ്ആർഒ രജീഷ് കുമാർ, നിജിൽ കുമാർ, സി. എം. രമേഷ് കുമാർ എന്നിവരും ഒപ്പമുണ്ടായിരുന്നു. ഇന്നലെ രാത്രി 7.30 ന് കോഴഞ്ചേരിറാന്നി റൂട്ടിൽ മുത്തൂറ്റ് ആശുപത്രിക്ക് സമീപമായിരുന്നു അപകടം. ആലപ്പുഴയിൽനിന്നു വീട്ടിലേക്ക് വരികയായിരുന്ന അഖിലിനെ വൺവേ തെറ്റിച്ച് കയറിവന്ന പെട്ടി ഓട്ടോറിക്ഷ ഇടിച്ചിടുകയായിരുന്നു. അപകടത്തിനുശേഷം ഓട്ടോറിക്ഷ നിർത്താതെ പോയി. അപകടത്തിൽ അഖിലിന് കൈയ്ക്കും കാലിനും ഗുരുതരമായി പരിക്കേറ്റു.

# 16ാമത് ബഷീർ അവാർഡ് ഇ. സന്തോഷ് കുമാറിന്

തലയോലപ്പറമ്പ്: വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റിൻറെ 16ാമത് ബഷീർ അവാർഡ് ഇ. സന്തോഷ് കുമാറിൻറെ നാരകങ്ങളുടെ ഉപമ എന്ന ചെറുകഥാ സമാഹാരത്തിന്. 50, 000 രൂപയും പ്രശസ്തിപത്രവും സി. എൻ. കരുണാകരൻ രൂപകല്പന ചെയ്ത ഫലകവും അടങ്ങുന്നതാണ് അവാർഡ്.

കെ. സി. നാരായണൻ, പി. കെ. രാജശേഖരൻ, ഡോ. കെ. രാധാകൃഷ്ണ വാര്യർ എന്നിവരടങ്ങിയ ജഡ്ജിംഗ് കമ്മിറ്റി ട്രസ്റ്റ് ചെയർമാൻ പി. കെ. ഹരികുമാറിൻറെ അധ്യക്ഷതയിൽ ചേർന്നാണ് അവാർഡ് നിശ്ചയിച്ചത്. വൈക്കം മുഹമ്മദ് ബഷീറിൻറെ ജന്മദിനമായ 21ന് ജന്മദേശമായ തലയോലപ്പറമ്പിലെ ബഷീർ സ്മാരക മന്ദിരത്തിൽ നടക്കുന്ന യോഗത്തിൽ അവാർഡ് നൽകുമെന്ന് ട്രസ്റ്റ് സെക്രട്ടറി ഡോ. സി. എം. കുസുമൻ അറിയിച്ചു.

# ഡോ. വന്ദന ദാസിൻറെ കൊലപാതകം: സിബിഐ അന്വേഷണം ആവശ്യമില്ലെന്ന് സർക്കാർ

കൊച്ചി: ഡോ. വന്ദന ദാസിൻറെ കൊലപാതകത്തിൽ സിബിഐ അന്വേഷണം ആവശ്യമില്ലെന്ന് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ. കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രവും നൽകി. ആവശ്യമെങ്കിൽ സ്പെഷൽ പബ്ലിക് പ്രൊസിക്യൂട്ടറെ നിയമിക്കാമെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചു.

താൽപര്യമുള്ള അഭിഭാഷകൻറെ പേര് നിർദ്ദേശിക്കാൻ മാതാപിതാക്കളോട് ആവശ്യപ്പെട്ടുവെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചു.

ഹർജിയിൽ കക്ഷി ചേരാൻ പ്രതി സന്ദീപിന് കോടതി അനുമതി നൽകിയിട്ടുണ്ട്. അതേസമയം സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി അന്തിമ വാദത്തിനായി ഈ മാസം 18ലേക്ക് മാറ്റി.

സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ഡോ. വന്ദന ദാസിൻറെ മാതാപിതാക്കളാണ് ഹൈക്കോടതിയെ സമീപിച്ചത്.

# കരുവന്നൂരിൽ മാപ്പുസാക്ഷികൾ കൂടുന്നു, പിടിമുറിക്കി ഇഡി

തൃശൂർ: സിപിഎമ്മിൻറെ ചങ്കിടിപ്പേറ്റി കരുവന്നൂരിൽ മാപ്പുസാക്ഷികൾ കൂടുന്നു. കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ വായ്പാ തട്ടിപ്പു കേസുമായി ബന്ധപ്പെട്ട് ബാങ്കിൻറെ മുൻ സെക്രട്ടറി ടി. ആർ. സുനിൽകുമാർ, മുൻ മാനേജർ ബിജു കരീം എന്നിവരാണ് കേസിൽ മാപ്പുസാക്ഷികളാകുക. ഇരുവരേയും മാപ്പുസാക്ഷിയാക്കാൻ അന്വേഷണ സംഘം സമർപിച്ചഅപേക്ഷ വിചാരണകോടതി അനുവദിച്ചതോടെയാണ് സുനിൽ കുമാറും ബിജുകരീമും മാപ്പുസാക്ഷികളാക്കിയത്. ഇവരുടെ രഹസ്യമൊഴിയിൽ സിപിഎം നേതൃത്വത്തിന് തിരിച്ചടിയാകുന്ന പല കാര്യങ്ങളുമുണ്ടെന്നാണ് അഭ്യൂഹം.

രഹസ്യമൊഴി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് മജിസ്ട്രേറ്റിനു മുന്പാകെ രേഖപ്പെടുത്തിയിരുന്നു. ഇതാണ് സിപിഎമ്മിൻറെ ചങ്കിടിപ്പു കൂട്ടുന്നത്. കൂടുതൽ സിപിഎം നേതാക്കളിലേക്ക് ഇഡി അന്വേഷണം ഇനിയും നീളുമോ എന്ന സംശയമാണ് പാർട്ടി പ്രവർത്തകർക്കുള്ളത്. കരുവന്നൂരിലെ കോടികളുടെ തട്ടിപ്പിനെക്കുറിച്ച് ഏറ്റവും നന്നായി അറിയാവുന്ന രണ്ടുപേരാണ് ഇപ്പോൾ മാപ്പുസാക്ഷികളായിരിക്കുന്നത്. കേസിലെ 55 പ്രതികളിൽ 33,34 പ്രതികളാണ് സുനിൽകുമാറും ബിജു കരീമും. കരുവന്നൂരിലെ തട്ടിപ്പിൻറെ മുഴുവൻ കാര്യങ്ങളും ഈ രണ്ടുപേർക്കുമറിയാമെന്നതിനാൽ മാപ്പുസാക്ഷികളാക്കിയ സ്ഥിതിക്ക് ഇവർ എന്തെല്ലാം വെളിപ്പെടുത്തുമെന്നതാണ് സിപിഎമ്മിനെ ആശങ്കയിലാഴ്ത്തുന്നത്.

വരും ദിവസങ്ങളിൽ ഇഡി കൂടുതൽ നടപടികളിലേക്ക് കടക്കുമെന്നാണ് സൂചന. ഉന്നതരായ പല നേതാക്കളിലേയും പുതുവർഷത്തിൽ ഇഡി ചോദ്യം ചെയ്യലിന് വിളിക്കുമെന്നും സിപിഎം നേതൃത്വത്തിന് ഭയമുണ്ട്.

# ഗവർണർക്കെതിരേ എസ്എഫ്ഐയുടെ അസഭ്യ മുദ്രാവാക്യ വിളി; പരാതിയുമായി ബിജെപി

ഇടുക്കി: ഭരണഘടന പദവിയിലിരിക്കുന്ന ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരേ അസഭ്യമുദ്രാവാക്യം വിളിച്ച എസ്എഫ്ഐ, ഡിവൈഎഫ്ഐ പ്രവർത്തകർക്കെതിരേ പരാതി നൽകി ബിജെപി. ബിജെപി മധ്യമേഖല പ്രസിഡൻറ് ഹരിയാണ് ജില്ല പോലീസ് മോധാവിക്ക് പരാതി നൽകി. സംഭവത്തിൽ കേസെടുത്ത് അന്വേഷണം ആരംഭിക്കണമെന്നും പരാതിയിൽ ചൂണ്ടിക്കാട്ടുന്നു.

ചൊവ്വാഴ്ചയായിരുന്നു സംഭവം. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻറെ ഇടുക്കി സന്ദർശനത്തിനിടെയാണ് സിപിഎം പ്രവർത്തകരുടെ പ്രതിഷേധമുണ്ടായത്. 'താന്തോന്നി, തെമ്മാടി, എച്ചിൽ പട്ടി' എന്നിങ്ങനെയുള്ള അസഭ്യ മുദ്രാവാക്യം വിളികളോടെയായിരുന്നു എസ്എഫ്ഐ, ഡിവൈഎഫ്ഐ പ്രവർത്തകരുടെ പ്രതിഷേധ പ്രകടനം. തുടർന്ന് ഇവിടെ കുത്തിയിരുന്നും പ്രവർത്തകർ പ്രതിഷേധിച്ചു.

കേരള വ്യാപാരിവ്യവസായി ഏകോപന സമിതി ഇടുക്കി ജില്ലാ കമ്മിറ്റി നടപ്പാക്കുന്ന കാരുണ്യ കുടുംബ സുരക്ഷാ പ്രോജക്ട് ഉദ്ഘാടനം ചെയ്യാനാണ് ഗവർണർ തൊടുപുഴയിലെത്തിയത്. എൽഡിഎഫ് ഇടുക്കിയിൽ ഹർത്താൽ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ പോലീസ് സുരക്ഷ ശക്തമാക്കിയിട്ടുണ്ടായിരുന്നു.

# കേന്ദ്ര നയം കാർഷിക വളർച്ചയ്ക്ക് തടസമായി: രാഷ്ട്രീയ ജനതാദൾ

കോഴിക്കോട്: കാർഷിക മേഖലയിലെ കേന്ദ്ര നയങ്ങൾ മൂലം കാർഷികവളർച്ച വിപരീതമായെന്നും കൃഷിക്കാർ വൻതോതിൽ കൃഷി ഉപേക്ഷിക്കുന്നതുമൂലം രാജ്യത്തിന്റെ ഭക്ഷ്യ സ്വയംപര്യാപ്തത നശിക്കുമെന്നും രാഷ്ട്രീയ ജനതാദൾ നേതൃയോഗം അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തെ പാർലമെന്റ് മണ്ഡലങ്ങളിൽ പാർട്ടി കൺവെൻഷനുകൾ ഫെബ്രുവരി മാസത്തിൽ നടത്തും. മുൻമന്ത്രി പി ആർ കുറുപ്പിന്റെ ചരമവാർഷികം ജനുവരി 17ന് പാനൂരിൽ വിപുലമായ റാലിയോട് കൂടി നടത്തും. രാഷ്ട്രീയ യുവജനതാദളിന്റെ സംസ്ഥാന ക്യാമ്പ് ജനുവരി 19മുതൽ 21വരെ വയനാട്ടിലെ മുത്തങ്ങയിൽ നടത്തും. സാമൂഹിക നീതി രാഷ്ട്രീയമുയർത്തിപ്പിടിക്കുന്ന സംഘടനകളും ആയി ആശയവിനിമയം നടത്തുന്നതിന് യോഗം തീരുമാനിച്ചു.

യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എം വി ശ്രേയാംസ്കുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജനറൽ ഡോ. വറുഗീസ് ജോർജ്ജ്, സംസ്ഥാന ഭാരവാഹികളായ ഇ പി ദാമോദരൻ മാസ്റ്റർ, കെ കെ ഹംസ, വി കുഞ്ഞാലി, സലിം മടവൂർ തുടങ്ങിയവർ പങ്കെടുത്തു.

# നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ചുറ്റുമതിൽ പുനർനിർമ്മിക്കും: മന്ത്രി ജി ആർ അനിൽ

നെടുമങ്ങാട്: നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ ചുറ്റുമതിൽ മഴയിൽ തകർന്നത് പുനർനിർമ്മിക്കുമെന്ന് മന്ത്രി അഡ്വ. ജി ആർ അനിൽ അറിയിച്ചു.

ചുറ്റുമതിൽ ഇടിഞ്ഞഭാഗം ഇന്നലെ രാവിലെ മന്ത്രി സന്ദർശിച്ചു. കെട്ടിടങ്ങൾക്ക് ബലക്ഷയം ഉണ്ടാകാനുള്ള സാധ്യത മുന്നിൽക്കണ്ട് അടിയന്തരമായി ചുറ്റുമതിൽ പുതുക്കിപ്പണിയുമെന്ന് മന്ത്രി ഉറപ്പ് നൽകി. ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. രേഖ, അഡ്വ. ആർ ജയദേവൻ, പാട്ടത്തിൽ ഷെരീഫ് തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

# ഇടിമിന്നലോടു കൂടിയ മഴ വരുന്നു, 40 കി. മീ വേഗത്തിൽ കാറ്റിനും സാധ്യത

തിരുവനന്തപുരം: കേരളത്തിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇന്ന് ഇടിമിന്നലോടു കൂടിയ മഴക്ക് സാധ്യതയെന്നറിയിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും അറിയിപ്പിലുണ്ട്.

വരുന്ന അഞ്ച് ദിവസം സംസ്ഥാനത്ത് മിതമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും അറിയിപ്പിലുണ്ട്. എന്നാൽ ഒരു ജില്ലയിലും മഴ അലർട്ടുകൾ പ്രഖ്യാപിച്ചിട്ടില്ല. കോഴിക്കോട് ജില്ലയുടെ മലയോര മേഖലകളിൽ ഇന്നലെ കനത്ത മഴ രേഖപ്പെടുത്തി. വൈകിട്ട് 5.30 ഓടെ തുടങ്ങിയ മഴ രാത്രിയും തുടർന്നു. മലയോര മേഖലകളായ താമരശേരി, കുറ്റ്യാടി എന്നിവടങ്ങളിലാണ് കൂടുതൽ മഴ ലഭിച്ചത്. താരശേരി ടൗണിലെ ബസ് സ്റ്റാൻഡ് പരിസരത്തും പോലീസ് സ്റ്റേഷന് സമീപവും വെള്ളക്കെട്ട് രൂപപ്പെട്ടു. ചുങ്കം, കാലാടി മേഖലകളിലും കനത്ത മഴമൂലം വെള്ളക്കെട്ടുണ്ടായി. താരശേരി ചുരത്തിലെ ഒന്നാം വളവിൽ പാലത്തിൽ നിന്നും കാർ താഴ്ചയിലേക്ക് മറിഞ്ഞു. കാറിൽ ഡ്രൈവർ മാത്രമാണുണ്ടായിരുന്നത്. ഇയാൾ പരിക്കേൽക്കാതെ രക്ഷപെട്ടു.

# അഭിഭാഷകനോട് അപമര്യദയായി പെരുമാറിയ സംഭവം; എസ്ഐ ഉൾപ്പെടെ കോടതിയിൽ ഹാജരാകണം

പാലക്കാട്: ആലത്തൂരിൽ അഭിഭാഷകനോട് അപമര്യദയായി പെരുമാറിയ സംഭവത്തിൽ പോലീസ് ഉദ്യേഗസ്ഥരോട് നേരിട്ട് ഹാജരാകാൻ കോടതിയുടെ നിർദേശം. ആലത്തൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്.

ഈ മാസം 12 ന് ഹാജരാകാനാണ് ഉദ്യേഗസ്ഥർക്ക് നിർദേശം. സംഭവം നടന്ന സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന എല്ലാ ഉദ്യേഗസ്ഥരുടെയും രേഖകളും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

അപകടത്തെതുടർന്ന് പോലീസ് കസ്റ്റഡിയിലെടുത്ത വാഹനം വിട്ടുനൽകണമെന്ന കോടതിയുടെ ഉത്തരവുമായാണ് അഡ്വ. അകിബ് സുഹൈൽ പോലീസ് സ്റ്റേഷനിലെത്തിയത്. തുടർന്ന്, എസ്ഐ ഇയാളോട് കയർത്ത് സംസാരിക്കുകയായിരുന്നു. തുടർന്ന് അഭിഭാഷകൻ കോടതിയലക്ഷ്യ ഹർജി സമർപ്പിക്കുകയായിരുന്നു. ഈ ഹർജിയിലാണ് കോടതിയുടെ ഇടപെടൽ.

# ഇടതുമുന്നണിയോട് ലോക്സഭാ സീറ്റ് ആവശ്യപ്പെടും; ഐഎൻഎൽ

കോഴിക്കോട്: ലോക്സഭാ തെരഞ്ഞെടുപ്പിൽ ഐഎൻഎൽ മത്സരിക്കുമെന്ന് നിലപാട് വ്യക്തമാക്കി സംസ്ഥാന പ്രസിഡൻറ് അഹമ്മദ് ദേവർകോവിൽ. ഇടതു മുന്നണിയോട് സീറ്റ് ആവശ്യപ്പെടാനാണ് തീരുമാനം. ഏത് സീറ്റിലാണ് മത്സരിക്കുക എന്നത് ചർച്ചചെയ്ത് തീരുമാനിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

കോഴിക്കോട് നടന്ന സംസ്ഥാന കമ്മറ്റിയിലാണ് ഇതു സംബന്ധിച്ച് തീരുമാനമുണ്ടായത്. ഒരു രാഷ്ട്രീയ പാർട്ടി എന്നനിലയിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കണമെന്നാണ് കമ്മറ്റിയുടെ തിരുമാനമെന്ന് ദേവർകോവിൽ പറഞ്ഞു.

രാമക്ഷേത്ര പ്രതിഷ്ഠാ ദിനത്തിൽ കോഴിക്കോട് പാർട്ടി സൗഹാർദ സംഗമം നടത്തും. ഈ വിഷയത്തിൽ കോൺഗ്രസിൻറെ നിലപാട് തെറ്റാണെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അധികാരം നേടിയ ഇടതുമുന്നണി ഐഎൻഎല്ലിന് രണ്ടര വർഷം മന്ത്രി സ്ഥാനം നൽകിയിരുന്നു. ഈ കാലാവധി പൂർത്തിയായതിനു പിന്നാലെയാണ് ലോക്സഭാ സീറ്റ് ആവശ്യപ്പെട്ട് മുന്നണിയെ സമീപിക്കാനുള്ളതീരുമാനം.

# അഭിമുഖം 12ന്

തിരുവനന്തപുരം : ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ വെള്ളിയാഴ്ച രാവിലെ 10ന് അഭിമുഖം നടക്കും. കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ്: യോഗ്യത: പ്ലസ്ടു/ ബിരുദം/ബിരുദാനന്തരബിരുദം(സ്ത്രീകൾ/പുരുഷന്മാർ), ഗോൾഡ് ലോൺ ഓഫിസർ/റിലേഷൻഷിപ്പ് ഓഫിസർ/ സീനിയർ സെയിൽസ് ഓഫിസർ/ സെയിൽസ് ഓഫിസർ: യോഗ്യത: ഡിഗ്രി(സ്ത്രീകൾ/പുരുഷന്മാർ), അക്കൗണ്ടന്റ് (പുരുഷന്മാർ): യോഗ്യത: ബികോം(പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന), ഡ്യൂട്ടി മാനേജർ/ സ്റ്റോർ കീപ്പർ (പരുഷന്മാർ): യോഗ്യത: ബിരുദം /ഡിപ്ലോമ (പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന), ഡ്യൂട്ടി ഓഫിസർ/ കോംമിസ്/ഷെഫ് (സ്ത്രീകൾ/പുരുഷന്മാർ): യോഗ്യത: ബിരുദം/ഡിപ്ലോമ (പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന), ഗസ്റ്റ് റിലേഷൻ എക്സിക്യൂട്ടീവ് (സ്ത്രീകൾ): യോഗ്യത: ബിരുദം/ഡിപ്ലോമ (പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന) എന്നീ തസ്തികകളിലെ നിയമനത്തിനായാണ് അഭിമുഖം.

പ്രായപരിധി 35 വയസ്. പ്രവൃത്തി പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും അപേക്ഷിക്കാം. എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗാർത്ഥികൾ ഓഫിസുമായി ബന്ധപ്പെട്ട് മുൻകൂട്ടി രജിസ്ട്രേഷൻ ഉറപ്പ് വരുത്തേണ്ടതാണ്. ഫോൺ: 04712992609.

# ഡെപ്യൂട്ടേഷൻ നിയമനം

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എറണാകുളം മേഖലാ ഓഫീസിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ (ശമ്പള സ്കെയിൽ 26500 60700) അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്നതിന് സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് അപേക്ഷക്ഷണിച്ചു. വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം സഹിതം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.സി.പി. ബിൽഡിങ്, ആര്യശാല, തിരുവനന്തപുരം 695036 എന്ന വിലാസത്തിൽ ജനുവരി 30 നു മുമ്പായി നിശ്ചിത ഫാമിൽ അപേക്ഷ സമർപ്പിക്കണം.

# ഓഫീസിലെ ബാത്ത്റൂമിലെത്തിച്ച് ലൈംഗിക പീഡനം, അധ്യാപകനെതിരെ പരാതിയുമായി 500 വിദ്യാർഥിനികൾ

ഛണ്ഡീഢഡ്: ഹരിയാനയിൽ അധ്യാപകനെതിരെ പീഡനപരാതിയുമായി അഞ്ഞൂറ് കോളജ് വിദ്യാർഥിനികൾ. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ഹരിയാന മുഖ്യമന്ത്രി എം. എൽ. ഖട്ടറിനും ഇക്കാര്യം ചൂണ്ടിക്കാട്ടി വിദ്യാർഥിനികൾ കത്തയയ്ക്കുകയും ചെയ്തു. സിർസയിലുള്ള ചൗദരിദേവി ലാൽ സർവ്വകലാശാലയിലെ അധ്യാപകനെതിരെയാണ് പീഡന പരാതി ഉയർന്നിരിക്കുന്നത്.

ഹരിയാന ഗവർണർ ബൺഡാരു ദത്താത്രെയ, വൈസ് ചാൻസിലർ ഡോ. അജ്മർ സിങ് മാലിക്ക്, ആഭ്യന്തര മന്ത്രി അനിൽ വിജ്, ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ രേഖ ശർമ്മ, ഉന്നത സർക്കാർ ഉദ്യോഗസ്ഥർക്കും, മാധ്യമങ്ങൾക്കും പരാതിയുടെ പകർപ്പ് കൈമാറിയിട്ടുണ്ട്. ഇയാളെ സസ്പെൻഡു ചെയ്യണമെന്നും വിമരമിച്ച ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ അന്വേഷണം നടത്തണമെന്നും വിദ്യാർഥിനികൾ പരാതിയിൽ ആവശ്യപ്പെടുന്നു.

വൈസ് ചാൻസിലർക്ക് പരാതി നൽകിയപ്പോൾ കോളേജിൽനിന്ന് പുറത്താക്കുമെന്ന് അദ്ദേഹം ഭീഷണിപ്പെടുത്തിയെന്നും വിദ്യാർഥികൾ പറയുന്നു. പരാതിയിൽ പറയുന്ന അധ്യാപകന് വൻ രാഷ്ട്രീയ സ്വാധീനമുണ്ടെന്ന് വിസി പറഞ്ഞെന്നും ആരോപണങ്ങൾ ഒതുക്കി തീർക്കാൻ മാർക്ക് വാഗ്ദാനം ചെയ്തെന്നും വിദ്യാർഥിനികൾ അറിയിച്ചു. അധ്യാപകൻ വിദ്യാർഥിനികളെ ഓഫീസിലേക്ക് വിളിപ്പിച്ച ശേഷം ബാത്ത് റൂമിലേക്ക് കൊണ്ടുപോയി സ്വകാര്യ ഭാഗങ്ങളിൽ സ്പർശിച്ച് ലൈംഗികാതിക്രമം നടത്തിയെന്നാണ് പരാതിയിലെ മുഖ്യ ആരോപണം. പ്രതികരിച്ചപ്പോൾ അധ്യാപകൻ ഭീഷണിപ്പെടുത്തിയതായും മാസങ്ങളായി ഇത് തുടരുകയാണെന്നും വിദ്യാർഥിനികൾ പറയുന്നു.

കത്ത് ലഭിച്ചിട്ടുണ്ടെന്ന് യൂണിവേഴ്സിറ്റി റജിസ്ട്രാർ ഡോ. രാജേഷ് കുമാർ ബൻസല്ലും സ്ഥിരീകരിച്ചിട്ടുണ്ട്. അധ്യാപകൻറെ ഓഫീസിലെ സിസിടിവി ദൃശ്യങ്ങൾ പോലീസിന് കൈമാറിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചുവെങ്കിലും ഈ ദൃശ്യങ്ങൾ നീക്കം ചെയ്തുവെന്ന് വിദ്യാർഥിനികൾ ആരോപിക്കുന്നു.

# സ്റ്റാർട്ടപ്പ് സിഇഒ ഭർത്താവുമായുള്ള പ്രശ്നത്തിൽ മകനെ കൊന്ന് ബാഗിലാക്കി

ബെംഗളൂരുന്മ ഭർത്താവുമായുള്ള പ്രശ്നങ്ങളെ തുടർന്നാണ് സ്റ്റാർട്ടപ്പ് കമ്പനി സിഇഒയായ യുവതി നാലു വയസ്സുകാരനായ മകനെ കൊലപ്പെടുത്തിയതെന്ന് റിപ്പോർട്ട്. മകനെ കൊലപ്പെടുത്തി ബാഗിലാക്കി കടക്കുന്നതിനിടെ സുചന സേത്ത്(39) എന്ന യുവതിയെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ഭർത്താവുമായി അകന്നു കഴിയുകയായിരുന്നു ഇവരെന്നും ഡിവോഴ്സ് നടപടികൾ നടന്നുവരുന്നതിനിടെയാണ് മകനെ കൊലപ്പെടുത്തിയതെന്നും പൊലീസ് അറിയിച്ചു. ബംഗാൾ സ്വദേശിയായ ഭർത്താവുമായുള്ള ബന്ധത്തിൽ സുചന തൃപ്തയായിരുന്നില്ലെന്നാണ് പൊലീസ് ഭാഷ്യം.

ഗോവയിലെ ആഡംബര അപ്പാർട്ട്മെന്റിൽ വച്ചാണ് സുചന സേത്ത് കുഞ്ഞിനെ കൊലപ്പെടുത്തിയതെന്നു പൊലീസ് വെളിപ്പെടുത്തി. തുടർന്ന് മൃതദേഹം ബാഗിലാക്കി ടാക്സി വിളിച്ച് കർണാടകയിലേക്കു പോകുന്നതിനിടെയാണ് പൊലീസിന്റെ പിടിയിലാകുന്നത്. ശനിയാഴ്ച കുഞ്ഞിനൊപ്പം അപ്പാർട്ട്മെന്റിലെത്തിയ സുചന തിങ്കളാഴ്ച തിരികെ പോയപ്പോൾ കുഞ്ഞ് കൂടെയില്ലാതിരുന്നതിൽ ജീവനക്കാർക്ക് സംശയം തോന്നിയതാണ് കുടുക്കാൻ സഹായിച്ചത്. പൊലീസ് ഫോണിൽ ബന്ധപ്പെട്ടപ്പോൾ മകൻ സുഹൃത്തിനൊപ്പം ഫത്തോർദ എന്ന സ്ഥലത്താണെന്നു പറഞ്ഞ സുചന, തെറ്റായ വിലാസം നൽകുകയും ചെയ്തു. !

ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ പുതിയ സാധ്യതകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 'ദ് മൈൻഡ്ഫുൾ എഐ ലാബ്' എന്ന സ്റ്റാർട്ടപ്പിന്റെ സഹസ്ഥാപകയും സിഇഒയുമാണ് സുചന സേത്ത്. കഴിഞ്ഞ നാലു വർഷമായി കമ്പനിയെ നയിക്കുന്നത് സുചനയാണ്. ബോസ്റ്റണിൽ ഹാർവഡ് സർവകലാശാലയിൽ പ്രവർത്തിക്കുന്ന ഗവേഷണ കേന്ദ്രമായ ബെർക്മാൻ ക്ലെയിൻ സെന്ററുമായി ചേർന്ന രണ്ടു വർഷത്തോളം പ്രവർത്തിച്ചിരുന്നു. ദ് മൈൻഡ്ഫുൾ എഐ ലാബ് സ്ഥാപിക്കുന്നതിനു മുൻപ് ബെംഗളൂരുവിലെ ബൂമറാങ് കൊമേഴ്സിൽ ഡാറ്റ സയന്റിസ്റ്റായി ജോലി നോക്കിയിരുന്നു. കമ്പനിയുടെ ഡാറ്റ സയൻസ് ഗ്രൂപ്പിൽ സീനിയർ അനലറ്റിക്സ് കൺസൾട്ടന്റായും പ്രവർത്തിച്ചു.

കൽക്കട്ട സർവകലാശാലയിൽനിന്ന് ഭൗതികശാസ്ത്രത്തിൽ( പ്ലാസ്മ ഫിസിക്സ് വിത്ത് ആസ്ട്രോ ഫിസിക്സ്) 2008ൽ ഫസ്റ്റ് ക്ലാസോടെയാണ് ബിരുദാനന്തര ബിരുദം സ്വന്തമാക്കിയത്. രാമകൃഷ്ണമിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിൽനിന്ന് സംസ്കൃതത്തിൽ പിജി ഡിപ്ലോമ ഒന്നാം റാങ്കോടെയും പാസായി.

# ചെന്നൈയിൽ ദളിത് യുവാവിനെ വിവാഹം ചെയ്ത യുവതിയെ ചുട്ടുകൊന്നു

ചെന്നൈ: തമിഴ്നാട്ടിൽ വീണ്ടും ദുരഭിമാനക്കൊല. തഞ്ചാവൂരിൽ ദളിത് യുവാവിനെ വിവാഹം ചെയ്ത 19കാരിയെ ചുട്ടുകൊന്നു. അച്ഛനും ബന്ധുക്കളും ചേർന്ന് യുവതിയെ കൊന്നത്. സംഭവത്തിൽ പെൺകുട്ടിയുടെ അച്ഛൻ പെരുമാൾ അടക്കം അഞ്ച് പേരെ പോലീസ് അറസ്റ്റ് ചെയ്തു.

തഞ്ചാവൂർ സ്വദേശി ഐശ്വര്യയാണ് കൊല്ലപ്പെട്ടത്. നവീനാണ് ഭർത്താവ്. ഡിസംബർ 31നായിരുന്നു ഇവരുടെ വിവാഹം. തിരുപ്പൂരിലെ വസ്ത്രനിർമാണ കമ്പനിയിൽ ജീവനക്കാരനായ നവീൻ സുഹൃത്തുക്കളുടെ സാന്നിധ്യത്തിൽ ഐശ്വര്യയെ വിവാഹം ചെയ്തശേഷം വീരപാണ്ടിയിലെ വാടക വീട്ടിലേക്ക് മാറി താമസിച്ചിരുന്നു.

അതേസമയം മകളെ കാണാനില്ലെന്ന പരാതിയുമായി ജനുവരി രണ്ടിന് ഐശ്വര്യയുടെ അച്ഛൻ പെരുമാൾ പല്ലടം പോലീസ് സ്റ്റേഷനിലെത്തി. ഇതേ തുടർന്ന് ഐശ്വര്യയെ വിളിച്ചുവരുത്തിയ പോലീസ് അച്ഛനൊപ്പം പറഞ്ഞയച്ചു.

അഞ്ച് ദിവസത്തിനുശേഷം ഐശ്വര്യക്കെന്തോ അപകടം സംഭവിച്ചുവെന്ന് സംശയിക്കുന്നതായി സുഹൃത്ത് അറിയിച്ചതോടെ നവീൻ വീണ്ടും പോലീസ് സ്റ്റേഷനിലെത്തുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഐശ്വര്യയെ ചുട്ടുകൊന്നതായി കണ്ടെത്തിയത്.

# ഇഡി ഉദ്യോഗസ്ഥർക്കെതിരായ ആക്രമണം : പൊതുതാല്പര്യ ഹർജി തള്ളി

കൊൽക്കത്ത: ബംഗാളിലെ ഇഡി ഉദ്യോഗസ്ഥർക്കെതിരായ ആക്രമണത്തിനെതിരായ പൊതുതാല്പര്യ ഹർജിയിൽ അടിയന്തര വാദം കേൾക്കുന്നത് കൽക്കട്ട ഹൈക്കോടതി തള്ളി. ഇന്നലെ കേസ് പരിഗാണിരിക്കെയാണ് കോടതിയുടെ നടപടി. കേസിൽ വ്യാഴാഴ്ച വാദം കേൾക്കുമെന്ന് ചീഫ് ജസ്റ്റിസ് ടി എസ് ശിവജ്ഞാനം, ജസ്റ്റിസ് സുപ്രതിം ഭട്ടാചാര്യ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് അറിയിച്ചു.

പശ്ചിമബംഗാളിലെ നോർത്ത് 24 പർഗാനാസ് ജില്ലയിലെ സന്ദേശ്ഖാലിയിൽ റെയ്ഡിന് പോയ ഇഡി സംഘത്തിന് നേരെയാണ് ആക്രമണം ഉണ്ടായത്. റേഷൻ അഴിമതിയുമായി ബന്ധപ്പെട്ടായിരുന്നു ഇഡി സംഘം റെയ്ഡിനെത്തിയത്. തൃണമൂൽ നേതാവ് ഷാജഹാൻ ഷെയ്ഖിന്റെ വീട്ടിൽ റെയ്ഡിനെത്തിയ സംഘത്തെയാണ് 200ഓളം വരുന്ന പ്രദേശവാസികൾ ആക്രമിച്ചത്. സംഘം ഇഡി ഉദ്യോഗസ്ഥരെയും അർധ സൈനിക വിഭാഗത്തേയും വളഞ്ഞിട്ട് ആക്രമണം അഴിച്ചു വിടുകയായിരുന്നു. ഇ ഡി ഉദ്യോഗസ്ഥർ എത്തിയ വാഹനങ്ങളും ആൾക്കൂട്ടം തകർത്തിരുന്നു.

# രാമക്ഷേത്രം: ബിഹാർ മന്ത്രിയുടെ പ്രസ്താവന വിവാദത്തിൽ

പട്ന: അയോധ്യയിൽ രാമക്ഷേത്ര പ്രതിഷ്ഠാ ചടങ്ങ് നടക്കാനിരിക്കെ ബിഹാർ മന്ത്രി ചന്ദ്രശേഖറിന്റെ പ്രസ്താവന വിവാദത്തിൽ. ആളുകൾ അസുഖബാധിതരാകുകയോ പരിക്കേൽക്കുകയോ ചെയ്താൽ ക്ഷേത്രത്തിലേക്കാണോ, അതോ ആശുപത്രിയിലേക്കാണോ പോകുകയെന്നാണ് മന്ത്രി ചോദിച്ചത്.

നിങ്ങൾക്ക് വിദ്യാഭ്യാസം നേടി ഒരു ഓഫിസർ ആകണമെങ്കിൽ, അല്ലെങ്കിൽ എംഎൽഎയോ എംപിയോ ആകണമെങ്കിൽ ക്ഷേത്രത്തിലേക്കാണോ പോകുക? അതോ സ്കൂളിലേക്ക് പോകുമോ എന്നും മന്ത്രി ചന്ദ്രശേഖർ ചോദിച്ചു. കപട ഹിന്ദു വാദത്തെയും കപട ദേശീയവാദത്തെയും കുറിച്ച് ജനങ്ങൾ ജാഗരൂകരായിരിക്കണമെന്നും മന്ത്രി നിർദേശിച്ചു.

ശ്രീരാമൻ എല്ലായിടത്തും, നമ്മിൽ ഓരോരുത്തരിലും വസിക്കുന്നു എന്നാണ് പറയപ്പെടുന്നത്. അങ്ങനെയെങ്കിൽ രാമനെ തേടി നിങ്ങൾ എവിടെ പോകും? ഇത്തരം കേന്ദ്രങ്ങൾ ചൂഷണത്തിനു വേണ്ടിയുള്ളതാണ്. സമൂഹത്തിലെ ചില ഗൂഢാലോചനക്കാരുടെ പോക്കറ്റ് നിറയ്ക്കാൻ വേണ്ടിയുള്ളതാണെന്നും, രാമക്ഷേത്രവുമായി ബന്ധപ്പെട്ട് മന്ത്രി ചന്ദ്രശേഖർ അഭിപ്രായപ്പെട്ടു.

# ഡി സി എ കോഴ്സുകൾക്ക് അപേക്ഷിക്കാം

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ ഉടൻ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ). ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് (ഡി.റ്റി.പി), ഡേറ്റ എൻട്രി, ഓട്ടോ കാഡ് (2D, 3D), Smen, PHP, Python Programming, Web Designing, MS Office, Office Automation, C++ Programming, C Programming, JAVA Programming, ഹാൻഡ് എംബ്രോയിഡറി ആൻഡ് പെയിന്റിങ്, അപ്പാരൽ ഡിസൈനിങ്, ബ്യൂട്ടീഷ്യൻ, ക്രാഫ്റ്റ് വർക്ക്, കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്, വീഡിയോ എഡിറ്റിങ്, ഹാർഡ് വെയർ ആൻഡ് നെറ്റ്വർക്കിങ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

ആൺകുട്ടികൾക്കും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്കായി നേരിട്ടോ, 0471 2490670 എന്ന നമ്പരിലോ ബന്ധപ്പെടുക.

# ശ്രീരാമൻ മാംസാഹാരി: 'അന്നപൂർണി' ക്കെതിരെ കേസ്

മുംബൈ: ശ്രീരാമൻ മാംസാഹാരിയെന്ന് വിശേഷിപ്പിക്കുന്നുവെന്ന് ആരോപിച്ച് തെന്നിന്ത്യൻ താരം നയൻതാര അഭിനയിച്ച 'അന്നപൂർണി: ദ ഗോഡ്സ് ഓഫ് ഫുഡ്' എന്ന ചിത്രത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്ത് മുംബൈ പൊലീസ്.

ചിത്രം രാമനെ വികലമായി ചിത്രീകരിക്കുന്നുവെന്നും ലവ് ജിഹാദിനെ പ്രോത്സാഹിപ്പിക്കുന്നെന്നും ആരോപിച്ച് ഹിന്ദു ഐടി സെൽ എന്ന സംഘടനയാണ് രംഗത്തെത്തിയത്. സംഭവത്തിൽ മുംബൈ എൽടി മാർഗ് പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് എഫ്ഐആർ ഫയൽ ചെയ്തു. ചിത്രം ഒടിടിയിൽ റിലീസ് ചെയ്തതിന് പിന്നാലെയാണ് ഹിന്ദു ഐടി സെൽ പരാതിയുമായി എത്തിയത്.

ചിത്രത്തിലെ നായക കഥാപാത്രമായ ജയ്, ശ്രീരാമൻ മാംസാഹാരം കഴിക്കുന്നയാളായിരുന്നുവെന്ന് പറയുന്നുണ്ടെന്നും ഇത് മതവികാരം വ്രണപ്പെടുത്തിയെന്നും പരാതിയിൽ പറയുന്നു. കൂടാതെ ചിത്രത്തിലെ മറ്റൊരു രംഗത്ത് ഒരു പാചക മത്സരത്തിന് മുമ്പ് സ്കാർഫ് കൊണ്ട് തല മറച്ച് ഇസ്ലാമിക വിധി പ്രകാരം നിസ്കരിക്കുന്നുണ്ടെന്നും പാചകം ചെയ്യുന്നതിന് മുമ്പ് നിസ്കരിക്കുമ്പോൾ തന്റെ ബിരിയാണിക്ക് അസാധാരണമായ രുചിയുണ്ടായിരുന്നുവെന്ന് കോളജിലെ ഒരു സുഹൃത്ത് നയൻതാരയുടെ കഥാപാത്രത്തിനോട് പറയുന്ന രംഗമുണ്ടെന്നും ഹിന്ദു ഐടി സെൽ ആരോപിക്കുന്നു.

# സ്പോർട്സ് സ്കൂൾ സെലക്ഷൻ

സംസ്ഥാന യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലേക്കുള്ള 202425 അധ്യയന വർഷത്തെ സെലക്ഷൻ ട്രയൽസിനോടൊപ്പം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺലിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവിടങ്ങളിലേക്ക് 7, 8 പ്ലസ് വൺ എന്നീ കോഴ്സുകളിലേക്കുള്ള സെലക്ഷനും 2024 ജനുവരി 10 മുതൽ വോളിബോൾ, ബോക്സിങ്, ഹോക്കി, ജൂഡോ, തയ്ക്കൊണ്ടോ, റെസ്ലിങ് എന്നീ കായിക ഇനങ്ങളിലായി നടത്തുന്നു.

ജനുവരി 10ന് പോലീസ് പരേഡ് ഗ്രൗണ്ട് കണ്ണൂർ ആൻഡ് ഗവ. ഹൈസ്കൂൾ അടിമാലി, ജനുവരി 11ന് ഇ.എം.എസ് സ്റ്റേഡിയം നീലേശ്വരം & ന്യൂമാൻ കോളജ് തൊടുപുഴ, ജനുവരി 12ന് എം.ജി കോളജ്, ഇരിട്ടി, & യു.സി കോളജ് ആലുവ, ജനുവരി 13ന് ഗവ. കോളജ് മടപ്പള്ളി & ഗവ. ഡി.വി.എച്ച്.എസ് ചാരമംഗലം, ആലപ്പുഴ, ജനുവരി 14ന് വയനാട് ഡിസ്ട്രിക്ട് സ്റ്റേഡിയം കൽപ്പറ്റ & മുനിസിപ്പൽ സ്റ്റേഡിയം പാലാ, ജനുവരി 15ന് ഗവ. ഫിസിക്കൽ എഡ്യൂക്കേഷൻ കോളജ് കോഴിക്കോട് & സെന്റ് ഡൊമിനിക്സ് കോളജ് കാഞ്ഞിരപ്പള്ളി, ജനുവരി 16ന് കോട്ടപ്പടി സ്റ്റേഡിയം, മലപ്പുറം & മുനിസിപ്പൽ സ്റ്റേഡിയം പത്തനംതിട്ട, ജനുവരി 17ന് മുൻസിപ്പൽ സ്റ്റേഡിയം, നിലമ്പൂർ & ആശ്രമം മൈതാനം, കൊല്ലം, ജനുവരി 18ന് മെഡിക്കൽ കോളജ് ഗ്രൗണ്ട്, പാലക്കാട് & ജി.വി രാജ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, ജനുവരി 19ന് ക്രൈസ്റ്റ് കോളജ് ഇരിങ്ങാലക്കുട & മുൻസിപ്പൽ സ്റ്റേഡിയം നെയ്യാറ്റിൻകര എന്നിങ്ങനെയായിരിക്കും സെലക്ഷൻ സമയക്രമം.

സെലക്ഷനിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആധാർ കാർഡ്, 2 പാസ്പോർട്ട് ഫോട്ടോഗ്രാഫ്, സ്പോർട്സ് ഡ്രസ് സഹിതം മേൽ സൂചിപ്പിച്ച ഏതെങ്കിലും സെന്ററിൽ അതാത് ദിവസം രാവിലെ 9 മണിക്ക് എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് sdya.kerala.gov.in, sportscouncil.kerala.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

# വിവാദങ്ങളിൽ പെടരുത്, രാമക്ഷേത്ര പ്രതിഷ്ഠ വിജയിപ്പിക്കുന്നതിൽ മന്ത്രിമാർ ശ്രദ്ധ പുലർത്തണം: നരേന്ദ്ര മോദി

ന്യൂഡൽഹി: ജനുവരി 22 ന് നടക്കുന്ന രാമക്ഷേത്ര പ്രതിഷ്ഠാ ചടങ്ങ് വിജയിപ്പിക്കുന്നതിൽ ശ്രദ്ധ നൽകണമെന്ന് കേന്ദ്രമന്ത്രിമാർക്ക് പ്രധാനമന്ത്രിയുടെ നിർദേശം. മന്ത്രിമാർ വിവാദ വിഷയങ്ങളിൽ നിന്ന് വിട്ടുനിൽക്കണമെന്നും മോദി നിർദേശിച്ചു. വെള്ളിയാഴ്ച ചേർന്ന ക്യാബിനറ്റ് യോഗത്തിലാണ് നരേന്ദ്ര മോദിയുടെ നിർദേശം.

ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ മന്ത്രിമാർ മണ്ഡലങ്ങളിൽ സജീവമാകണം. കഴിവതും വിവാദ വിഷയങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്നും അദ്ദേഹം പറഞ്ഞു.

പ്രതിപക്ഷത്തിൻറെ ആരോപണങ്ങളിൽ പ്രകോപിതരാകാതിരിക്കാൻ ശ്രദ്ധിക്കണം. അവരുടെ തന്ത്രങ്ങളിൽ അകപ്പെട്ടു പോകരുതെന്നും പ്രധാനമന്ത്രി മുന്നറിയിപ്പ് നൽകിയതായാണ് റിപ്പോർട്ട്.

# നീറ്റ് പിജി പരീക്ഷാ തീയതി മാറ്റി

ന്യൂഡൽഹി: മെഡിക്കൽ പിജി പ്രവേശനത്തിനുള്ള നീറ്റ് പിജി പരീക്ഷാ തീയതി മാറ്റി. ജൂലൈ ഏഴിലേക്ക് പരീക്ഷ മാറ്റി കൊണ്ട് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ ഇൻ മെഡിക്കൽ സയൻസസ് (എൻബിഇഎംഎസ്) വിജ്ഞാപനം ഇറക്കി.

നേരത്തെ മാർച്ച് മൂന്നിനു പരീക്ഷ നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്. നീറ്റ് പിജി 2024ൻറെ ഇൻറേൺഷിപ്പ് പൂർത്തിയാക്കുന്നതിനുള്ള കട്ട് ഓഫ് തീയതി ഓഗസ്റ്റ് 15 ആയിരിക്കും.

# പ്രസവം പ്രതിഷ്ഠാദിനത്തിൽ; സിസേറിയൻ അപേക്ഷ കൂടുന്നു

ലഖ്നൗ: അയോധ്യയിലെ രാമക്ഷേത്ര പ്രതിഷ്ഠാ ദിനത്തിലേക്ക് തങ്ങളുടെ പ്രസവം ക്രമീകരിക്കണമെന്ന ആവശ്യവുമായി ഗർഭിണികൾ. 22ന് സിസേറിയൻ നടത്തണമെന്നാവശ്യപ്പെട്ട് യുപിയിൽ നിരവധി സ്ത്രീകൾ സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരെ സമീപിച്ചതായാണ് റിപ്പോർട്ട്.

ഇപ്രകാരം 14 സിസേറിയൻ അപേക്ഷകൾ രേഖാമൂലം ലഭിച്ചതായി ഗണേഷ് ശങ്കർ വിദ്യാർത്ഥി മെമ്മോറിയൽ മെഡിക്കൽ കോളജിലെ ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി വിഭാഗത്തിന്റെ ചുമതലയുള്ള ഡോ. സീമ ദ്വിവേദി പറഞ്ഞു. ഇതേ തുടർന്ന് അന്നേദിവസം ആശുപത്രിയിൽ 35 സിസേറിയനുള്ള ക്രമീകരണങ്ങൾ നടത്തിയതായും ഡോ. സീമ വെളിപ്പെടുത്തി.

ജനുവരി 22ന് മുമ്പോ ശേഷമോ തീയതിയുള്ള ഗർഭിണികളും അവരുടെ കുടുംബാംഗങ്ങളുമാണ് ക്ഷേത്ര പ്രതിഷ്ഠാദിനം പവിത്ര ദിനമായി കണക്കാക്കി അന്നേദിവസം പ്രസവമുണ്ടായില്ലെങ്കിൽ സിസേറിയൻ നടത്തണമെന്നാവശ്യപ്പെട്ടത്. പലർക്കും പൂജാരികളാണ് ശുഭകരമായ ദിനമെന്ന നിലയിൽ ഈ തീയതി നിശ്ചയിച്ച് നൽകിയതെന്നും പറയുന്നു.

ഇങ്ങനെ പ്രസവ തീയതി ആകാതെ അസമയത്ത് സിസേറിയൻ ചെയ്യുന്നതിലൂടെ മാതാവിനും കുഞ്ഞിനുമുണ്ടാകാവുന്ന സങ്കീർണതകളെക്കുറിച്ചും ഭാവിയിലെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും കുടുംബം അവഗണിക്കുന്നത് ഏറെ ആശങ്കയുളവാക്കുന്നതായി ഡോ. സീമ അഭിപ്രായപ്പെട്ടു.

# വാക്ഇൻന്റർവ്യൂ

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ വനിത ശിശു വികസന വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഇന്റെഗ്രേറ്റഡ് ചൈൽഡ് കെയർ സെന്ററിൽ ഒഴിവുള്ള നഴ്സിങ് സ്റ്റാഫ് തസ്തികയിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തും. ജനറൽ നഴ്സിങ് / ബി.എസ്.സി നഴ്സിങ് ആണ് യോഗ്യത. 25 വയസ് പൂർത്തിയാകണം. (3045 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന നൽകും). പ്രതിമാസ വേതനം 24,520 രൂപ. നിർദിഷ്ഠ യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർഥികൾ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജനുവരി 16ന് രാവിലെ 11ന് പൂജപ്പുര സാമൂഹ്യ സുരക്ഷാ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാകണം.കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, ടി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന.പി.ഒ, തിരുവനന്തപുരം, ഫോൺ; 0471 2348666. ഇമെയിൽ: keralasamakhya@gmail.com, വെബ്സൈറ്റ്: www.keralasamakhya.org.

# സത്യം തുറന്ന് പറയാൻ ബാധ്യതയുള്ളവരാണ് മാധ്യമങ്ങൾ: സ്പീക്കർ എ എൻ ഷംസീർ

ജനാധിപത്യത്തിലെ നാലാം തൂൺ എന്ന നിലയിൽ സത്യം തുറന്നു കാട്ടാനുള്ള ബാധ്യത നിറവേറ്റണ്ടവരാണ് മാധ്യമങ്ങളെന്ന് നിയമസഭ സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു. കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ ജേണലിസം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായുള്ള ദ്വിദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു പ്രത്യേക കാലഘട്ടം വരെ ഇന്ത്യൻ മാധ്യമങ്ങൾക്ക് ഈ ദൗത്യം നിർവഹിക്കാൻ കഴിഞ്ഞു. എന്നാൽ കോർപ്പറേറ്റ് കാലത്ത് ഉടമയുടെ താൽപ്പര്യങ്ങൾക്ക് മാധ്യമ പ്രവർത്തനം വഴിമാറിയിരിക്കുകയാണ്. ബേക്കിംഗിനു വേണ്ടി നുണ പ്രചരിപ്പിക്കുന്നവർ അങ്ങനെ ലഭിക്കുന്ന ശ്രദ്ധ താൽക്കാലികമാണെന്ന് തിരിച്ചറിയണം.

സത്യം പറയാൻ ശ്രമിക്കുകയെന്നതാണ് മാധ്യമ വിദ്യാർത്ഥികളോട് പറയാനുള്ളത്. നിയമനിർമാണ സഭ എല്ലാ വിഷയങ്ങളും ചർച്ച ചെയ്യുന്ന ജനാധിപത്യ വേദിയാണ്. അത് കൊണ്ട് തന്നെ സഭ നടപടികൾ കൃത്യമായി നിരീക്ഷിക്കാനും പഠിക്കാനും മാധ്യമ വിദ്യാർത്ഥികൾ തയാറാകണം. ലൈബ്രറി സംവിധാനങ്ങളടക്കം ഉപയോഗിക്കുന്നതിനുള്ള സൗകര്യം നിയമസഭയിൽ നിലവിലുണ്ട്. മാധ്യമ പ്രവർത്തന സ്വാതന്ത്ര്യത്തിൽ 161ാം റാങ്കിലാണ് ഇന്ത്യ. എന്നാൽ കേരള നിയമസഭ എല്ലാക്കാലത്തും മാധ്യമ സൗഹൃദമായാണ് ഇടപെട്ടിട്ടുള്ളത്. മാധ്യമ വിദ്യാർത്ഥികളെന്ന നിലയിൽ നേരിട്ട് നിയമസഭ സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കാനുള്ള പരിശീലന പരിപാടി മാധ്യമ പ്രവർത്തന ജീവിതത്തിന് മുതൽക്കൂട്ടാകട്ടെയെന്നും സ്പീക്കർ ആശംസിച്ചു.നിയമസഭ സെക്രട്ടറി ഇൻ ചാർജ് ഷാജി സി. ബേബി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എസ്. വിജയൻ സ്വാഗതം ആശംസിച്ചു. കേരള പത്ര പ്രവർത്തക യൂണിയൻ ജനറൽ സെക്രട്ടറി ആർ എസ് കിരൺ ബാബു, പ്രസ് ക്ലബ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേണലിസം ഡയറക്ടർ സിബി കാട്ടാമ്പള്ളി എന്നിവർ ആശംസകളർപ്പിച്ചു. കെ ലാംപ്സ് ഡയറക്ടർ ജി.പി ഉണ്ണികൃഷ്ണൻ നന്ദി അറിയിച്ചു.

# ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിൽ സീറ്റൊഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിച്ച ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്കിങ്, ഡിപ്ലോമ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് എന്നീ ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.പട്ടികജാതി / പട്ടികവർഗ / മറ്റർഹ വിദ്യാർഥികൾക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പ്രസ്തുത കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കുന്നതാണ്. ഒ.ബി.സി / എസ്.ഇ.ബി.സി / മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.അപേക്ഷകൾ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024, ഫോൺ: 0471 2474720, 0471 2467728 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. വെബ്സൈറ്റ്: www.captkerala.com.

# ബംഗ്ലാദേശിൽ ഷെയ്ഖ് ഹസീനയ്ക്ക് അഞ്ചാമൂഴം

ധാക്ക: പ്രതിപക്ഷം ബഹിഷ്കരിച്ച ബംഗ്ലദേശ്!! പൊതുതെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് ഏകപക്ഷീയ വിജയം. തുടർച്ചയായ നാലാം തവണയാണ് ഷെയ്ഖ് ഹസീന അധികാരത്തിലെത്തുന്നത്. സ്വതന്ത്ര സ്ഥാനാർത്ഥികളാണ് തെരഞ്ഞെടുപ്പിൽ രണ്ടാം സ്ഥാനത്ത് എത്തിയത്. ഷെയ്ഖ് ഹസീനയുടെ അവാമി ലീഗ് 152 സീറ്റുകളിൽ വിജയിച്ചപ്പോൾ 45 സീറ്റുകൾ വിജയച്ച സ്വതന്ത്രർ വലിയ രണ്ടാമത്തെ കക്ഷിയായി. 40 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. അതേസമയം, പാർലമെന്റിലെ പ്രതിപക്ഷ സ്ഥാനാത്ത് ആരായിരിക്കുമെന്ന കാര്യത്തിൽ വ്യക്തതയില്ലാത്ത അവസ്ഥായാണ് ബംഗ്ലാദേശിലുള്ളത്.

തെരഞ്ഞെടുപ്പിൽ പങ്കാളികളായ പ്രതിപക്ഷ പാർട്ടിയായ ജാത്തിയ, 300 സീറ്റിൽ മത്സരിച്ചെങ്കിലും എട്ട് സീറ്റിൽ മാത്രമാണ് വിജയച്ചത്. സ്വതന്ത്ര സ്ഥാനാർത്ഥികളായി വിജയിച്ചവരെല്ലാം അവാമി പാർട്ടി പിന്തുണ നിഷേധിച്ചവരാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയാണ് പ്രധാന ലക്ഷ്യമെന്ന് ഫലം പുറത്തുവന്നതിന് ശേഷം ഷെയ്ഖ് ഹസീന പ്രതികരിച്ചു. ഓരോ രാഷ്ട്രീയ പാർട്ടിക്കും തീരുമാനമെടുക്കാനുള്ള അവകാശമുണ്ട്. തെരഞ്ഞെടുപ്പിൽ ഒരു പാർട്ടിയുടെ അഭാവം ജനാധിപത്യം ഇല്ലെന്ന് അർത്ഥമാക്കുന്നില്ലെന്നും ഹസീന കൂട്ടിച്ചേർത്തു.

ബീഗം ഖാലിദ സിയയുടെ നേതൃത്വത്തിലുള്ള ബംഗ്ലദേശ് നാഷണലിസ്റ്റ് പാർട്ടി (ബിഎൻപി) തെരഞ്ഞെടുപ്പ് പ്രക്രിയ അഴിമതിയും ക്രമക്കേടും നിറഞ്ഞതാണെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു ബഹിഷ്കരണം പ്രഖ്യാപിച്ചത്. സുതാര്യമായ തിരഞ്ഞെടുപ്പ് നടക്കാൻ കാവൽ സർക്കാരിനെ നിയമിക്കണമെന്ന് മാത്രമായിരുന്നു പ്രതിപക്ഷത്തിന്റെ ആവശ്യം. 2008 മുതൽ ഷെയ്ഖ് ഹസീനയുടെ പാർട്ടിയാണ് ബംഗ്ലാദേശ് ഭരിക്കുന്നത്. ലോകത്തിലെ ഏറ്റവും കൂടുതൽ കാലം സേവന മനുഷ്ഠിച്ച വനിതാ രാഷ്ട്ര മേധാവിയെന്ന റെക്കോ!ഡും ഷെയ്ഖ് ഹസീനയ്ക്കാണ്. അവാമി ലീഗ് വിജയിച്ച അവസാന രണ്ട് തെരഞ്ഞെടുപ്പിൽ ക്രമക്കേട് നടന്നതായി അമേരിക്ക, യൂറോപ്യൻ യൂണിയൻ എന്നിവർ ആരോപിച്ചിരുന്നു. രണ്ട് തവണ പ്രധാനമന്ത്രിയായിരുന്ന ബിഎൻപി നേതാവ് ഖാലിദ സിയാ ഇപ്പോഴും വീട്ടുതടങ്കലിലാണ്. കൂടാതെ പ്രതിപക്ഷ പാർട്ടി നേതാക്കൾക്കെതിരെ നാല്പത് ലക്ഷം കേസുകളാണുള്ളത്. ഒപ്പം സ്വതന്ത്ര മാധ്യമപ്രവർത്തകർ, സിവിൽ സൊസൈറ്റി പ്രവർത്തകർ എന്നിവർക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകുന്നതായും ഹസീനയ്ക്കെതിരെ ആരോപണങ്ങളുണ്ട്.ഏഷ്യയിലെ ഏറ്റവും വലിയ സാമ്പത്തിക ഭദ്രതയുള്ള രാജ്യമായി മാറുമെന്ന് പ്രവചനങ്ങളുണ്ടായിരുന്നെങ്കിലും തീരെ ദുർബലമായ അവസ്ഥയിലാണ് ഇന്ന് ബംഗ്ലാദേശ് സമ്പദ്!വ്യവസ്ഥയുള്ളത്. കരുതൽ ധനത്തിന്റെ അഭാവമെന്ന അപകടസാധ്യതയാണ് അധികാരമേൽക്കുന്ന സർക്കാർ അഭിമുഖീകരിക്കുന്നത്. മൂലധന ശോഷണത്തിൽ അന്താരാഷ്ട്ര നാണയ നിധി ആശങ്ക പ്രകടിപ്പിച്ചിരുന്നു. ഗവൺമെന്റിന്റെ എല്ലാ മേഖലകളും ഇതിനകം തന്നെ ആഴത്തിൽ രാഷ്ട്രീയവത്കരിക്കപ്പെടുകയും പ്രധാനമന്ത്രിയുടെ വിശ്വസ്തരുടെ നിയന്ത്രണത്തിലായതിനാലും ഉദ്യോഗസ്ഥവൃന്ദത്തെയും ജുഡീഷ്യറിയെയും ധനകാര്യ സ്ഥാപനങ്ങളെയും തുടർച്ചയായ ഷെയ്ഖ് ഹസീന ഭരണം കൂടുതൽ ദുർബലമാക്കും. വിശ്വസനീയമായ ഒരു പ്രതിപക്ഷ പാർട്ടിയുടെയും സ്വതന്ത്ര മാധ്യമങ്ങളുടെയും സ്വതന്ത്ര ജുഡീഷ്യറിയുടെയും ശാശ്വതമായ അഭാവത്തിൽ, കൂടുതൽ ആഘാതങ്ങളിൽ നിന്നുള്ള സാമ്പത്തിക വീണ്ടെടുക്കലിന്റെ സാധ്യതകളില്ലെന്നാണ് നിരീക്ഷകർ വിലയിരുത്തുന്നത്.

# മാധ്യമപ്രവർത്തകരുടെ കൊലപാതകം: അന്വേഷണത്തിന് ഉത്തരവിട്ട് സിപിജെ

ഗാസ: ഇസ്രയേലി ഡ്രോൺ ആക്രമണത്തിൽ മാധ്യമപ്രവർത്തകർ കൊല്ലപ്പെട്ട വിഷയത്തിൽ അന്വേഷണത്തിന് ഉത്തരവിട്ട് ദ കമ്മിറ്റി ടു പ്രൊട്ടക്ട് ജേണലിസ്റ്റ് (സിപിജെ). മാധ്യമപ്രവർത്തകരായ ഹംസ അൽ ദഹ്ദൂഹിന്റെയും, മുസ്തഫ തുരയയുടെയും കൊലപാതകത്തിൽ സ്വതന്ത്രമായ അന്വേഷണം വേണമെന്നും ഉത്തരവാദികളെ ലോകത്തിനു മുന്നിലെത്തിക്കുമെന്നും സിപിജെ മിഡിൽ ഈസ്റ്റ് ആന്റ് നോർത്ത് ആഫ്രിക്ക പ്രോഗ്രാം കോഡിനേറ്റർ ഷെരീഫ് മൻസൂർ പറഞ്ഞു.

മാധ്യമപ്രവർത്തകരെയും അവരുടെ കുടുംബത്തെയും തുടർച്ചയായി വേട്ടയാടുന്നത് ഇസ്രയേൽ അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. യുദ്ധം റിപ്പോർട്ട് ചെയ്യാനെത്തുന്ന മാധ്യമപ്രവർത്തകർക്ക് നേരെ തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങളിൽ സിപിജെ ആശങ്ക രേഖപ്പെടുത്തി. മാധ്യമപ്രവർത്തരെ ലക്ഷ്യംവയ്ക്കുന്നില്ലെന്നാണ് ഇസ്രയേൽ വാദം.

എന്നാൽ മാധ്യമപ്രവർത്തകർക്ക് നേരെ ഡ്രോണുകൾ ഉപയോഗിച്ചോ എന്നും മാധ്യമപ്രവർകരുടെ പ്രത്യേക വേഷം ധരിച്ചിട്ടും എന്തിനാണ് ഇസ്സാം അബ്ദല്ലക്കെതിരെ ആക്രമണം നടത്തിയതെന്നും ഇസ്രയേൽ വ്യക്തമാക്കണമെന്ന് ഷെരീഫ് മൻസൂർ പറഞ്ഞു. അൽജസീറ ഗാസ ബ്യൂറോ ചീഫ് വഇൗൽ ദഹ്ദൂഹിന്റെ മകനും അൽ ജസീറ ക്യാമറ ഓപ്പറേറ്ററുമാണ് കൊല്ലപ്പെട്ട ഹംസ അൽ ദഹ്ദൂഹ്. എഎഫ്പി പ്രതിനിധിയാണ് മുസ്തഫ തുരയ. ഖാൻ യൂനിസിന് പുറത്തുവെച്ചായിരുന്നു ആക്രമണം ഉണ്ടായത്.

ഒക്ടോബർ 13ന് ഉണ്ടായ ആക്രമണത്തിൽ റോയിട്ടേഴ്സ് വീഡിയോഗ്രാഫർ ഇസ്സാം അബ്ദല്ല കൊല്ലപ്പെടുകയും ആറുപേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ ഹ്യൂമൻ റൈറ്റ്സ് വാച്ച്, അസോസിയേറ്റ് ഫ്രാൻസ് പ്രസ്, ആംനെസ്റ്റി ഇൻറർനാഷണൽ എന്നിവർ അന്വേഷണം നടത്തിയിരുന്നു. ഇസ്രയേൽ പ്രതിരോധ സേന സാധാരണക്കാർക്കു നേരെ നടത്തിയ ആക്രമണമാണെന്നും യുദ്ധക്കുറ്റമാണെന്നുമായിരുന്നു കണ്ടെത്തൽ.

മാധ്യമപ്രവർത്തകരുടെ മരണം പ്രതീക്ഷിക്കാത്ത ദുരന്തമാണെന്നും കുടുംബത്തിന്റെ നഷ്ടത്തിൽ വളരെയധികം വേദനയുണ്ടെന്നും യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ പറഞ്ഞു.

യുദ്ധം ആരംഭിച്ചതിനു ശേഷം 79 മാധ്യമപ്രവർത്തകരാണ് കൊല്ലപ്പെട്ടത്. കൊല്ലപ്പെട്ടവരിൽ 72 പലസ്തീൻ, നാല് ഇസ്രയേൽ, മൂന്നു ലെബനീസ് മാധ്യമപ്രവർത്തകർ ഉൾപ്പെടുന്നു.

# അയോധ്യയിലേക്ക് 'ബോട്ട് കടത്തൽ' വെട്ടിലായത് വാട്ടർ മെട്രോ

കൊച്ചി: കൊച്ചിൻ ഷിപ്യാർഡിൻറെ 'ബോട്ട് കടത്ത'ലിൽ വെട്ടിലായത് കൊച്ചി വാട്ടർ മെട്രോ. പുതുവർഷത്തിൽ പുതിയ റൂട്ടുകൾ ആരംഭിക്കാനായി ബോട്ടുകൾ കാത്തിരിക്കുന്നതിനിടെയാണ് കൊച്ചിക്ക് ലഭിക്കുമെന്ന് പ്രതീക്ഷിച്ച രണ്ട് ബോട്ടുകൾ അയോധ്യ രാമക്ഷേത്ര ഉദ്ഘാടനത്തോടനുബന്ധിച്ച് ഉത്തർപ്രദേശ് സർക്കാരിന് കൈമാറിയത്.

എന്നാൽ യുപി സർക്കാരുമായി ഉണ്ടായിരുന്ന കരാറിൻറെ ഭാഗമായാണ് ബോട്ടുകൾ കൈമാറിയതെന്നും കൊച്ചിൻ വാട്ടർ മെട്രോയ്ക്കുള്ള ബോട്ടുകൾ വൈകുന്നത് ബോഡി നിർമാണ സാമഗ്രികൾ ലഭിക്കാൻ നേരിടുന്ന കാലതാമസം കൊണ്ടാണെന്നും കൊച്ചിൻ ഷിപ്യാർഡ് അറിയിച്ചു.

കൈമാറിയത് കൊച്ചി വാട്ടർ മെട്രോയ്ക്കായി നിർമിച്ച ബോട്ടുകളാണെന്ന അഭ്യൂഹങ്ങൾ പരന്നതോടെ വൻ വിവാദമായിരുന്നു. കൊച്ചിക്ക് യഥാസമയത്ത് ബോട്ടുകൾ നൽകാതെ പ്രധാനമന്ത്രിയുടെ മണ്ഡലമായ അയോധ്യയ്ക്ക് ബോട്ടുകൾ കൊണ്ടുപോയതിന് പിന്നിൽ ചില താത്പര്യങ്ങളാകാമെന്നും ആക്ഷേപം ഉയർന്നു. കൊച്ചി വാട്ടർ മെട്രോയ്ക്ക് നിശ്ചയിച്ച സമയത്ത് ബോട്ടുകൾ നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് കരാറിൽ പറഞ്ഞ സമയത്ത് തന്നെ രണ്ട് ബോട്ടുകൾ അയോധ്യയ്ക്ക് നൽകിയത്. വാട്ടർ മെട്രോ അഥോറിറ്റി കപ്പൽ ശാലയുമായുണ്ടാക്കിയ കരാർ പ്രകാരം കഴിഞ്ഞ ഒക്ടോബറിൽ 23 ബോട്ടുകൾ കൈമാറേണ്ടതായിരുന്നു. ഇതു പാലിക്കാനായിട്ടില്ലാത്തതിനാൽ ഡിസംബറിൽ ആരംഭിക്കാൻ തീരുമാനിച്ചിരുന്ന സൗത്ത് ചിറ്റൂരിലേക്കുള്ള സർവീസ് ഉടൻ ആരംഭിക്കാനാകാത്ത അവസ്ഥയാണ്. മാർച്ചിൽ മാത്രമേ ബോട്ടുകൾ നിർമിച്ച് നൽകാൻ കഴിയുകയുള്ളൂ എന്നാണ് ഷിപ്യാർഡ് പറയുന്നത്. അങ്ങനെ വന്നാൽ ചേരാനെല്ലൂർ ഉൾപ്പടെയുള്ള പുതിയ സർവീസുകൾ ഇനിയും വൈകും. നിലവിൽ 12 ബോട്ടുകൾ മാത്രമാണ് വാട്ടർ മെട്രോയ്ക്ക് കൈമാറിയിട്ടുള്ളത്. എറണാകുളംവൈപ്പിൻ റൂട്ടിലും കാക്കനാട്ഇൻഫോപാർക്ക് റൂട്ടിലും സർവീസ് നടത്തുന്നതിന് ഒൻപത് ബോട്ടുകൾ ഉപയോഗിക്കുന്നുണ്ട്. ശേഷിക്കുന്ന മൂന്ന് ബോട്ടുകൾ സ്റ്റാൻഡ് ബൈയായും പുതിയ റൂട്ടുകളിൽ ട്രയൽ റൺ നടത്താനുമായാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. കൂടുതൽ ബോട്ടുകൾ ലഭിച്ചാൽ മാത്രമേ സൗത്ത് ചിറ്റൂരിലേക്കും അടുത്ത സ്റ്റേഷനുകളായ ഏലൂരിലേക്കും ചേരാനെല്ലൂരിലേക്കുമൊക്കെ പുതിയ സർവീസുകൾ ആരംഭിക്കാനാകൂ. കരാർ പ്രകാരമുള്ള ബോട്ടുകളാണ് നല്കിയതെന്ന് ഷിപ്യാർഡ് അയോധ്യവാരണാസി റൂട്ടിൽ സർവീസ് നടത്തുന്നതിനായി എട്ട് ബോട്ടുകൾ നിർമിച്ചു നൽകുന്നതിനായി അയോധ്യ വാട്ടർ മെട്രോയുമായി കരാർ ഏർപ്പെട്ടിരുന്നു. ഇതിൽ രണ്ട് ബോട്ടുകളാണ് കൈമാറിയതെന്ന് കൊച്ചിൻ ഷിപ്യാർഡിൻറെ വക്താവ് പറഞ്ഞു. ശേഷിക്കുന്ന ആറ് ബോട്ടുകളുടെ നിർമാണം കൊച്ചിൻ ഷിപ്യാർഡിൻറെ ഉപസ്ഥാപനമായ കോൽക്കത്തയിലെ ഹൂഗ്ലിയിലുള്ള കപ്പൽ നിർമാണ കേന്ദ്രത്തിൽ ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## സൗദിയിൽ ജോലിക്കിടെ തീപ്പൊള്ളലേറ്റ തൃക്കുന്നപ്പുഴ സ്വദേശി മരിച്ചു

ഹരിപ്പാട്: ഇലക്ട്രിക്കൽ ജോലിക്കിടെ തീപ്പൊള്ളലേറ്റ് റിയാദ് കിംഗ് സൗദ് മെഡിസിറ്റിയിൽ തീവ്രപരിചരണവിഭാഗത്തിൽ ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ഹരിപ്പാട് പണ്ട്യാലയിൽ പടീറ്റതിൽ രവീന്ദ്രൻ ജഗദമ്മ ദമ്പതികളുടെ മകൻ റിജിൽ രവീന്ദ്രനാണ് (28) മരിച്ചത്.

ഡിസംബർ 11ന് റിയാദിൽനിന്ന് 767 കിലോമീറ്ററകലെ റഫ്ഹ പട്ടണത്തിൽ ജോലിക്കിടയിലായിരുന്നു അപകടം. ഷോർട്ട് സർക്യൂട്ടാണ് അപകടകാരണമെന്നാണ് നിഗമനം. ശരീരത്തിൽ 70 ശതമാനത്തോളം പൊള്ളലേറ്റ റിജിലിനെ ആദ്യം റഫ്ഹ ജനറൽ ആശുപത്രിയിലും പിന്നീട് എയർ ആംബുലൻസ് മാർഗം റിയാദ് ശുമൈസി ആശുപത്രിയിലുമെത്തിക്കുകയുമായിരുന്നു.

റിജിൽ രവീന്ദ്രൻ ഒരു വർഷംമുമ്പായിരുന്നു സൗദിയിൽ എത്തിയത്. അവിവാഹിതനാണ്. സഹോദരൻ: സജിൽ. ഒഐസിസി എറണാകുളം ജില്ലാ പ്രസിഡൻറ് മാത്യു ജോസഫ്, ജീവകാരുണ്യ വിഭാഗം കൺവീനർ ഷിജോ ചാക്കോ എന്നിവർ മൃതദേഹം നാട്ടിലെത്തിക്കാനുള്ള പരിശ്രമത്തിലാണ്.

# സുരക്ഷ ഉറപ്പില്ല ഗാസയിലെ സഹായ വിതരണം ഡബ്ല്യുഎച്ച്ഒ നിർത്തലാക്കി

ഗാസ സിറ്റി: വടക്കൻ ഗാസയിലെ മെഡിക്കൽ സഹായ വിതരണം പിൻവലിക്കുകയാണെന്ന് ലോകാരോഗ്യ സംഘടന. സുരക്ഷാ ആശങ്കകൾ നിലനിൽക്കുന്ന സാഹചര്യത്തിലാണ് സംഘടനയുടെ തീരുമാനം. വടക്കൻ ഗാസയിലെ അൽ അവ്!ദ ആശുപത്രിയിലേക്കും കേന്ദ്ര മരുന്ന് സംഭരണശാലയിലേക്കുമുള്ള അടിയന്തര വിതരണം നാലാം തവണയാണ് ലോകാരോഗ്യ സംഘടന നിർത്തലാക്കുന്നത്. 12 ദിവസമായി വടക്കൻ ഗാസയിൽ പ്രവേശിക്കാൻ സാധിക്കുന്നില്ലെന്ന് പലസ്തീനിലെ ലോകാരോഗ്യ സംഘടന പ്രതിനിധി അറിയിച്ചു. കനത്ത ബോംബാക്രമണം, നിയന്ത്രണങ്ങൾ, ആശയവിനിമയ സംവിധാനങ്ങളിലെ തടസം എന്നിവ ഗാസയിലുടനീളമുള്ള സ്ഥിരവും സുരക്ഷിതവുമായ സഹായ വിതരണം അസാധ്യമാക്കുന്നുവെന്നും സംഘടന വ്യക്തമാക്കി. വടക്കൻ ഗാസയിലെ നാശനഷ്ടങ്ങളുടെ തോത് ഞെട്ടിപ്പിക്കുന്നതാണെന്ന് ലോകാരോഗ്യ സംഘടനാ മേധാവി ടെഡ്രോസ് അഥാനോം ഗബ്രിയേസസ് പറഞ്ഞു. സഹായ വിതരണത്തിനെടുക്കുന്ന കാലതാമസം കൂടുതൽ ആളുകളുടെ മരണത്തിലേക്ക് നയിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മധ്യ ഗാസയിലെ അൽ അഖ്സ ആശുപത്രിയിൽ ഇസ്രയേൽ ആക്രമണം തുടരുന്നതിനാൽ എമർജൻസി മെഡിക്കൽ ടീമും മെഡിക്കൽ എയ്ഡ് ഫോർ പലസ്തീനിയൻ ചാരിറ്റിയും പ്രവർത്തങ്ങൾ പിൻവലിക്കാൻ നിർബന്ധിതരായതായി ഇന്റർനാഷണൽ റെസ്ക്യു കമ്മിറ്റി എയ്ഡ് അറിയിച്ചു. മധ്യ ഗാസയിലെ അൽ അഖ്സ ആശുപത്രിക്ക് നേരെ ഇസ്രയേൽ നടത്തിയ ആക്രണത്തിനു പിന്നാലെ 600ലധികം കാണാതായതായെന്നും ലോകാരോഗ്യ സംഘടനയും ഐക്യരാഷ്ട്ര സഭയും റിപ്പോർട്ട് പുറത്തുവിട്ടു.

ആശുപത്രി ജീവനക്കാരേയും 600 രോഗികളേയും എങ്ങോട്ടാണ് മാറ്റിയതെന്ന വിവരങ്ങൾ ലഭ്യമല്ലെന്നും സംഘടന അറിയിച്ചു. ഞായറാഴ്ച രാത്രി ആശുപത്രിക്ക് നേരെ ഇസ്രയേൽ കനത്ത വ്യോമാക്രണമാണ് നടത്തിയത്. അഞ്ച് ഡോക്ടർമാർ മാത്രമാണ് ഇവിടെ നിലവിലുള്ളത്. അതേസമയം, ലോകാരോഗ്യ സംഘടനയുടെ ആരോപണങ്ങൾ നിഷേധിച്ച് ഇസ്രയേൽ രംഗത്തെത്തി.

# മാലദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു ചൈനയിൽ

ബെയ്!ജിങ്: അഞ്ച് ദിവസത്തെ സന്ദർശനത്തിനായി മാലദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു ചൈനയിലെത്തി. 2023 നവംബറിൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശേഷം മുയിസുവിന്റെ മൂന്നാം ഔദ്യോഗിക വിദേശ സന്ദർശനമാണിത്. നേരത്തെ അദ്ദേഹം തുർക്കി സന്ദർശിച്ചിരുന്നു. കാലാവസ്ഥാ ഉച്ചകോടിയിൽ പങ്കെടുക്കാൻ യുഎഇയിലും എത്തിയിരുന്നു.

ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായുള്ള മുയിസുവിന്റെ കൂടിക്കാഴ്ചയിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് നിരവധി കരാറുകളിൽ ഒപ്പുവയ്ക്കുമെന്നാണ് റിപ്പോർട്ട്.

ഫുഷൗവിൽ നടക്കുന്ന ഇൻവെസ്റ്റ് മാലദ്വീപ് ഫോറത്തിൽ ചൈനീസ് വ്യാപാരികളുമായി മുയിസു കൂടിക്കാഴ്ച നടത്തും. തെരഞ്ഞെടുപ്പിൽ വിജയിച്ചതിനു ശേഷം ആദ്യം ഇന്ത്യ സന്ദർശിക്കുക എന്നതായിരുന്നു മുൻ മാലദ്വീപ് പ്രസിഡന്റുമാരുടെ കീഴ്!വഴക്കം. ഇതിനു വിപരീതമാണ് മുഹമ്മദ് മുയിസുവിന്റെ തുർക്കി, ചൈനീസ് യാത്രകൾ. യുഎഇയിൽ വച്ച് പ്രധാനമന്ത്രി നരേന്ദ്ര മോഡിയുമായി മുയിസു കൂടിക്കാഴ്ച നടത്തിയിരുന്നു.

അതേസമയം എവിടേക്കു പോകണമെന്നു തീരുമാനിക്കേണ്ടതും ഏതു തരത്തിലുള്ള രാജ്യാന്തരബന്ധം വേണമെന്ന് നിശ്ചയിക്കേണ്ടതും മാലദ്വീപാണ് ഇന്ത്യ പ്രതികരിച്ചു. ഇന്ത്യയുമായുള്ള സൈനിക സഹകരണം അവസാനിപ്പിക്കുകയും ചൈനയുമായി സഹകരിച്ച് മുന്നോട്ട് പോവുകയെന്നതുമാണ് മാലദ്വീപിന്റെ പുതിയ നയതന്ത്രം.അന്താരാഷ്ട്ര നാണയ നിധിയുടെ റിപ്പോർട്ട് പ്രകാരം മാലദ്വീപിന് ചൈന 1.3 ബില്യൺ ഡോളർ കടമായി നൽകിയിട്ടുണ്ട്.

## ഇസ്രായേൽ ആക്രമണം; ഹിസ്ബുള്ള കമാൻഡർ കൊല്ലപ്പെട്ടു

ബെയ്റൂട്ട്: തെക്കൻ ലെബനനിലെ ഇസ്രയേൽ ആക്രമണത്തിൽ ഹിസ്ബുള്ള കമാൻഡർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. ഗാസയിലെ സംഘർഷം മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിക്കുമെന്ന ആശങ്ക നിലനിൽക്കുന്നതിനിടെയാണ് ഇസ്രയേൽ ലെബനനിൽ ആക്രമണം നടത്തിയത്.

ഹിസ്ബുള്ളയുടെ എലൈറ്റ് റദ്!വാൻ സേനയിലെ മുതിർന്ന കമാൻഡറാണ് കൊല്ലപ്പെട്ടതെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. ലെബനനൻ ഗ്രാമമായ മജ്ദൽ സെൽമിലിൽ ഇദ്ദേഹത്തിന്റെ കാറിനെ ലക്ഷ്യംവച്ച് ആക്രമണം നടത്തുകയായിരുന്നു. കമാൻഡർക്കൊപ്പമുണ്ടായിരുന്ന അനുയായിയും കൊല്ലപ്പെട്ടു. ഒക്ടോബർ ഏഴിന് ശേഷം തെക്കൻ ലെബനനിൽ 130 ലധികം ഹിസ്ബുള്ള അംഗങ്ങളാണ് ഇസ്രയേൽ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടത്.

ലെബനനെതിരെയുള്ള ഏത് ആക്രമണത്തിനും ശക്തമായ തിരിച്ചടിയുണ്ടാകുമെന്ന് ഹിസ്ബുള്ള മേധാവി ജനറൽ സയ്യിദ് ഹസൻ നസ്റല്ല ഇസ്രയേലിന് മുന്നറിയിപ്പ് നൽകിയിരുന്നു.

## ഇന്ത്യ പ്രധാന സുഹൃത്ത്; വിജയത്തിനു പിന്നാലെ ഹസീന

ധാക്ക: ബംഗ്ലാദേശിൻറെ ഏറ്റവും പ്രധാന സുഹൃത്താണ് ഇന്ത്യയെന്നു പ്രധാനമന്ത്രി ഷേഖ് ഹസീന. തെരഞ്ഞെടുപ്പു വിജയത്തിനു പിന്നാലെ മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനുത്തരമായിട്ടാണ് അവർ ഇതു പറഞ്ഞത്. ബംഗ്ലാദേശ് രൂപംകൊണ്ട 1971ലും ബംഗ്ലാദേശ് സ്ഥാപകനും സ്വന്തം പിതാവുമായ മുജീബുർ റഹ്മാൻ വധിക്കപ്പെട്ട സമയത്തും ഇന്ത്യയാണ് ഒപ്പമുണ്ടായിരുന്നത്. എൻറെ കുടുംബത്തിന് അഭയം നല്കിയത് ഇന്ത്യണ്. മികച്ച ബന്ധമാണ് ഇന്ത്യയുമായിട്ടുള്ളത്. പല പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം ഉഭയകക്ഷിതലത്തിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഹസീന കൂട്ടിച്ചേർത്തു.

300 അംഗ പാർലമെൻറിലേക്ക് ഞായറാഴ്ച നടന്ന തെരഞ്ഞെടുപ്പിൽ ഹസീനയുടെ അവാമി ലീഗ് പാർട്ടി 223 സീറ്റുകളിലും ജയിച്ചു. പ്രതിപക്ഷ ജാതീയ പാർട്ടി പതിനൊന്നിലും ബംഗ്ലാദേശ് കല്യാൺ പാർട്ടി ഒരു സീറ്റിലും ജയിച്ചു. 62 ഇടത്ത് സ്വതന്ത്രർക്കാണു ജയം. മുഖ്യപ്രതിപക്ഷമായ ബംഗ്ലാദേശ് നാഷണൽ പാർട്ടി (ബിഎൻപി) തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചിരുന്നു. വോട്ടർമാർ പൊതുവേ അവഗണിച്ച തെരഞ്ഞെടുപ്പിൽ 40 ശതമാനം മാത്രമായിരുന്നു പോളിംഗ്. ഹസീന മൊത്തത്തിൽ അഞ്ചാം തവണയും തുടർച്ചയായ നാലാം തവണയുമാണു പ്രധാനമന്ത്രിയാകുന്നത്. 1996 മുതൽ 2001 വരെയും 2009 മുതലുമാണ് അവരുടെ ഭരണം.

## അപേക്ഷ ക്ഷണിച്ചു

സമഗ്ര ശിക്ഷാ കേരളം സംസ്ഥാന കാര്യാലയത്തിൽ സെപ്റ്റിക് ടാങ്ക് നിർമിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. നിർമാണവുമായി ബന്ധപ്പെട്ട സ്പെസിഫിക്കേഷൻ, തുക എന്നിവയടങ്ങിയ ടെണ്ടർ നോട്ടീസ് സമഗ്ര ശിക്ഷാ കേരളയുടെ വെബ്സൈറ്റിൽ (www.ssakerala.in) ലഭ്യമാണ്.

## പലസ്തീനികളെ നിർബന്ധിതമായി കുടിയിറക്കുന്നതിനെ എതിർക്കുന്നു: യുഎസ്

അമ്മാൻ: ഗാസയിൽ നിന്ന് പലസ്തീനികളെ നിർബന്ധിതമായി കുടിയിറക്കുന്നതിനെ അമേരിക്ക ശക്തമായി എതിർക്കുന്നുവെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ. ജോർദാൻ രാജാവും ആന്റണി ബ്ലിങ്കെനും തമ്മിലുള്ള കൂടിക്കാഴ്ചക്കിടെയാണ് പ്രസ്താവന. ഗാസയിൽ ഇസ്രയേൽ നടത്തുന്ന ആക്രമണങ്ങളിൽ ജോർദാൻ രാജാവ് ആശങ്ക പ്രകടിപ്പിച്ചിരുന്നു.

ഗൈസയിലെ വാസസ്ഥലങ്ങൾ നശിപ്പിച്ചും പലസ്തീനികളെ പട്ടിണിയിലേക്ക് തള്ളിവിട്ടും ഇസ്രയേൽ നടത്തുന്ന അതിക്രമങ്ങൾ നിയമവിരുദ്ധമാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു.വെസ്റ്റ് ബാങ്കിൽ നിന്നും ഗാസയിൽ നിന്നും പലസ്തീനികളെ നിർബന്ധിതമായി കുടിയിറക്കുന്നതിനെതിരെയുള്ള അമേരിക്കയുടെ എതിർപ്പും ആക്രമണങ്ങളിൽ നിന്ന് പലസ്തീനികളെ സംരക്ഷിക്കേണ്ടതിന്റെ നിർണായക ആവശ്യവും ചർച്ചയിൽ ബ്ലിങ്കെൻ ഊന്നിപ്പറഞ്ഞു.

അതേസമയം വെസ്റ്റ്ബാങ്കിൽ ഇസ്രയേൽ സൈനികരുടെ വെടിയേറ്റ് നാല് വയസുള്ള ഒരു പെൺകുട്ടിയും ഒരു സ്ത്രീയുമുൾപ്പെടെ മൂന്ന് പലസ്തീനികൾ കൊല്ലപ്പെട്ടതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

## അമിത തുക ഈടാക്കി നഴ്സിംഗ് റിക്രൂട്ട്മെൻറ്: സ്ഥാപന നടത്തിപ്പുകാരുടെ സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി

കൊച്ചി: കുവൈറ്റിലേക്ക് അമിതതുക ഈടാക്കി നഴ്സിംഗ് റിക്രൂട്ട്മെൻറ് നടത്തിയിരുന്ന മാത്യു ഇൻറർനാഷണൽ സ്ഥാപനം നടത്തിപ്പുകാരുടെ 2.88 കോടി രൂപയുടെ സ്വത്തുക്കൾ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടി. പി. ജെ. മാത്യു, തോമസ് മാത്യു, സെലിൻ മാത്യു, ജോസഫ് മാത്യു, മുനവറ അസോസിയേറ്റ്സ് പ്രൊപ്രൈറ്റർ മഹമൂദ് നൈന പ്രഭു, മാത്യു സൺസ് ടൂർസ് ആൻഡ് ട്രാവൽസ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈടെക് ബിസിനസ് സർവീസസ്, ബ്ലാക്ക് പാന്തർ സെക്യൂരിറ്റി സർവീസസ്, സുലൈഹ ഉമ്മാൾ, എൽ. അഡോൾഫസ് എന്നിവരുടെ പേരിലുള്ള സ്വത്തുക്കളാണ് കണ്ടുകെട്ടിയത്.

വീടുകളും ബിസിനസ് സ്ഥാപനങ്ങളും അടക്കം ഒമ്പത് കെട്ടിടങ്ങൾ, നാല് സ്ഥിരനിക്ഷേപങ്ങൾ, അഞ്ച് മറ്റു നിക്ഷേപങ്ങൾ എന്നിവയടക്കമാണ് കണ്ടുകെട്ടിയത്. ഇവരുടെ 7.52 കോടിയുടെ സ്വത്തുക്കൾ മുമ്പ് കണ്ടുകെട്ടിയിരുന്നു. സംഭവത്തിൽ അന്വേഷണം തുടരുകയാണെന്നും ഇഡി വ്യക്തമാക്കി. കുവൈറ്റിലേക്ക് 900 നഴ്സുമാരെ റിക്രൂട്ട് ചെയ്തതിൽ നിന്നും മാത്യു ഇൻറർനാഷണൽ 205.71 കോടി രൂപ തട്ടിയെന്ന് സിബിഐ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ഇവർക്കു പുറമേ കോൺകോർഡ് ട്രാൻസ്പോർട്ട് കോർപറേഷൻ, കാൾടൺ ബിൽഡേഴ്സ് ആൻഡ് എൻജിനിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഓൺ ദി ഗോ റസ്റ്ററൻറ്, രാജൻ വർഗീസ്, ബിൻസി ജോസഫ് എന്നിവരും തട്ടിപ്പിൻറെ ഭാഗമായിരുന്നുവെന്ന് ഇഡി കണ്ടെത്തിയിട്ടുണ്ട്.

## കേരള റിയൽ എസ്റ്റേറ്റ് അതോറിറ്റിയിൽ ചെയർപേഴ്സൺ

കേരള റിയൽ എസ്റ്റേറ്റ് അതോറിറ്റിയിൽ ചെയർപേഴ്സൺ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ജനുവരി 31 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.kerala.gov.in, www.rera.kerala.gov.in, www.lsgkerala.gov.in.



**എം കൃഷ്ണപണിക്കർ**

തിരുവനന്തപുരം: സ്വാതന്ത്ര്യസമര സേനാനി ഉള്ളൂർ പ്രശാന്ത്നഗർ എആർഎ-28 ഐശ്വര്യയിൽ എം കൃഷ്ണപണിക്കർ (98, ശ്രീ മുരുകാ ഹോട്ടൽ) അന്തരിച്ചു. തിരുവനന്തപുരം പുളിമൂട്ടിൽ പ്രവർത്തിച്ചിരുന്ന രാഷ്ട്രീയ ഹോട്ടൽ ഉടമയും സ്വതന്ത്ര്യസമര സേനാനിയുമായിരുന്ന എൻ ശങ്കരകുറുപ്പിന്റെ മകൾ തങ്കമ്മയുടെ ഭർത്താവാണ്. 1935-1947 കാലഘട്ടത്തിൽ സ്വാതന്ത്ര്യസമര സേനാനികളുടെ താവളമായിരുന്ന ഈ ഹോട്ടൽ സി പി രാമസ്വാമി അയ്യരുടെ പൊലീസ് നിരന്തരം റെയ്ഡ് ചെയ്യുകയുണ്ടായി. ഇവിടെ നിന്ന് റോസമ്മ പുന്നൂസ് അടക്കമുള്ള നേതാക്കൾക്കൊപ്പം കൃഷ്ണപണിക്കരെയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചിരുന്നു.
മക്കൾ: വിജയകുമാർ, രാധാകൃഷ്ണൻനായർ, ഉണ്ണികൃഷ്ണൻ നായർ, ഗോപാലകൃഷ്ണൻനായർ, ഭാസ്ക്കരൻനായർ, പ്രസന്നകുമാരി, ശോഭനകുമാരി, ഗിരിജകുമാരി, ലതകുമാരി, പരേതനായ സുകുമാരൻനായർ. മരുമക്കൾ: അംബികകുമാരി, ബിന്ദുകുമാരി, അഡ്വ. ദീപാ വിശ്വനാഥ്, മഞ്ജു, സുജ, സുകുമാരൻ നായർ, പരേതനായ പ്രഭാകരൻ നായർ, ശശിധരൻ നായർ, സതീഷ്കുമാർ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.



**ജെ വിജയകുമാരി**

കല്ലിയൂർ: പാപ്പറത്തേരി, ചെമ്പകവിലാസത്തിൽ ജെ വിജയകുമാരി (63) അന്തരിച്ചു. ഭർത്താവ്: ജി പി കർമ്മചന്ദ്രൻ നായർ. മക്കൾ: വിനയചന്ദ്രൻ, അരുൺ ചന്ദ്രൻ, ജയചന്ദ്രൻ. മരുമക്കൾ: ആര്യ, ശ്രീജ, വൈഷ്ണവി. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.15ന്.



**ഗോപാലകൃഷ്ണൻ നായർ**

കുന്നന്താനം: പുളിന്താനം ഗീത ഭവനിൽ ഗോപാലകൃഷ്ണൻ നായർ (68) അന്തരിച്ചു. ഭാര്യ: ഗീതാ ഗോപാൽ. മക്കൾ: ഗോപു ജി നായർ, ദേവൻ ജി നായർ. പരേതൻ കാഞ്ഞേറ്റുകര നാറാണത്ത് കുടുംബാംഗമാണ്. സംസ്കാരം ഇന്ന് 11ന് വീട്ടുവളപ്പിൽ.



**കെ പ്രഭാകരൻ നായർ**

വട്ടിയൂർക്കാവ്: കെആർഡബ്ല്യുഎ-113എ, കാവല്ലൂർ ലെയ്നിൽ (178, കെ പി റോഡ്, രാമവർമ്മപുരം, നാഗർകോവിൽ) കെ പ്രഭാകരൻ നായർ (89-തക്കല പദ്മനാഭപുരം മുൻ മുനിസിപ്പൽ ചെയർമാൻ) അന്തരിച്ചു. ഭാര്യ: എസ് രാധ. മക്കൾ: ജയലക്ഷ്മി പി ആർ, പ്രിയ പി ആർ. മരുമക്കൾ: ഗോപാലകൃഷ്ണൻ റ്റി, ഹരികുമാർ ബി. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30ന്.



**അംബുജാക്ഷി അമ്മ**

കിളിമാനൂർ: പനപ്പാംകുന്ന് അംബിക വിലാസത്തിൽ അംബുജാക്ഷി അമ്മ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപിനാഥക്കുറുപ്പ് മക്കൾ: രാജേന്ദ്രക്കുറുപ്പ്, വിജയകുമാർ, അംബികകുമാരി, ജലജ, ജയപ്രസാദ്. മരുമക്കൾ : രമണി, ശ്രീകല, ബീന



**ഉണ്ണികൃഷ്ണ പിള്ള**

തൊടിയൂർ: മുളന്തറയിൽ പുലിയൂർ വഞ്ചി കിഴക്ക് ഉണ്ണികൃഷ്ണ പിള്ള (40) അന്തരിച്ചു. ഭാര്യ: രമ്യാകൃഷ്ണൻ. മക്കൾ: തന്മയ ഉണ്ണി, ഉത്തര ഉണ്ണി. സഞ്ചയനം: ഞായറാഴ്ച രാവിലെ എട്ടിന്.



**ജഗദമ്മ**

മലയിൻകീഴ്: തച്ചോട്ടുകാവ് മറവിളാകത്ത് വീട്ടിൽ ജഗദമ്മ(95) അന്തരിച്ചു. മക്കൾ: പരേതനായ അച്യുതൻനായർ, വിജയകുമാർ, വൽസലകുമാരി, സുധാകരൻനായർ, നളിനകുമാരി. മരുമക്കൾ: ഗീത, ലതകുമാരി, കൃഷ്ണമൂർത്തി, രാധാമണി, പരേതനായ ബാലകൃഷ്ണൻ നായർ. സഞ്ചയനം ഞായറാഴ്ച രാവിലെ 8 ന്.



**രാജി**

പുത്തൻകുരിശ്: മാനാന്തടം ഏലിയാട്ടേൽ രാജി (56) അന്തരിച്ചു. തൃപ്പൂണിത്തുറ മുട്ടത്ത് കുടുംബാംഗമാണ്. മക്കൾ: സാജൻ, സാഹിൽ, മരുമകൾ: നയന. സംസ്കാരം ഇന്ന് 11.30ന് മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ.



**അർജ്ജുനൻ**

കൊല്ലം: ആശ്രാമം വൈദ്യശാല നഗർ 268 പേരേടത്ത് തൊടിയിൽ അർജ്ജുനൻ കെ (77) അന്തരിച്ചു. സംസ്കാരം ഇന്ന് പകൽ ഒന്നിന് പോളയത്തോട് ശ്മശാനത്തിൽ. ഭാര്യ: സുമാംഗി. മക്കൾ: രാജീവ് (സിപിഐ ആശ്രാമം വെസ്റ്റ് ബ്രാഞ്ച് അംഗം), സജീവ്, പ്രദീപ്, മരുമക്കൾ: സിന്ധു ബിസ്മി, വിഷ്ണുപ്രിയ.



**സരസ്വതി**

ചവറ:കോട്ടയ്ക്കകം കൊച്ചുതറയിൽ സരസ്വതി (80) അന്തരിച്ചു. ഭർത്താവ്: പരേതനായ സോമരാജൻ. മക്കൾ: പരേതനായ സൈഗാൾ, സുരേഷ് തമ്പി, സനൽകുമാർ (റിട്ട. ഐആർഇ), സബീന, ശ്രീദേവി. മരുമക്കൾ: ലതിക, സലീല,ശ്രീജ, പരേതനായ ശശി, ശിവൻകുട്ടി.



**പുഷ്പവല്ലി**

എഴുകോൺ: കാരുവേലിൽ മണിമുക്കിനുസമീപം സുമാസദനത്തിൽ പുഷ്പവല്ലി (74) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപിനാഥൻ. മക്കൾ: സുരേഷ് ബാബു, സുനിൽകുമാർ, സുമാദേവി. മരുമക്കൾ: അനിത സുരേഷ്, സിന്ധു, സതീശൻ.



**ഉഷാകുമാരി**

ചാത്തിനാംകുളം: ഇടയില കിഴക്കതിൽ ഉഷാകുമാരി (61) അന്തരിച്ചു. ഭർത്താവ്: പരേതനായ സുധാകരൻ. മക്കൾ: ബാല്യ, സച്ച മരുമകൾ: അനഘ.



**ജയൻ**

മലയിൻകീഴ് : പൊറ്റയിൽ കാവിൻപുറം കാവടിവിള സംഗീത് ഭവനിൽ ജയൻ (48, കട്ടൻ)അന്തരിച്ചു. മാതാവ്: ശാന്തമ്മ. ഭാര്യ: ദീപ. മകൾ: ജയശ്രീ. പിതാവ്: പരേതനായ ഗംഗാധരൻ നായർ. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30 ന്.



**തങ്കമ്മ നായർ**

തിരുവനന്തപുരം: ആലപ്പുഴ മാന്നാർകുരട്ടിശേരിൽ കൃഷ്ണവിലാസത്തിൽ തങ്കമ്മ നായർ (95)അന്തരിച്ചു. ഭർത്താവ്: പരേതനായ അപ്പുക്കുട്ടൻനായർ. മക്കൾ: പരേതയായ ലതാകുമാരി, മോഹൻകുമാർ, കൃഷ്ണകുമാരി, ശ്രീദേവി, പരേതനായരാജീവ്. മരുമക്കൾ: പരേതനായ ഗോപിനാഥ്, ജയലക്ഷ്മി, കെ വി ജി നായർ, ചന്ദ്രൻനായർ, പ്രേമലത. സംസ്കാരം: ഇന്ന് വൈകിട്ട് 3.30ന് കുടുംബവീട്ടിൽ.



**സുരേഷ് കുറിയാക്കോസ്**

കണ്ടര: മുക്കടയിലെ അരി മൊത്തവ്യാപാരി നാന്തിരിക്കൽ സുരേഷ് ഭവനിൽ സുരേഷ് കുറിയാക്കോസ് (54) അന്തരിച്ചു. ഭാര്യ: നിഷ സുരേഷ്. മക്കൾ: രേഷ്മ, റിജോ. മരുമകൻ: ജോഷി (നിയമ വകുപ്പ്, സെക്രട്ടേറിയറ്റ്).




**ചന്ദ്രൻപിള്ള**

ചവറ: കളങ്ങര ഭാഗം ശ്രീഭുവനത്തിൽ ചന്ദ്രൻപിള്ള (73 - റിട്ട. ബിഎസ്എൻഎൽ) അന്തരിച്ചു. സംസ്കാരം ഇന്ന് പകൽ 11ന് വീട്ടുവളപ്പിൽ. ഭാര്യ: ടി അംബികാദേവി. മക്കൾ: രഞ്ജിത് ചന്ദ്രൻ, രഞ്ജിതാ റാണി, ശ്രീജിത് ചന്ദ്രൻ. മരുമക്കൾ: അജിതാ രഞ്ജിത്, മഹേഷ് നായർ, സൗമ്യ എസ് പിള്ള.



**തങ്കമ്മ യോഹന്നാൻ**

അഞ്ചൽ: മണ്ണൂർ കിഴക്കൻകര പുത്തൻവീട്ടിൽ തങ്കമ്മ യോഹന്നാൻ (97) അന്തരിച്ചു. സംസ്കാരം ഇന്ന് പകൽ രണ്ടിന് സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ പള്ളി സെമിത്തേരിയിൽ. ഭർത്താവ്: പരേതനായ യോഹന്നാൻ. മക്കൾ: അന്നമ്മ, പൊന്നമ്മ, പൊന്നച്ചൻ, രാജൻ, ബാബു, അലക്സ്, ഷാജി, പരേതയായ ചിന്നമ്മ, പരേതനായ കുഞ്ഞുമോൻ. മരുമക്കൾ: കുഞ്ഞുമോൾ, സൂസമ്മ, റോസമ്മ, മിനി, പരേതയായ ഏലിയാമ്മ, പരേതനായ ജോർജ്, പരേതനായ അച്ഛൻകുഞ്ഞ്, പരേതനായ മത്തായി.



**കരുണാകരൻ**

ആർപ്പൂക്കര : കരിപ്പഭാഗം ചിറയിൽ വീട്ടിൽ കരുണാകരൻ (94) അന്തരിച്ചു .സംസ്കാരം ഇന്ന് രാവിലെ 11 ന് വീട്ടുവളപ്പിൽ.ഭാര്യ :പരതയായ ദാക്ഷായണി. മക്ക ൾ:വനജമ്മ,ഷീല,ഷാജി മോ ൻ. മരുമക്കൾ :വിശ്വൻ, രാജീവ്, സിന്ധു.




**മോഹനൻ**

മലയിൻകീഴ്: കുറ്റിക്കാട് വൈഷ്ണവത്തിൽ മോഹനൻ (63) അന്തരിച്ചു. ഭാര്യ: പരേതയായ ഗീത. മക്കൾ: ദിവ്യ, ദീപ. മരുമക്കൾ: കിഷോർ, ദീപു. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 8 ന്.



**കെ ബാഹുലേയൻ**

കഴക്കൂട്ടം: തട്ടാൻകരിയിൽ കുമാർ സദനത്തിൽ കെ ബാഹുലേയൻ (66 റിട്ട.സുപ്രണ്ട്, ഹെൽത്ത് ഡയറക്ടറേറ്റ്, ജംഗ്ളി ഹട്ട്, സൗത്ത് ആൻഡമാൻ) അന്തരിച്ചു. ഭാര്യ സുനിത, മക്കൾ: ബിന്ത്യ, ദിവ്യ. മരുമക്കൾ: ജൊനേഷ്, അരുൺ സഞ്ചയനം ശനിയാഴ്ച രാവിലെ 8ന്.



**പി അബ്ദുൽ മജീദ്**

നെടുമങ്ങാട്: അഴിക്കോട് മരുതിനകത്ത് എംഎസ്എസ് ഹൗസിൽ പി അബ്ദുൽ മജീദ്(ഹൈജമ്പ് 84) അന്തരിച്ചു. ഭാര്യ: പരേതയായ സഫിയാ ബീവി. മക്കൾ: നസീറ ബീവി, ഷാജഹാൻ(ഐ എൻടിയുസി മണ്ഡലം പ്രസിഡന്റ്)ഷാനവാസ് (ഷാനു ) മരുമക്കൾ: സലീം (റിട്ട: കെഎസ്ആർടിസി ), ഷാജിദ (റിട്ട: നഴ്സിങ് ഓഫീസർ എസ് എ ടി ഹോസ്പിറ്റൽ ), ഷിജിന. ഖബറടക്കം ചൊവ്വാഴ്ച രാവിലെ 10 മണിക്ക് അഴിക്കോട് വലിയ പള്ളി ഖബർസ്ഥാനിൽ.



**വിക്രമൻ പിള്ള**

കൊട്ടിയം: തഴുത്തല, 'മുരുക്കും കാവ് ദേവീക്ഷേത്രത്തിന സമീപം പുലിപ്പറ തെക്കേതിൽ എസ് വിക്രമൻ പിള്ള (66) അന്തരിച്ചു. ഭാര്യ: ആർ രമണി, മകൻ: വിഷ്ണു വി.



**കെ വി ഫ്രാൻസിസ്**

തൊടുപുഴ:തെക്കുംഭാഗം പുൽപ്പറമ്പിൽ കെ വി ഫ്രാൻസിസ് (90)അന്തരിച്ചു. സംസ്കാരം നാളെ ഉച്ചകഴിഞ്ഞ് രണ്ടിന് കല്ലാനിക്കൽ സെന്റ് ജോർജ് പള്ളിയിൽ. ഭാര്യ :അന്നക്കുട്ടി . മക്കൾ:സാബു,സാജു,സിനി . മരുമക്കൾ: സിന്ധു,റിൻസി സുരേഷ്.



**മിമിക്രി കലാകാരൻ സോമൻ**

പെരുമ്പാവൂർ: മിമിക്രി കലാകാരൻ കുവപ്പടി കൊട്ടാരത്തിൽ സോമൻ (62 )അന്തരിച്ചു.കല്ലമ്പലം മിമിക്സ് എന്ന ട്രൂപ്പിലൂടെ കേരളത്തിൽ അനവധി വേദികളിൽ മിമിക്രി അവതരിപ്പിച്ചു. നടൻ ജനാർദ്ദനന്റെയും തിലകന്റെയും ശബ്ദാനുകരണമായിരുന്ന സോമന്റെ അക്കാലത്തെ മാസ്റ്റർപീസ്. കമ്പിത്തപാൽ വകുപ്പിൽ ടെലഗ്രാം മെസ്സഞ്ചറായി ജോലിയുണ്ടായിരുന്നു. സംസ്കാരം നടത്തി. ഭാര്യ:ലളിത .മൂന്നു മക്കളുണ്ട്.

**ചക്കിപെണ്ണ്**

അന്തിക്കാട്: കല്ലിടവഴി തറയിൽ ചക്കിപെണ്ണ് (86) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്:പരേതനായ വേലായുധൻ.മക്കൾ:രമ, വിജയ, രമേഷ്. മരുമക്കൾ: മോഹനൻ, ശ്രീനിവാസൻ, ഭാഗ്യവതി.



**ബാബു സേനൻപിള്ള**

കല്ലുവാതുക്കൽ: വിലവൂർക്കോണം ബിജേഷ് ഭവനിൽ എൻ ബാബു സേനൻ പിള്ള (60) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് വീട്ട് വളപ്പിൽ. ഭാര്യ: തങ്കമണി അമ്മ. മക്കൾ: ബിജേഷ്കുമാർ, ബിജിതകുമാരി. മരുമക്കൾ: വിനീഷ് ജി നായർ, അഞ്ജന.



**ഹരികൃഷ്ണൻ**

എഴുകോൺ: മാറനാട് പടിഞ്ഞാറ് നിഹാരത്തിൽ (ഇടമനവീട്) ആർ ഹരികൃഷ്ണൻ (39-ടെക്നിക്കൽ ഓഫീസർ, ഡിആർഡിഒ, കൊച്ചി) അന്തരിച്ചു. ഭാര്യ: നിജ (എസ്ബിഐ). മക്കൾ: ഹൃഷികേശ്, സിദ്ധിഹരി.



**ബ്രോണിക്രൂസ്**

പള്ളിത്തോട്ടം: അഞ്ജലി നഗർ 31 ൽ ബ്രോണിക്രൂസ് (69 ബ്രോണി ടെയ്ലേഴ്സ്) അന്തരിച്ചു. ഭാര്യ: ജോസ്ഫിൻ ബ്രോണി. മക്കൾ: ആൻ മേരി, ജോസഫ് ബ്രോണി. സംസ്കാരം ചൊവ്വാഴ്ച രാവിലെ 11.30 ന് തോപ്പ് സെന്റ് സ്റ്റീഫൻ ചർച്ചിൽ.



**രാധമ്മ**

നെയ്യാറ്റിൻകര: തവരവിള പട്ടിക്കാവിള കളത്തിൻകര പുത്തൻ വീട്ടിൽ രാധമ്മ (74) അന്തരിച്ചു. ഭർത്താവ്: രാമചന്ദ്രൻ നായർ. മക്കൾ: സുരേഷ്കുമാർ, ശ്രീജ. മരുമക്കൾ: സിന്ധു, പരേതനായ മോഹനകുമാരൻ നായർ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30 ന്.



**കെ തങ്കമ്മ**

അമ്പലപ്പുഴ :കാക്കാഴം അമ്പതുംചിറ വീട്ടിൽ കെ തങ്കമ്മ (71) അന്തരിച്ചു. ഭർത്താവ് : പരേതനായ കെ ജനാർദ്ദനൻ.മക്കൾ : ജെ ജഗദീഷ് , പരേതനായ ജെ.രാജേഷ്. മരുമകൾ : രമ്യ ജഗദീഷ് .

**കെ എം കൃഷ്ണൻ**

പാണ്ടങ്കരി:ഉദയ മന്ദിരത്തിൽ കെ എം കൃഷ്ണൻ(87) അന്തരിച്ചു.ഭാര്യ:പരേതയായ മാധവി.മക്കൾ : ഉദയൻ, ഉദയമ്മ, ഉമയമ്മ. മരുമക്കൾ : സൗദാമിനി, റെജി, സാബു.

**ജോസ് ഫീന**

പുത്തൻപീടിക: കുന്നംകുടത്ത് ജോസ് ഫീന(78) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് പുത്തൻപീടിക സെന്റ് ആന്റണീസ് പള്ളിയിൽ.ഭർത്താവ്:പരേതനായ ചാൾസ് .മക്കൾ: സീന, ലീന (അധ്യാപിക, സി കെ സി എൽ പി സ്കൂൾ പാവറട്ടി), പരേതനായ ജോയ്, റോയ് ചാൾസ് (മലയാള മനോരമ തൃശ്ശൂർ). മരുമക്കൾ: ജോണി, തോമസ്, സുനിത (അധ്യാപിക, എം എ എസ് എം വി എച്ച് എസ് എസ് വെന്മനാട്).



**അഭയ് ഫിലിപ്പ്**

കൊട്ടാരക്കര: റോയൽ നഗർ പാളക്കോണത്ത് വീട്ടിൽ പാസ്റ്റർ അഭയ് ഫിലിപ്പ്(41) രാജസ്ഥാനിൽ അന്തരിച്ചു. ദുബായ് ഐപിസി എമിറേറ്റ്സ് പെന്തക്കോസ്ത് ദൈവ സഭ പാസ്റ്ററും ഐപിസി യുഎഇ റീജിയൺ സണ്ടേസ്കൂൾ സെക്രട്ടറിയുമാണ്. സംസ്കാരം ഇന്ന് പകൽ 12ന് ഉദയ്പൂർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് സെമിത്തേരിയിൽ. ഭാര്യ അനു (ദുബായ്). മക്കൾ: ആകാശ്, അനന്യ.



**യശോധരൻ**

കരുനാഗപ്പള്ളി: ആദിനാട് 185ാം നമ്പർ എസ്എൻഡിപി ശാഖ മുൻപ്രസിഡന്റ് കെ യശോധരൻ (82) അന്തരിച്ചു. സംസ്കാരം ഇന്ന് പകൽ 11ന് വീട്ടുവളപ്പിൽ. ഭാര്യ: പരേതയായ താരാഭായ്. മകൾ: അഡ്വ. ലാവണ്യ. മരുമകൻ: അജയ്.



**ജഗദമ്മപിള്ള**

മലയിൻകീഴ് : തച്ചോട്ടുകാവ് മച്ചിനാട് കിഴക്കുംകര (എആർഎസി21) ശ്രീശൈലത്തിൽ ജഗദമ്മപിള്ള(96) അന്തരിച്ചു. മക്കൾ: പരേതനായ രാധകൃഷ്ണൻനായർ, രവീന്ദ്രൻനായർ, വിജയമ്മ. മരുമക്കൾ: പ്രസന്ന, സുരേന്ദ്രൻനായർ, ശ്രീകുമാരി. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 8.30ന്.



**പി രവീന്ദ്രൻ**

വർക്കല: മുത്താന അലക്സ് വില്ലയിൽ പി രവീന്ദ്രൻ (92) ലണ്ടനിൽ അന്തരിച്ചു. ഭാര്യ: ശാന്തകുമാരി. മകൾ: ലത മരുമകൻ: രഘു. സംസ്കാരം: ലണ്ടനിൽ.



**സുധാകരൻ നായർ**

പാലാ :വെള്ളിയാപ്പള്ളി കിഴക്കേവെട്ടത്താഴത്ത് സു ധാകരൻ നായർ (72) അന്തരിച്ചു.സംസ്കാരം നടത്തി. ഭാര്യ: സുധാമണി.മക്കൾ :ലഫ്റ്റനന്റ് അനിൽ കെ എസ്, മനു, അജിത്ത്. മരുമക്കൾ: ഗീതു, അനുജ,പൂജ.

**എൽസി**

പാലാ:നെല്ലിയാനി തൈക്കുഴിത്തടത്തിൽ എൽസി (85) അന്തരിച്ചു.സംസ്ക്കാരം ഇന്ന് രാവിലെ 10.30ന് നെല്ലിയാനി സെന്റ് സെബാസ്റ്റ്യൻസ് പള്ളി യിൽ.ഭർത്താവ്: പരേതനായ ജോർജ് (അപ്പച്ചൻ).മക്കൾ:സെൽവി,സീമ. മരുമക്കൾ: ജോൺ, ജോയ് തോമസ്.

**പി വി ഫ്രാൻസിസ്**

കാക്കനാട്:തൃക്കാക്കര ദേശീയ കവല പുളിക്കൽ വീട്ടിൽ പി വി ഫ്രാൻസിസ് (77)അന്തരിച്ചു.സംസ്കാരം നടത്തി.ഭാര്യ:മീനാമ്മ .മക്കൾ:ലിൻസ സിജോ,ഫ്രിജോ, ലിജോ, പരേതനായ ജിയോ.



**ലീല**

പുനലൂർ: നെല്ലിപ്പള്ളി കല്ലാർ ചരുവിളവീട്ടിൽ ലീല (63) അന്തരിച്ചു. സംസ്കാരം ഇന്ന് 12 ന് ശേഷം വീട്ടു വളപ്പിൽ. ഭർത്താവ്: കൃഷ്ണൻ കുട്ടി. മക്കൾ:കൃഷ്ണകുമാരി, ശ്രീകുമാരി, ശ്രീദേവി. മരുമക്കൾ: ശിവദാസൻ, സജീവ്, ഉല്ലാസ്.



**റംല**

മണ്ണഞ്ചേരി: ഞാറകുളങ്ങരയിൽ റംല (60)അന്തരിച്ചു .ഭർത്താവ്:അബ്ദുൽ സമദ് . മക്കൾ:സജ്ല,സാദിഖ്.



**ശ്രീജ**

ചവറസൗത്ത്: മാലിഭാഗം ജയഭവനത്തിൽ (പുത്തേഴത്ത്) ശ്രീജ (43) അന്തരിച്ചു. ഭർത്താവ്: സുരേഷ് തമ്പി (ഗ്രേഡ് എസ്ഐ, ട്രാഫിക്, കൊല്ലം). മക്കൾ: ഗോകുൽ, ഗൗരി.



**ജേക്കബ്**

പറപ്പൂക്കര: പറപ്പൂക്കര പുത്തരിക്കൽ കണ്ണുകാടൻ ജേക്കബ് (84) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: എൽസി. മക്കൾ: റിൻസൻ,ജെസ്സി.

## അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞിരുന്ന യുവാവ് മരിച്ചു

ശാസ്താംകോട്ട: കരുനാഗപ്പള്ളി കന്നേറ്റി പാലത്തിന് സമീപം നടന്ന ബൈക്ക് അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ ആയിരുന്ന യുവാവ് മരിച്ചു. തേവലക്കര പടിഞ്ഞാറ്റംകര പ്ലാമൂട്ടിൽ വടക്കതിൽ ബഷീർ കുട്ടിയുടെയും സബൂറാ ബീവിയുടെയും മകൻ ഷമീർ (35) ആണ് മരിച്ചത്. മൈനാഗപ്പള്ളി പള്ളിമുക്കിലായിരുന്ന താമസം.



കഴിഞ്ഞ വ്യാഴാഴ്ച രാത്രി 8.30 നായിരുന്ന അപകടം. ബൈക്കുകൾ തമ്മിൽ കൂട്ടി ഇടിച്ചായിരുന്ന അപകടം. ഗുരുതരമായി പരിക്കേറ്റ ഷമീറിനെ ആദ്യം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലും വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലും പിന്നീട് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയങ്കിലും ഞായറാഴ്ച രാവിലെ 10.30 ന് മരിച്ചു. ഗൾഫിലായിരുന്ന ഷമീർ ഒരു മാസം മുമ്പാണ് നാട്ടിലെത്തിയത്. കഴിഞ്ഞ ഞായറാഴ്ച പുതിയതായി പണികഴിപ്പിച്ച വീടിന്റെ പ്രവേശന കർമ്മം നടത്തിയിരുന്നു. ഭാര്യ: റഹീന. മക്കൾ: ആമിന, അമാൻ.

## ഹരിയാന മുൻ എംഎൽഎയും സഹായിയും അറസ്റ്റിൽ

ചണ്ഡീഗഢ്: അനധികൃത ഖനനവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഹരിയാന മുൻ എംഎൽഎ ദിൽബാഗ് സിങ്ങിനെയും സഹായി കുൽവീന്ദർ സിങ്ങിനെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു.

യമുന നഗർ നിയമസഭാ സീറ്റിൽ നിന്നുള്ള ഇന്ത്യൻ നാഷണൽ ലോക്ദളിന്റെ മുൻ നിയമസഭാംഗമാണ് സിങ്. ഈ മാസം നാലിന് ദിൽബാഗ് സിങ്ങിന്റെയും കോൺഗ്രസ് എംഎൽഎ സുരേന്ദർ പൻവാറിന്റെയും വീട്ടിൽ റെയ്ഡ് നടത്തിയിരുന്നു. ഇതിനു പുറമേ യമുന നഗർ, സോനിപത്ത്, മൊഹാലി, ഫരീദാബാദ് എന്നിങ്ങനെ 20 സ്ഥലങ്ങളിലും റെയ്ഡ് നടന്നു.

## കള്ളപ്പണം വെളുപ്പിക്കൽ കേസ്: കോൺഗ്രസ് എംഎൽഎയുടെ വസതിയിൽ റെയ്ഡ്

ബംഗളൂരു: കള്ളപ്പണം വെളുപ്പിക്കൽ കേസുമായി ബന്ധപ്പെട്ട് കർണാടക കോൺഗ്രസ് എംഎൽഎ നഞ്ചഗൗഡയുടെ വസതികളിൽ ഇഡി പരിശോധന നടത്തി.

അന്വേഷണത്തിന്റെ ഭാഗമായി അദ്ദേഹത്തിന് ബന്ധമുള്ള മാലൂരിലെയും കോലാറിലെയും സ്ഥാപനങ്ങളിലും കേന്ദ്ര ഏജൻസികൾ പരിശോധന കർശനമാക്കി. നഞ്ചഗൗഡ പ്രസിഡന്റായ കോലാർ-ചിക്കബല്ലാപ്പൂർ ജില്ലാ ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ നിയമനത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് പൊലീസ് നേരത്തെ എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇഡി അന്വേഷണം ആരംഭിച്ചത്. ക്ഷീര സഹകരണ സംഘത്തിന്റെ ഓഫീസിലും പ്ലാന്റിലും പരിശോധന നടത്തിയതായി അധികൃതർ അറിയിച്ചു.

## കൊല്ലപ്പെട്ടെന്ന് കരുതിയ യുവാവിനെ അഞ്ച് വർഷത്തിന് ശേഷം കണ്ടെത്തി

ന്യൂഡൽഹി: മരിച്ചെന്ന് കരുതിയ യുവാവിനെ അഞ്ച് വർഷത്തിന് ശേഷം പുതിയ ഭാര്യയ്ക്കും കുട്ടികൾക്കുമൊപ്പം കണ്ടെത്തി. ഇതോടെ ആശ്വാസമായത് ഇയാളെ കൊലപ്പെടുത്തിയെന്ന കുറ്റം ചുമത്തപ്പെട്ട മറ്റൊരു യുവാവിനാണ്. അഞ്ച് വർഷം മുമ്പ് കാണാതായ 45കാരനായ യോഗേന്ദ്ര കുമാറിനെയാണ് ദൽഹിയിലെ രോഹിണിയിൽ നിന്ന് പൊലീസ് ജീവനോടെ കണ്ടെത്തിയത്.

ഉത്തർപ്രദേശിലെ ബാഗ്പതിൽ നിന്നുമാണ് ഇയാളെ കാണാതാവുന്നത്. 2018ൽ നാട്ടിലുണ്ടായ അടിപിടിയുടെ പേരിൽ പ്രദേശവാസിയായ വേദ് പ്രതാശിന്റെ പരാതിയിൽ യോഗേന്ദ്ര കുമാറിനും സഹോദരന്മാർക്കുമെതിരെ സിംഗാവലി അഹിർ പൊലീസ് ആക്രമണത്തിനും ഭീഷണിപ്പെടുത്തിയതിനും കേസെടുത്തിരുന്നു. ഇതിന് പിന്നാലെയാണ് യോഗേന്ദ്ര കുമാറിനെ കാണാതായത്. കുടുംബം അറിയാതെയാണ് ഇയാൾ വീടുവിട്ടത്. ഇതോടെ ഭർത്താവിനെ കാണാനില്ലെന്ന് ചൂണ്ടിക്കാട്ടി യോഗേന്ദ്ര കുമാറിന്റെ ഭാര്യ പൊലീസിൽ പരാതി നൽകുകയായിരുന്നു.

വേദ് പ്രതാശ് യോഗേന്ദ്ര കുമാറിനെ കൊലപ്പെടുത്തിയെന്നും ഭാര്യ പൊലീസിൽ നൽകിയ പരാതിയിൽ ചൂണ്ടിക്കാട്ടി. ഇവർ കോടതിയെയും സമീപിച്ചിരുന്നു. തുടർന്ന് കോടതി വിധി പ്രകാരം പ്രതാശിനും മറ്റ് രണ്ടുപേർക്കുമെതിരെ തട്ടിക്കൊണ്ടുപോകലും കൊലപാതക കുറ്റവും ചുമത്തി കേസ് ഫയൽ ചെയ്തു. എന്നാൽ എട്ട് മാസത്തോളം അന്വേഷണം നടത്തിയിട്ടും കുമാറിനെ കണ്ടെത്താനോ, കൊലപാതകം തെളിയിക്കാനോ പൊലീസിനായില്ല. ഒടുവിൽ പൊലീസും അന്വേഷണം അവസാനിപ്പിച്ചു.

യോഗേന്ദ്ര കുമാർ മരണപ്പെട്ടുവെന്ന നിഗമനത്തിലായിരുന്ന പൊലീസും. യോഗേന്ദ്ര കുമാറിന്റെ കുടുംബവും ഇയാൾ മരിച്ചെന്ന് തന്നെയാണ് കരുതിയത്. ഇതിനിടയിലാണ് അഞ്ച് വർഷത്തിന് ശേഷം യോഗേന്ദ്ര കുമാറിനെ ഡൽഹിയിൽ നിന്നും കഴിഞ്ഞ ദിവസം പൊലീസ് പിടികൂടിയത്. ദൽഹിയിൽ ടാക്സി ഡ്രൈവറായി ജോലി ചെയ്ത് വരികയായിരുന്നു ഇയാളെന്ന് പൊലീസ് പറഞ്ഞു. മറ്റൊരു യുവതിയെ വിവാഹം കഴിച്ച ഇയാൾക്ക് നാല് മക്കളുമുണ്ട്. ആദ്യ വിവാഹവും നാട്ടിലെ കേസുമെല്ലാം മറച്ചുവെച്ചാണ് യോഗേന്ദ്ര കുമാർ ഡൽഹി സ്വദേശിനിയായ യുവതിയെ വിവാഹം കഴിച്ചതെന്നും പൊലീസ് വ്യക്തമാക്കി.

## വീണ്ടും വിദ്വേഷ പ്രസംഗവുമായി കർണാടകയിലെ ബിജെപി നേതാവ്

ബെലഗാവി: മുസ്ലിങ്ങൾക്കെതിരെ വീണ്ടും വിദ്വേഷ പ്രസംഗവുമായി കർണാടക മുൻ മന്ത്രിയും ബിജെപി നേതാവുമായ കെ എസ് ഈശ്വരപ്പ. ക്ഷേത്രഭൂമിയിൽ നിർമ്മിച്ചതെന്ന് ആരോപിക്കുന്ന പള്ളികളിൽനിന്ന് മുസ്ലിങ്ങൾ സ്വമേധയാ ഒഴിഞ്ഞുപോകണമെന്നും അല്ലെങ്കിൽ എന്ത് സംഭവിക്കുമെന്നോ എത്രപേർ കൊല്ലപ്പെടുമെന്നോ പറയാനാവില്ലെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ബെലഗാവിയിൽ ഹിന്ദുത്വ കൺവെൻഷനിൽ സംസാരിക്കുകയായിരുന്നു ഈശ്വരപ്പ.

മഥുര ഉൾപ്പെടെ രണ്ടിടങ്ങൾ കൂടി പരിഗണനയിലുണ്ട്. ഇന്നോ നാളെയോ ആകട്ടെ, കോടതി വിധി വന്നാൽ ക്ഷേത്ര നിർമ്മാണവുമായി മുന്നോട്ട് പോകും. അതിൽ ഒരു സംശയവും വേണ്ട. അത്തരം മസ്ജിദുകൾ നിർമ്മിച്ച പ്രദേശങ്ങളിൽ, നിങ്ങൾ സ്വമേധയാ ഒഴിഞ്ഞാൽ അത് പ്രയോജനകരമാകും. അല്ലെങ്കിൽ, എത്രപേർ കൊല്ലപ്പെടും, എന്തെല്ലാം സംഭവിക്കും എന്നതുൾപ്പെടെയുള്ള പ്രത്യാഘാതങ്ങൾ ഞങ്ങൾക്കറിയില്ല. ഈശ്വരപ്പ മുന്നറിയിപ്പ് നൽകി. വിദ്വേഷ പ്രസംഗങ്ങളിലൂടെ നിരന്തരം വാർത്തകളിൽ ഇടം പിടിക്കുന്നയാളാണ് ഈശ്വരപ്പ. നിയമസഭ തെരഞ്ഞെടുപ്പിന്റെ പ്രചാരണകാലത്ത് തെരഞ്ഞെടുപ്പിൽ ഒറ്റ മുസ്ലിം വോട്ട് പോലും വേണ്ടെന്ന് പറഞ്ഞും ഈശ്വരപ്പ വിവാദമുണ്ടാക്കിയിരുന്നു.

## തീപിടിത്തത്തിൽ നിന്ന് രക്ഷപ്പെടാൻ രണ്ടാം നിലയിൽ നിന്ന് ചാടി: 13 കാരിക്ക് ദാരുണാന്ത്യം

ഇൻഡോർ: തീപിടിത്തത്തിൽ നിന്ന് ജീവൻ രക്ഷിക്കാൻ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ നിന്ന് ചാടിയ 13 കാരിക്ക് ദാരുണാന്ത്യം. മധ്യപ്രദേശിലെ സാഗർ നഗരത്തിൽ ഞായറാഴ്ചയാണ് സംഭവം. താൻ താമസിച്ചിരുന്ന കെട്ടിടത്തിന്റെ താഴത്തെ നിലയിൽ തീ പടരുന്നത് കണ്ട് ഭയന്ന പെൺകുട്ടി രണ്ടാം നിലയിൽ നിന്ന് ചാടുകയായിരുന്നു.

എയ്ഞ്ചൽ ജെയിൻ എന്ന പെൺകുട്ടിയാണ് മരിച്ചത്. വീഴ്ചയിൽ ഗുരുതരമായി പരിക്കേറ്റ കുട്ടിയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിൽ കുട്ടിയുടെ സഹോദരനും അമ്മയ്ക്കും പരിക്കേറ്റിട്ടുണ്ട്. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിന് കാരണമെന്ന് പ്രഥമദൃഷ്ട്യാ അന്വേഷണത്തിൽ കണ്ടെത്തി.

## യാഷിന്റെ ജന്മദിനം: ബാനർ കെട്ടുന്നതിനിടയിൽ ഷോക്കേറ്റ് മൂന്ന് മരണം

ബംഗളൂരു: കെജിഎഫ് താരം യാഷിന്റെ ജന്മദിനത്തിന് ബാനർ കെട്ടാൻ കയറിയ മൂന്ന് ആരാധകർ ഷോക്കേറ്റ് മരിച്ചു. ഞായറാഴ്ച രാത്രി കർണാടകയിലെ ഗദഗ് ജില്ലയിലെ സുരനാഗി ഗ്രാമത്തിലാണ് അപകടമുണ്ടായത്. ഹനമന്ത് ഹരിജൻ (21), മുരളി നടുവിനാമണി (20), നവീൻ (19) എന്നിവരാണ് മരിച്ചത്. സംഭവത്തിൽ രണ്ടുപേർ പരിക്കേറ്റ് ലക്ഷ്മേശ്വർ താലൂക്ക് ആശുപത്രിയിൽ ചികിത്സയിലാണ്.

യാഷിന്റെ ജന്മദിനത്തോട് അനുബന്ധിച്ച് ഞായറാഴ്ച രാത്രി ഒരു മണിയോടെ ആരാധകർ ഗ്രാമത്തിൽ യാഷിന്റെ ബാനറുകളും കട്ടൗട്ടുകളും സ്ഥാപിക്കുകയായിരുന്നു. ബാനർ ചരടിൽ കെട്ടി മുകളിലേക്ക് ഉയർത്തുന്നതിനിടയിൽ വൈദ്യുത കമ്പിയിൽ തട്ടുകയും തുടർന്ന് മൂന്ന് ആരാധകർക്ക് വൈദ്യുതാഘാതമേൽക്കുകയും ചെയ്തു. ഇവരെ രക്ഷിക്കാൻ ശ്രമിച്ചപ്പോഴാണ് മറ്റ് രണ്ടുപേർക്കും പരിക്കേറ്റത്.

ഇവരെ ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും മൂന്നുപേരുടെ ജീവൻ രക്ഷിക്കാൻ സാധിച്ചില്ല. സംഭവത്തിൽ ലക്ഷ്മേശ്വർ പൊലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും ഗദഗ് പൊലീസ് പറഞ്ഞു.

## കമിതാക്കളാണെന്ന് സംശയം സഹോദരനും സഹോദരിക്കും യുവാക്കളുടെ ക്രൂരമർദ്ദനം

ബെലഗാവി: കർണാടക- ഇതരമതസ്ഥരായ കമിതാക്കളാണെന്ന സംശയത്തിൽ സഹോദരനും സഹോദരിക്കും നേരെ യുവാക്കളുടെ ക്രൂരമർദ്ദനം. കഴിഞ്ഞ ദിവസം നടന്ന സംഭവത്തിൽ ബെലഗാവിയിൽ നിന്നും ഒമ്പത് പേരെ പൊലീസ് അറസ്റ്റ് ചെയ്തു. സഹോദരങ്ങളെ തല്ലിച്ചതച്ച കേസിൽ 19 പേർക്കെതിരെയാണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.23 വയസുള്ള യുവാവിനെയും 21 വയസുള്ള യുവതിയെയുമാണ് പ്രതികൾ സംശയത്തിന്റെ പേരിൽ ആക്രമിച്ചത്

സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉമർ സാദിഖ്, സെയ്ഫ് അലി, മുഹമ്മദ്, ആതിഫ്, അമൻ, റിഹാൻ, അസൻ എന്നിവരെ കൂടാതെ പ്രായപൂർത്തിയാകാത്ത രണ്ട് പേരും അറസ്റ്റിലായായിട്ടുണ്ടെന്ന് ഡിസിപി റോഹൻ ജഗദീഷ് മാധ്യമങ്ങളോട് പറഞ്ഞു. സഹോദരങ്ങൾ ബെലഗാവി ഫോർട്ട് ലേക്കിന് സമീപത്തായി സംസാരിക്കുന്നതിനിടെയാണ് പ്രതികൾ സംഘമായി വളഞ്ഞത്.

സഹോദരങ്ങളാണെന്ന് പറഞ്ഞിട്ടും കേൾക്കാതെ, അടുത്തുള്ള കെട്ടിടത്തിലേക്ക് കൊണ്ടുപോയി തല്ലിച്ചതച്ചു. യുവാവ് രക്ഷിതാക്കളെ ഫോണിൽ വിളിച്ചറിയിച്ചതിനെ തുടർന്ന് പൊലീസ് എത്തി ഇവരെ രക്ഷിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ സഹോദരങ്ങളെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## അധ്യാപിക കുഴഞ്ഞുവീണു മരിച്ചു



കൊരട്ടി: വിദ്യാർഥികളുടെ ഫെയർവെൽ യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ അധ്യാപിക കുഴഞ്ഞുവീണു മരിച്ചു. എൽഎഫ്സിഎച്ച്എസ്എസിലെ കണക്ക് അധ്യാപിക രമ്യ ജോസ് (41) ആണ് മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് ഒരുമണിക്കായിരുന്നു സംഭവം. പ്ലസ്ടു വിദ്യാർഥികളുടെ ക്ലാസുകൾ അവസാനിച്ചതിനെ തുടർന്ന് ഇന്നലെ ഫെയർവെൽ യോഗം ഒരുക്കിയിരുന്നു. കുഴഞ്ഞുവീണ രമ്യയെ ഉടൻ സഹപ്രവർത്തകർ സമീപത്തുള്ള ദേവമാത ആശുപത്രിയിൽ എത്തിച്ചുവെങ്കിലും മരണം സംഭവിച്ചിരുന്നു.

അങ്കമാലി വാപ്പാലശേരി പയ്യപ്പിള്ളി കൊളുവൻ ഭർത്താവ്: ഫിനോബ്. ഹൈക്കോടതി അഭിഭാഷകൻ മരട് ചൊവ്വാറ്റുകുന്നേൽ ജോസിന്റെയും മേരിയുടെയും മകളാണ്. 2012 മുതൽ ഇവിടെ അധ്യാപികയാണ്. മൃതദേഹം വൈകിട്ടോടെ തൃശ്ശൂർ മെഡിക്കൽ കോളജിലേക്ക് മാറ്റി. ഇന്ന് ഒരുമണിക്ക് സ്കൂളിൽ മൃതദേഹം പൊതുദർശനത്തിനു വയ്ക്കും. സംസ്കാരം ഇന്ന് വൈകിട്ട് അഞ്ചിന് നെടുമ്പാശേരി അകപ്പറമ്പ് സെന്റ് ഗർവാസിസ് പ്രോത്താസിസ് പള്ളിയിൽ. മക്കൾ: നേഹ, നോറ.



*ഇന്റേൺഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്തവർ ജാഫർ മാലിക്, ജഹാംഗീർ.എസ് എന്നിവർക്കൊപ്പം*

# ശബരിമലയിൽ പ്രതിദിനം എത്തുന്നത് ഒരുലക്ഷം തീർഥാടകർ

ശബരിമല: മകരവിളക്കിന് ഒരാഴ്ച മാത്രം അവശേഷിച്ചിരിക്കേ ശബരിമലയിലേക്ക് വൻ തീർഥാടക പ്രവാഹം.

മകരവിളക്ക് ഉത്സവത്തിനായി നടതുറന്ന ഡിസംബർ 30 മുതൽ ഇന്നലെവരെ വൻ ഭക്തജനതിരക്കാണ് ശബരിമലയിൽ അനുഭവപ്പെടുന്നത്. ഓരോ ദിവസവും ശരാശരി ഒരു ലക്ഷം ഭക്തർ വീതം പതിനെട്ടാംപടി കയറി അയ്യപ്പദർശനം നടത്തി മലയിറങ്ങുന്നുണ്ടെന്നാണ് ഔദ്യോഗിക കണക്കെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ് പി. എസ്. പ്രശാന്ത് പറഞ്ഞു.

പുല്ലുമേട് വഴി സന്നിധാനത്തിലേക്ക് അയ്യപ്പസ്വാമി ദർശനത്തിനായി എത്തിച്ചേരുന്ന അയ്യപ്പഭക്തരുടെ എണ്ണത്തിലും ഇക്കുറി കാര്യമായ വർധനയുണ്ട്.

ഭക്തരുടെ തിരക്ക് വർധിച്ചിട്ടും എല്ലാ ഭക്തർക്കും സുഗമമായ അയ്യപ്പദർശനം സാധ്യമാക്കുക എന്ന ദൗത്യത്തോടെയാണ് സുരക്ഷാ ചുമതലയും ഒപ്പം തിരക്ക് നിയന്ത്രണ വിധേയമാക്കുകയും ചെയ്യുന്ന സംസ്ഥാന പോലീസ് സേനാംഗങ്ങൾ ശബരിമലയിൽ പ്രവർത്തിക്കുന്നതെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ് പറഞ്ഞു.

ദർശനത്തിനെത്തുന്ന അയ്യപ്പൻമാർക്ക് വേഗത്തിൽ ദർശനം നടത്തുന്നതിനുള്ള ക്രമീകരണം ഫ്ലൈ ഓവറിലും ക്ഷേത്ര സോപാനത്തിനു മുന്നിലായുള്ള ലെയറുകളിലും ഒരുക്കിയിട്ടുണ്ട്.

കുട്ടികൾക്കും മാളികപ്പുറങ്ങൾക്കുമായി ദർശനത്തിന് തിരുമുറ്റത്ത് ഒരുക്കിയിട്ടുള്ള പ്രത്യേക ഗേറ്റ് സംവിധാനം ഭക്തർക്ക് ഏറെ സഹായകരമാണ്.

മാളികപ്പുറങ്ങളും പ്രായമായവരും കുട്ടികളും അടക്കം പതിനെട്ടാംപടി കയറുമ്പോൾ സുരക്ഷിതമായി അവരെ പതിനെട്ടു പടികളും കയറ്റണമെന്ന നിർദേശമാണ് പോലീസിനു നൽകിയിട്ടുള്ളത്.

മകരവിളക്ക് ദിവസത്തെ തിരക്ക് കണക്കിലെടുത്ത് 14ന് 50, 000 പേർക്കും 15നു 40, 000 പേർക്കും മാത്രമേ ഓൺലൈൻ വെർചൽ ക്യൂ ടിക്കറ്റ് നൽകിയിട്ടുള്ളൂ. സ്പോട്ട് ബുക്കിംഗ് സംവിധാനം പത്തു മുതൽ ഉണ്ടായിരിക്കില്ല.

പതിനെട്ടാംപടിയിലെ തിരക്ക് നിയന്ത്രണവുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്കെതിരേ ഉയരുന്ന പരാതികളുടെ അടിസ്ഥാനത്തിൽ നിരീക്ഷണത്തിന് ഉന്നത ഉദ്യോഗസ്ഥർ.

മിനിട്ടിൽ 6570 പേരെയാണ് ഇപ്പോൾ പതിനെട്ടാംപടി കയറ്റിവിടുന്നത്. ഇതു പരമാവധിയാണെന്ന് പോലീസ് ഉദ്യോഗസ്ഥർ പറയുന്നു. അപ്പോഴും തിരക്ക് മരക്കൂട്ടത്തിനപ്പുറത്തേക്ക് നീളുന്നുണ്ട്. മരക്കൂട്ടം മുതൽ പതിനെട്ടാംപടി വരെ എത്താൻ 14 മണിക്കൂർ വരെ ക്യൂ നിൽക്കേണ്ട സാഹചര്യമുണ്ട്. തീർഥാടകരെ നിയന്ത്രിച്ചു വിടുന്നതിനാലാണിത്.

പമ്പയിലും നാലു മണിക്കൂറോളം തീർഥാടകരെ തടഞ്ഞുവയ്ക്കുന്നുണ്ട്. മലകയറ്റം മണിക്കൂറുകൾ നീളുന്നതോടെ തീർഥാടകരുടെ യാത്രാ ക്രമീകരണങ്ങൾ തന്നെ താളംതെറ്റുന്നുണ്ട്. കാനനപാത വഴി കാൽനടയായി എത്തുന്നവരുടെ എണ്ണവും കൂടി. വരുംദിവസങ്ങളിൽ എണ്ണം കൂടുമെന്നതിനാൽ സ്പോട്ട് ബുക്കിംഗ് പത്തുവരെ ഉണ്ടാകൂവെന്ന് അറിയിച്ചിട്ടുണ്ട്.

പതിനെട്ടാംപടി കയറുന്പോൾ കഴിഞ്ഞ ദിവസം അയ്യപ്പഭക്തനു മർദനമേറ്റതായി പറയുന്ന സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രി കെ. രാധാകൃഷ്ണൻ ശബരിമല എഡിഎമ്മിനും നിർദേശം നൽകിയിട്ടുണ്ട്.

# കുടുംബശ്രീ അർബൻ ലേണിങ്ങ് ഇന്റേൺഷിപ് പ്രോഗ്രാം: ആദ്യബാച്ചിന് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു

തിരുവനന്തപുരം: കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായി അർബൻ ലേണിങ്ങ് ഇന്റേൺഷിപ് പ്രോഗ്രാമിന്റെ ആദ്യബാച്ചിനുള്ള ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം തൈക്കാട് കേരള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ സംഘടിപ്പിച്ചു. എൻ.യു.എൽ.എം പദ്ധതി വഴി സംസ്ഥാനത്തെ നഗര മേഖലയിലുണ്ടായ പുരോഗതിയും നേട്ടങ്ങളും വിലയിരുത്തുന്നതിനൊപ്പം പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നൂതന മാർഗങ്ങൾ കണ്ടെത്തുകയാണ് പ്രോഗ്രാമിന്റെ ലക്ഷ്യം. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് പരിപാടി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ 93 നഗരസഭകളിലും നടത്തുന്ന ഇന്റേൺഷിപ് പ്രോഗ്രാമിന്റെ ആദ്യ ബാച്ചിൽ 29 പേരെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഇവരിൽ മൂന്നു പേർ മൂന്നു മാസം സംസ്ഥാനമിഷനിലും ബാക്കിയുള്ള 26 പേർ രണ്ടു മാസം സംസ്ഥാനത്തെ വിവിധ നഗരസഭകളിലും ഇന്റേൺഷിപ് ചെയ്യും. ഈ മാസം 25നകം ബാക്കി പരിശീലനാർത്ഥികളെ കൂടി തിരഞ്ഞെടുത്തു കൊണ്ട് 93 നഗരസഭകളിലും ഇന്റേൺഷിപ് പ്രോഗ്രാം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീ നൽകുന്ന മൂന്നു പ്രധാന വിഷയങ്ങളെ അടിസ്ഥാനമാക്കി ഇവർ മുഖേന തയ്യാറാക്കുന്ന റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കും.

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ദേശീയനഗരം ഉപജീവന പദ്ധതി നഗരദരിദ്രർക്ക് എപ്രകാരം പ്രയോജനപ്പെടുന്നു എന്നതാണ് ആദ്യത്തേത്. ഉൽപാദന സേവന മേഖലകളിലെ സംരംഭ സാധ്യതകൾ എന്നതാണ് രണ്ടാമത്തെ വിഷയം. 2022-23, 2023-24, സാമ്പത്തിക വർഷങ്ങളിൽ നഗര തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്നു കൊണ്ട് നടപ്പാക്കിയ നഗരദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ വിലയിരുത്തലും 2024-25 ലെ നഗരദാരിദ്ര്യ ലഘൂകരണ പദ്ധതി തയ്യാറാക്കലുമാണ് മൂന്നാമത്തെ വിഷയം. നഗരസഭകളിൽ ഇന്റേൺഷിപ്പിനെത്തുന്നവർ ഈ മൂന്നു വിഷയങ്ങളിലും ആവശ്യമായ പഠനങ്ങൾ നടത്തി സ്ഥിതി വിവര കണക്കുകൾ ശേഖരിക്കും. നഗരസഭകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പദ്ധതി നിർവഹണ ഉദ്യാഗസ്ഥർ, പദ്ധതി ഗുണഭോക്താക്കൾ എന്നിവരുമായി ചർച്ചകൾ നടത്തിയാകും വിവരശേഖരണം. നഗരസഭാതലത്തിൽ ഇന്റേൺഷിപ് ചെയ്യുന്നവർ നൽകുന്ന വിവരങ്ങൾ വിലയിരുത്തുകയും ക്രോഡീകരിക്കുകയും ചെയ്ത് അന്തിമ റിപ്പാർട്ട് തയ്യാറാക്കുകയാണ് സംസ്ഥാനമിഷനിൽ ഇന്റേൺഷിപ്പ് ചെയ്യുന്നവരുടെ ചുമതല. പദ്ധതി നിർവഹണത്തിലും അതിന്റെ ഗുണപരതയിലും ഉൾപ്പെടെ ഏതെല്ലാം മേഖലകളാണ് മെച്ചപ്പെടുത്തേണ്ടത് എന്ന ശുപാർശയോടെയാകും അന്തിമ റിപ്പോർട്ട് കുടുംബശ്രീക്ക് സമർപ്പിക്കുക. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർമാലിക്, പ്രോഗ്രാം ഓഫീസർ(അർബൻ) ജഹാംഗീർ എസ് എന്നിവർ പ്രോഗ്രാമിനെ കുറിച്ച് വിശദീകരിച്ചു. എൻ.യു.എൽ.എം സ്റ്റേറ്റ് മിഷൻ മാനേജർമാരായ സുധീർ കെ.ബി, മേഘ്ന എസ്, നിശാന്ത് ജി.എസ്,പൃഥ്വിരാജ്, സിറ്റി മിഷൻ മാനേജർ ശ്യാംകൃഷ്ണ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# കലേന്ദ്രൻെറ തിരോധാനം: വനമേഖലയിൽനിന്നും ഉടുപ്പും കൈലിയും തോർത്തും കണ്ടെത്തി

അഞ്ചൽ: അഞ്ചൽ ചണ്ണപ്പേട്ട സ്വദേശി കലേന്ദ്രൻറെ തിരോധനാവുമായി ബന്ധപ്പെട്ടു അന്വേഷണം കൂടുതൽ ഊർജിതമാക്കിയിരിക്കുകയാണ് അഞ്ചൽ പോലീസ്. കഴിഞ്ഞ ദിവസം നാട്ടുകാർ വനമേഖലയിൽ നടത്തിയ പരിശോധനയിൽ ഉടുപ്പും, തോർത്തും കണ്ടെത്തി. ഇവ കാണാതായ കലേന്ദ്രൻറെതാണെന്ന് ബന്ധുക്കൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

മനുഷ്യൻറെത് എന്ന് കരുതുന്ന മുടിയും ഇവിടെ നിന്നും കണ്ടെത്തിയിട്ടുണ്ട്. അതേസമയം കഴിഞ്ഞ ദിവസം പോലീസ് കണ്ടെത്തിയ കൈലി കലേന്ദ്രൻറെതാണോ എന്ന കാര്യത്തിൽ ഇപ്പോഴും സ്ഥിരീകരണം ഉണ്ടായിട്ടില്ല. ഉടുപ്പും തോർത്തും കണ്ടെത്തിയ സ്ഥലത്ത് കൊല്ലത്ത് നിന്നും എത്തിയ ഫോറൻസിക് സംഘം പരിശോധന നടത്തി.

വനത്തിൽ നിന്നും കണ്ടെത്തിയ ഷർട്ടും തോർത്തും സംഘം പരിശോധിച്ചു. കൂടുതൽ പരിശോധനകൾക്കായി ഇവ പോലീസ് കസ്റ്റഡിയിൽ സൂക്ഷിരിക്കുകയാണ്. അതേസമയം ഇന്നും നാട്ടുകാരും ബന്ധുക്കളും അടങ്ങുന്ന സംഘം വനമേഖലയിൽ വ്യാപകമായി തെരച്ചിലാണ് നടത്തിയത്. സ്ത്രീകളും കുട്ടികളും അടങ്ങുന്ന സംഘവും തെരച്ചിലിൽ പങ്കെടുക്കുന്നുണ്ട്. കലേന്ദ്രനെ അപയപ്പെടുത്തി എന്ന് തന്നെയാണ് തങ്ങൾ വിശ്വസിക്കുന്നതെന്നു ബന്ധുക്കൾ പറഞ്ഞു. അഞ്ചൽ പോലീസ് സബ് ഇൻസ്പെക്ടർ പ്രജീഷ്കുമാറിൻറെ നേതൃത്വത്തിലാണ് അന്വേഷണം തുടരുന്നത്.

അന്വേഷണത്തിൻറെ ഭാഗമായി സംശയമുള്ള ചിലരെ കഴിഞ്ഞ ദിവസം പോലീസ് സ്റ്റേഷനിൽ എത്തിച്ചു ചോദ്യം ചെയ്തിരുന്നു. ഇതിൻറെ കൂടുതൽ വിവരങ്ങൾ പോലീസ് പുറത്തുവിട്ടിട്ടില്ല.

# സ്ത്രീധന പീഡന പരാതിയിൽ അടയിരിക്കരുത്: നിയമസഭാസമിതി

ആലപ്പുഴ: സ്ത്രീധന പീഡന പരാതികളിലെ നടപടിക്രമങ്ങളിൽ പോലീസ് സ്റ്റേഷനുകളിൽ അനാവശ്യ കാലതാമസം പാടില്ലെന്ന് നിയമസഭാസമിതി. പോലീസ് സ്റ്റേഷനിലേക്കു വരുന്ന പരാതികളിൽ ഒരുപക്ഷത്ത് ചേർന്നുകൊണ്ട് ഉദ്യോഗസ്ഥർ അനാവശ്യമായി ഇടപെടരുതെന്നും ഇത്തരത്തിൽ സമിതിയിൽ വന്ന പരാതികൾ സ്ത്രീധനവുമായി ബന്ധപ്പെട്ട സമിതിയുടെ സ്പെഷൽ റിപ്പോർട്ടായി നൽകുമെന്നും തുടർന്നുവരുന്ന സമിതി യോഗങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്യുമെന്നും വ്യക്തമാക്കി.

സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജെൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യു. പ്രതിഭ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന നിയമസഭാസമിതി തെളിവെടുപ്പിലാണ് ഇക്കാര്യം പറഞ്ഞത്. നിയമസഭാസമിതിയിലെ മറ്റ് എംഎൽഎമാരായ സെബാസ്റ്റ്യൻ കുളത്തുങ്കൽ, ഒ. എസ്. അംബിക, കെ. ശാന്തകുമാരി, ദലീമ ജോജോ, സി.കെ. ആശ എന്നിവരും ആലപ്പുഴ കളക്ടറേറ്റിൽ നടന്ന സിറ്റിംഗിൽ പങ്കെടുത്തു.

ജില്ലാ കളക്ടർ ജോൺ വി. സാമുവൽ, ജില്ലാ പോലീസ് മേധാവി ചൈത്ര തെരേസ ജോൺ, എഡിഎം എസ്. സന്തോഷ് കുമാർ, വനിതാ ശിശുവികസന വകുപ്പ് ജില്ലാ ഓഫീസർ എൽ. ഷീബ, സാമൂഹ്യനീതിവകുപ്പ് ജില്ലാ ഓഫീസർ എ. ഒ. അബീൻ തുടങ്ങിയവരും പങ്കെടുത്തു.

തെറ്റിദ്ധാരണയുടെ പുറത്ത് അറസ്റ്റ് ചെയ്യുന്ന കേസുകളിൽ പോലീസ് സംയമനത്തോടെ ഇടപെടണമെന്നും മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നത് ഒരുതരത്തിലും പാടില്ലെന്നും സമിതി നിർദേശിച്ചു. ഭർത്താവിനെ കാണാനില്ലെന്ന പരാതി നൽകാൻ എത്തിയ യുവതി നേരിട്ടത് വലിയ പീഡനങ്ങളാണെന്നും യുവതിയുടെ പരാതിയിൽ ഡിജിപി അടക്കമുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു സ്പെഷൽ സിറ്റിംഗ് നടത്തുമെന്നും സമിതി അറിയിച്ചു.

തൊഴിലിടങ്ങളിൽ ഉൾപ്പെടെ സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ, ശാരീരികമോ മാനസികമോ ആയ വിഷമങ്ങളും സ്ത്രീകൾ നേരിടേണ്ടിവരുന്നത് ഗൗരവമായി കാണുന്നുവെന്ന് സമിതി വ്യക്തമാക്കി. ചെട്ടിക്കുളങ്ങര ടിടിഐ പ്രിൻസിപ്പലിൻറെ പ്രമോഷൻ മാനേജ്മെൻറ് തടഞ്ഞതുമായി ബന്ധപ്പെട്ട പരാതിയിലാണ് നിരീക്ഷണം. ഭിന്നശേഷിക്കാർക്ക് തൊഴിലിടങ്ങളിൽ മാനസിക, ശാരീരിക ബുദ്ധിമുട്ടുകളും നേരിടേണ്ട സാഹചര്യം ഉണ്ടാകരുതെന്നും സമിതി വിലയിരുത്തി. ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് കോടതികളുടെ പരിഗണനയിലിരിക്കുന്ന പരാതികളിൽ സമിതിക്ക് പൂർണ പരിഹാരം കാണാൻ കഴിയില്ല. ഭിന്നശേഷിക്കാരുടെ വഴി പ്രശ്നം സംബന്ധിച്ച പരാതികളിൽ മാനുഷിക പരിഗണനയോടെ എല്ലാവരും ഇടപെടണമെന്ന നിർദേശവും സമിതി നൽകി.

പഞ്ചായത്തുകൾ മാസംതോറും ഭിന്നശേഷിക്കാർക്കായി അദാലത്ത് സംഘടിപ്പിക്കണമെന്നും നേരിട്ട് പങ്കെടുക്കാൻ കഴിയാത്തവരുടെ വീടുകളിൽ കാര്യങ്ങൾ അന്വേഷിക്കാൻ ചെല്ലണമെന്നും സമിതി പറഞ്ഞു.

# സേവനങ്ങളെല്ലാം സ്മാർട്ട്: നെയ്യാറ്റിൻകര നഗരസഭയിൽ കെ സ്മാർട്ട് പദ്ധതിക്ക് തുടക്കമായി

നെയാറ്റിൻകര: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാകുന്ന കെ സ്മാർട്ട്(കേരള സൊല്യൂഷൻസ് ഫോർ മാനേജ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആന്റ് ട്രാൻസ്ഫോർമേഷൻ) പദ്ധതിക്ക് നെയ്യാറ്റിൻകര നഗരസഭയിലും തുടക്കമായി. ആദ്യ ഘട്ടമായി ജനുവരി ഒന്നു മുതൽ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും കെ സ്മാർട്ട് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് നെയ്യാറ്റിൻകര നഗരസഭയും സജ്ജമായത്.

ചുരുങ്ങിയ സമയം കൊണ്ട് തന്നെ സർട്ടിഫിക്കറ്റുകൾ അപേക്ഷകരിൽ എത്തിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി പാറശാല പശൂർക്കോണം സ്വദേശി മനോജിന്റെ മകൾ ദേവികയുടെ ജനന സർട്ടിഫിക്കറ്റ് നഗരസഭ ചെയർമാൻ പി കെ രാജ്മോഹനൻ കൈമാറി. നഗരസഭാ സെക്രട്ടറി സാനന്ദ സിങ്, സൂപ്രണ്ടുമാരായ പ്രബീൺ, പ്രദീപ്, ക്ലീൻ സിറ്റി മാനേജർ ബി ടി സുരേഷ് കുമാർ, ജനന മരണ സർട്ടിഫിക്കറ്റ് വിഭാഗത്തിലെ ജീവനക്കാർ എന്നിവർ പങ്കെടുത്തു.

തദ്ദേശ സ്ഥാപനങ്ങളുടെ കാര്യക്ഷമത, സുതാര്യത എന്നിവ വർധിപ്പിക്കുക, അഴിമതി ഇല്ലാതാക്കുക, പൗരന്മാർക്ക് സേവനം അതിവേഗം ലഭ്യമാക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ ജനനമരണ, വിവാഹ രജിസ്ട്രേഷൻ, വ്യാപാര വ്യവസായ ലൈസൻസ്, വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ്, ഫിനാൻസ് മോഡ്യൂൾ, കെട്ടിട നിർമ്മാണ അനുമതി, പൊതുജന പരാതി പരിഹാരം എന്നീ എട്ട് സേവനങ്ങളായിരിക്കും ലഭിക്കുക.

പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനും അവ പരിഹരിച്ച് യഥാസമയം പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനവും കെ സ്മാർട്ടിൽ ഒരുക്കിയിട്ടുണ്ട്. അപേക്ഷകളുടെയും പരാതികളുടെയും രസീത് അപേക്ഷകന്റെ വാട്സ്ആപ്പിലും ഇ മെയിലിലും ലഭ്യമാക്കും. സർട്ടിഫിക്കറ്റുകളും വാട്സ്ആപ്പ് വഴിയും ഇ മെയിൽ വഴിയും അയയ്ക്കും.

# ഡോ. എ സുകുമാരൻ നായർ അന്തരിച്ചു

തിരുവനന്തപുരം: മുൻ എംജി സർവകലാശാല വൈസ് ചാൻസലർ ഡോ. എ സുകുമാരൻ നായർ (94) അന്തരിച്ചു. വഞ്ചിയൂർ ഹരിമന്ദിരത്തിൽ ഇന്നലെ പുലർച്ചെ അഞ്ച് മണിയോടെയായിരുന്നു അന്ത്യം. വാർധക്യ സഹജമായ അസുഖം ബാധിച്ച് കിടപ്പിലായിരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ പ്രൊ വൈസ് ചാൻസലർ, കേരള കാലിക്കറ്റ് സർവകലാശാലകളിൽ വിവിധ വകുപ്പുകളിൽ പ്രൊഫസർ, ഡീൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഹൈസ്കൂൾ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കാൻ ശുപാർശ ചെയ്ത കമ്മിഷന്റെ അധ്യക്ഷനായിരുന്നു. അദ്ദേഹം രൂപകൽപന ചെയ്ത മനഃശാസ്ത്ര പുസ്തകങ്ങൾ ഇന്നും ബിഎഡ് കോഴ്സുകളിൽ ഉപയോഗിക്കുന്നുണ്ട്. മാത്തമാറ്റിക്സ്, എജ്യുക്കേഷൻ , സോഷ്യോളജി, പൊളിറ്റിക്സ്, സൈക്കോളജി എന്നിവയിൽ എംഎ ബിരുദം നേടിയിട്ടുണ്ട്. പ്രമുഖ സംഗീതജ്ഞനും ചിത്രകാരനും കേന്ദ്ര ലളിതകലാ അക്കാദമി മുൻ അധ്യക്ഷനുമായ പത്മഭൂഷൺ എ രാമചന്ദ്രൻ സഹോദരനാണ്.

ഭാര്യ: കോമളം എസ് നായർ (റിട്ട.ഹെഡ്മിസ്ട്രസ്). മക്കൾ : ശിവശങ്കർ (റിട്ട. ഗണിതശാസ്ത്ര അസിസ്റ്റന്റ് പ്രൊഫസർ), രവിശങ്കർ ( റിട്ട.ലിംഗ്വസ്റ്റിക് പ്രൊഫസർ, കേന്ദ്രസർവ്വകലാശാല കാസർകോട് ), അച്യുത് ശങ്കർ ( മുൻ സിഡിറ്റ് ഡയറക്ടർ, കേരളസർവകലാശാല പ്രൊഫസർ), ഉദയശങ്കർ (പ്രൊഫ. അലബാമ സർവകലാശാല). മരുമക്കൾ: വിമല (റിട്ട.ബിഎസ്എൻഎൽ), ഹേമ (റിട്ട. അധ്യാപിക, ബാർട്ടൺഹിൽ എൻജിനീയറിങ് കോളജ്), മേരി നായർ (കമ്പ്യൂട്ടർ പ്രോഗ്രാമർ). സംസ്കാരം ഇന്നലെ ശാന്തികവാടത്തിൽ നടന്നു.

# വാഹന അപകടം: ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

പാറശാല: ബൈക്ക് അപകടത്തിൽ ഗുരുതരാമായി തലയ്ക്ക് പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. മുര്യങ്കര പെരുമ്പറവിള മേലെ പുത്തൻവീട്ടിൽ വിഷ്ണു(28) ആണ് മരിച്ചത്. കഴിഞ്ഞ ചൊവ്വാഴ്ച്ച രാത്രി 11 മണിക്ക് കൊടവിളാകത്ത് വച്ച് വിഷ്ണു സഞ്ചരിച്ചിരുന്ന ബൈക്ക് നിയന്ത്രണം വിട്ട് റോഡുവക്കിലെ ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ചാണ് അപകടമുണ്ടായത്.

തുടർന്ന് വിഷ്ണുവിനെ തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയിലിരിക്കെ കഴിഞ്ഞ ദിവസം മരിച്ചു. വിദേശത്ത് ജോലിചെയ്തിരുന്ന യുവാവ് കഴിഞ്ഞ ആഴ്ചയാണ് വിവാഹത്തിനായി അവധിയിൽ നാട്ടിൽ എത്തിയത്. മാതാപിതാക്കൾ: ലീല, മധുകുമാരൻ നായർ. സഹോദരൻ: മഹേഷ്.

# ജനകീയ നിക്ഷേപ സംഗമവും സമാശ്വാസ വിതരണവും നടത്തി കല്ലാർ സഹകരണ ബാങ്ക്

വെള്ളത്തൂവൽ: കല്ലാർ സഹകരണ ബാങ്കിൻറെ ആഭിമുഖ്യത്തിൽ ജനകീയ നിക്ഷേപ സംഗമവും അംഗങ്ങൾക്കുള്ള സമാശ്വാസ വിതരണവും നടന്നു. ആനച്ചാൽ സെൻറ് ജോർജ് പള്ളി ഹാളിൽ നടന്ന സംഗമം ദേവികുളം എംഎൽഎ എ. രാജ ഉദ്ഘാടനം ചെയ്തു. 4.88 കോടി സമാഹരിച്ച് നേട്ടം കൈവരിച്ച ബാങ്ക് സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന ഒൻപത് അംഗങ്ങൾക്ക് 25000 രൂപ രൂപ വീതംസമാശ്വാസമായി നൽകി. കേരള ബാങ്ക് ഡയറക്ടർ കെ. വി. ശശി സമാശ്വാസ വിതരണം നടത്തി.

ബാങ്ക് പ്രസിഡണ്ട് എം. എം. കുഞ്ഞുമോൻ അധ്യക്ഷതവഹിച്ചു. സംഗമത്തിൽ പള്ളിവാസൽ പഞ്ചായത്ത് പ്രസിഡൻറ് വി. ജി. പ്രതീഷ് കുമാർ, വെള്ളത്തൂവൽ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ. ആർ. ജയൻ, കെ ബി വരദരാജൻ, പി. ബി. സജീവ്, ശോഭന ഫ്രാൻസിസ്, എം. ലത, മനു തോമസ്, ഋഷിരാജ് എന്നിവർ പ്രസംഗിച്ചു.

RNI NO. 5184, Vol - 4, Issue -87, Printed, Published and owned by M.B Afsal, "Anveshi Publications, Printed at Kallathingal printers, Thiruvananthapuram. Published at Kollam, Thiruvananthapuram and Kozhikode. Editorial : Anveshi, Vazhuthacaud, Thiruvananthapuram, Kerala - 695014, Editor : M. B. Afsal, Kollam, Kerala "Phone : +914712317756, +914713552750, +918281552088, "email: anveshinews11@gmail.com, anveshionline@gmail.com "Website : www.anveshi.in, "www.anveshionline.com"(Editor, Responsible for selection of news under PRB Act.)